പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 57 ലക്കം 4
ജൂലൈ 2017



## പതിവായ് പരിസരവൃത്തി
## പനിയിൽ നിന്നു വിമുക്തി

## മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം

പ്രഖ്യാപനം ആഗസ്റ്റ് 15 ന്


'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത് രാജ്

ജൂലൈ 2017

## അകത്ത്








ഈ പകർച്ചപ്പനിക്കാലം അവസാനത്തേതാകട്ടെ
ഡോ. കെ.ടി. ജലീൽ 5

നമുക്കൊരുമിച്ച് പ്രവർത്തിക്കാം പനിയെ കീഴടക്കാം
കെ.കെ.ശൈലജ ടീച്ചർ 9

മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം
ഡോ.ടി.എൻ.സീമ 11

ഒരുക്കാം പനിമുക്ത കേരളം
ഡോ. ചിന്ത എസ്. 13

അകറ്റാം പകർച്ചവ്യാധികളെ ഏറ്റെടുക്കാം കർമ്മപദ്ധതി
ഡോ. അനുജ, ഡോ. വിപിൻ കെ. രവി 15

പൊരുതാം പനിക്കെതിരെ കരുതാം ആരോഗ്യജീവിതം
ഡോ. ടോണി ലോറൻസ്, ഡോ. മിനു മോഹൻ 17

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്
ഡോ. വിപിൻ കെ. രവി 21

കാലം മറക്കാത്ത ഉഗ്രനേട്ടം
പഞ്ചായത്ത് ന്യൂസ് സർവ്വീസ് 24

അതിജീവനവുമായി അർബുദത്തിനെതിരെ
രഞ്ജിത്ത് എം.കെ 26

സൗജന്യ മെഡിക്ലെയിം 28

കേരളം-കാലാവസ്ഥയും ഭൂപ്രകൃതിയും
വി.കെ.ഗംഗാധരൻ 29

ഗുരുവായൂർ സത്യാഗ്രഹം വീണ്ടും വായിക്കുമ്പോൾ
ടി.വി. അബ്ദുറഹിമാൻ കുട്ടി 32

തൊഴിലുറപ്പിന്റെ വിജയഗാഥ
അഡ്വ. പി. വിശ്വംഭരപണിക്കർ 37

പാലക്കാട് ഒരു പുഴ പുനർജനിക്കുന്നു
ബിജു ബി 39


### പംക്തികൾ


വാർത്തകൾ വിശേഷങ്ങൾ 23

ഭൂതക്കണ്ണാടി 34

രാഗം ജനപ്രിയം 41

എന്ന് വായനക്കാർ... 42

കണ്ണും കാതും 42

ജൂലൈ 2017
പുസ്തകം 57 ലക്കം 4
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

## എഡിറ്റോറിയൽ

ഉപദേശക സമിതി

ചെയർമാൻ
**ഡോ. കെ.ടി. ജലീൽ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ഡോ. കെ. അമ്പാടി ഐ.ഐ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
വി. രതീശൻ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
വി. രതീശൻ ഐ.എ.എസ്
Email: directorofpanchayat@gmail.com
Tel: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2015@gmail.com
ഫോൺ: 0471 2321280
മൊബൈൽ: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്രാജിന് ഉത്തരവാദിത്തമില്ല.

# നേട്ടങ്ങൾ ആവർത്തിക്കുക

ഏറെ ചാരിതാർത്ഥ്യത്തോടെയാണ് ഇത്തവണ നിങ്ങളോട് സംസാരിക്കുന്നത്. മുൻകാലങ്ങളിൽ അപ്രാപ്യമായിട്ടുള്ള കാര്യങ്ങൾ ഇപ്പോൾ സുഗമവും സുകരവുമായിരിക്കുന്നു. പ്രത്യേകിച്ചും എടുത്തുപറയാനുള്ളത് നമ്മുടെ പദ്ധതിപ്രവർത്തനങ്ങളാണ്.

പ്രാദേശികവികസനവും ശുചിത്വപാലനവും പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പ്രാഥമികചുമതലകളാണ്. അത് ഫലപ്രദമായി സാക്ഷാത്ക്കരിക്കുന്നതിനുള്ള മഹത്ശ്രമമാണ് ഈ കാലഘട്ടം നമ്മോടാവശ്യപ്പെടുന്നത്. വികസനത്തിന്റെ കാര്യമെടുക്കാം. 1200 തദ്ദേശസ്ഥാപനങ്ങളിൽ 1198 എണ്ണവും വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടിയെടുത്തു. നാളിതുവരെ അനുഭവമില്ലാത്ത അത്ഭുതയാഥാർത്ഥ്യമാണിത്. ആകെ 15,631.16 കോടി രൂപയുടെ 256045 പ്രോജക്ടുകളാണ് 2017-18 വാർഷികപദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുള്ളത്.

ഇനിയാണ് പദ്ധതിനിർവ്വഹണത്തിന്റെ നിർണ്ണായക നാളുകൾ. എങ്ങനെ ഗുണപരമായ സമ്പൂർണ്ണനിർവ്വഹണം നടത്താം എന്നതിന് സർക്കാർ നൽകുന്ന ശാസ്ത്രീയമായ ഉത്തരമാണ് നിർവ്വഹണത്തിനുള്ള വാർഷികപദ്ധതി കലണ്ടർ. അത് ഇതിനോടകം നിങ്ങളുടെ കൈകളിലെത്തിയിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മുതൽ ടെണ്ടർ നടപടിക്രമങ്ങൾ വരെ, ജൂലൈ 15 മുതൽ ആഗസ്റ്റ് 31-നകം പൂർത്തീകരിക്കേണ്ട പ്രവർത്തനങ്ങളാണതിൽ പ്രതിപാദിച്ചിട്ടുള്ളത്. ക്രമാനുഗതമായി, വീഴ്ചയ്ക്ക് ഇട നൽകാതെ ഇവ പ്രാവർത്തികമാക്കണം. ശ്രദ്ധയോടെയും അർപ്പണമനോഭാവത്തോടെയും കാര്യനിർവ്വഹണം നടത്തിയാൽ വിജയകരമായ അന്തിമഫലം നമുക്കുണ്ടാകും.

പനിയെക്കുറിച്ച് പറയാതിരിക്കാനാകില്ല. അത്രയ്ക്ക് നമ്മെ കീഴ്പ്പെടുത്താൻ ശ്രമിക്കുന്ന വിപത്തായി മാറിയിരിക്കുന്നു പനി. ആർദ്രം പദ്ധതി വഴി പനിബാധയെ ഇല്ലാതാക്കാൻ നമ്മൾ നടത്തുന്ന ശ്രമങ്ങൾ ഹരിതകേരളത്തിന്റെ മാലിന്യസംസ്കരണ പരിപാടികളിലൂടെ വിജയിക്കുന്നുണ്ട്. ജനങ്ങൾ ജാഗ്രതപ്പെട്ട് പ്രവർത്തിച്ചെങ്കിലേ പൂർണ്ണമായും പനിവിപത്തിനെ തുടച്ചുനീക്കാനാവൂ. പരസ്പരം പഴിചാരാതെ പരിസരം ശുചിയാക്കുന്നതിന് ഒരു മനസ്സോടെ പ്രവർത്തിക്കാം.

വികേന്ദ്രീകരിക്കപ്പെടുന്ന ആസൂത്രണവും അധികാരവും വിവിധ മിഷനുകളിലൂടെ ജനാവകാശലബ്ധിക്കായി പ്രയോഗിക്കപ്പെടുമ്പോൾ പ്രതിജ്ഞാബദ്ധരായ ഭരണസമിതികളും ജീവനക്കാരും ഏറ്റെടുക്കേണ്ടുന്ന കടമകളും വെല്ലുവിളികളും ചെറുതല്ല. ജനസേവകരാണ് എപ്പോഴും തങ്ങളെന്ന ഉത്തമബോധ്യത്തോടെ ജോലിയിലേർപ്പെടുകയാണെങ്കിൽ ആയാസരഹിതമായൊരു സേവനകാലയളവ് നിങ്ങൾക്കുണ്ടാകും. സർക്കാരും വകുപ്പും ഇക്കാര്യത്തിൽ എപ്പോഴും കൂടെയുണ്ടെന്ന് ഓർമ്മിപ്പിക്കട്ടെ.

**വി. രതീശൻ, ഐ.എ.എസ്**

*ഒരാളുടെ മനസ്സ് പവിത്രമാണെങ്കിൽ*
*അയാളുടെ ചുറ്റുപാടുകളും പവിത്രമായിരിക്കും*
**- ബുദ്ധൻ**

# ഈ പകർച്ചപ്പനിക്കാലം അവസാനത്തേതാകട്ടെ

## സാമൂഹ്യാരോഗ്യത്തിന്റെയും ശുചിത്വത്തിന്റെയും നാളുകളെ വരവേൽക്കുക

**ഡോ. കെ.ടി. ജലീൽ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി



വരൾച്ചയുടെ പിടിയിൽപെട്ട് കാലാവസ്ഥാവ്യതിയാനത്തെ പഴിക്കുന്ന മലയാളിക്ക് ആശ്വാസത്തിനൊപ്പം ആശങ്കയും സമ്മാനിച്ചുകൊണ്ടാണ് ഓരോ വർഷവും മഴക്കാലം എത്തുന്നത്. മഴക്കാലത്തിന്റെ ആരംഭം നമുക്ക് രോഗത്തിന്റെ കാലം കൂടിയായി മാറിയിരിക്കുന്നു. സാധാരണ ജലദോഷവും ചുമയും വൈറൽ പനിയും മുതൽ ചികുൻഗുനിയയും ഡെങ്കുവും വരെയുള്ള ചെറുതും വലുതുമായ രോഗങ്ങൾ മഴക്കാലങ്ങളിൽ ഭീതിപ്പെടുത്തും വിധം വ്യാപകമാകുന്നു. രാജ്യത്തെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായ കേരളത്തിൽ വേനൽ ഇത്ര കണ്ട് കടുത്തതാകുന്നതും വർഷം മഹാവ്യാധികളുടെ കാലമാകുന്നതും നമ്മെ ഇരുത്തിചിന്തിപ്പിക്കണം. വേനലിലെ കൊടും വരൾച്ച മഴക്കാലമാകുമ്പോൾ വെള്ളപ്പൊക്കത്തിനു വഴിമാറുന്നു. വസൂരി പോലുള്ള മഹാവ്യാധികൾ തുടച്ചു നീക്കിക്കൊണ്ടാണ് മുൻ കാലങ്ങളിൽ കാലവർഷം എത്തിയിരുന്നത്. എന്നാൽ, മൂന്നോ നാലോ തലമുറകൾക്കിപ്പുറം, തെക്കു പടിഞ്ഞാറൻ കാലവർഷത്തെ വരവേൽക്കാൻ നമുക്ക് അറിയാതായിരിക്കുന്നു. നമ്മുടെ മണ്ണിനെയും പ്രകൃതിയെയും കുറിച്ചുള്ള അറിവുകളും അതിനു ചേർന്ന ജീവിത ശൈലിയും നമുക്ക് നഷ്ടമായിരിക്കുന്നു. മുൻ കാലങ്ങളിൽ കണ്ടിരുന്നതിൽ നിന്നു വ്യത്യസ്തമായി, പരിസരശുചിത്വവും മാലിന്യനിർമാർജനവും അതീവഗൗരവമുള്ള വികസനപ്രശ്നങ്ങളായി മാറിയിരിക്കുന്നു.

മണ്ണിലേക്ക് ആണ്ടിറങ്ങി ഭൂഗർഭ ജലത്തോട് ചേരാനും ഒഴുകി ജലാശയങ്ങളിലെത്താനും അനുവദിക്കാതെ മഴവെള്ളത്തെ ശ്വാസംമുട്ടിക്കുന്ന ദീർഘവീക്ഷണമില്ലാത്ത നിർമാണ പ്രവൃത്തികളുടെ ഫലം നാം അനുഭവിക്കുകയാണ്. വയലുകൾ നികത്തപ്പെടുകയും വലിയൊരു പങ്ക് ഭൂമി തരിശാവുകയും ചെയ്തതോടെ മഴവെള്ളം പഴയപടി ഭൂമിയിലേക്ക് ഇറങ്ങാതായി. മണ്ണിലെ സ്വാഭാവികമായ നീരൊഴുക്കിന്റെ വഴികൾ അടഞ്ഞു. നെൽവയലുകളും തണ്ണീർതടങ്ങളും സംരക്ഷിക്കുന്നതിനുള്ള ജനകീയ ഉദ്യമങ്ങൾ കാൽ നൂറ്റാണ്ടു മുൻപു മുതൽക്കേ കേരളത്തിൽ സജീവമാണ്. നിക്ഷിപ്ത താൽപര്യക്കാരായ കയ്യേറ്റക്കാരും റിയൽ എസ്റ്റേറ്റ് ലോബികളും കുത്തക മാധ്യമങ്ങളുടെ സഹായത്തോടെ അത്തരം ജനകീയ ശ്രമങ്ങളെ തകിടം മറിക്കുകയായിരുന്നു. വരൾച്ചയ്ക്കും വെള്ളപ്പൊക്കത്തിനും മാറി മാറി ഇരയാവുകയെന്ന ദുര്യോഗത്തിലേക്കാണ് ലക്കും ലഗാനുമില്ലാത്ത ഈ പോക്ക് കേരളത്തെ നയിക്കുന്നത്.

മഴക്കാലത്ത് വെള്ളക്കെട്ടിന്റെ പ്രശ്നം അനുഭവപ്പെടാത്ത ഒരു പ്രദേശവും ഇന്ന് കേരളത്തിലില്ല. വർഷത്തിൽ രണ്ടോ മൂന്നോ വട്ടം തുറന്നു വിട്ടാലും പോളിത്തീൻ കവറുകളും പ്ലാസ്റ്റിക് കുപ്പികളും അടിഞ്ഞുകൂടി പിന്നെയും പിന്നെയും അടയുന്ന ഓടകളാണ് നമ്മുടെ നഗരങ്ങളിലുള്ള

**കൂടുതൽ മികച്ച ആസൂത്രണത്തോടെയും പഴുതടച്ച ഏകോപനത്തോടെയും രോഗ നിവാരണ - ശുചിത്വ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താൻ വരും വർഷങ്ങളിൽ നമുക്ക് കഴിയണം. റിപ്പോർട്ടു ചെയ്യുന്ന പകർച്ചപ്പനി കേസുകളുടെ എണ്ണം കുറഞ്ഞു തുടങ്ങിയിരിക്കുന്നു എന്നത് ആശ്വാസം തന്നെ. എന്നാൽ, അതുകൊണ്ടായില്ല. ഇതു പോലൊരു പനിക്കാലം ഇനിയുണ്ടാകരുത്. അതിനു വേണ്ടി നമുക്ക് കൂട്ടായി പ്രവർത്തിക്കാം.**



രോഗാണുക്കൾ പെരുകുകയും എളുപ്പത്തിൽ വ്യാപിക്കുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യം നമ്മുടെ തന്നെ സൃഷ്ടിയാണ്. നമ്മൾ മലിനപ്പെടുത്തുന്ന വായുവും ജലവും മണ്ണുമാണ് നമുക്ക് രോഗങ്ങൾ സമ്മാനിക്കുന്നത്. ജൈവമാലിന്യങ്ങൾ പ്ലാസ്റ്റിക് കവറുകളിലാക്കി പൊതുസ്ഥലങ്ങളിലും ഒഴിഞ്ഞ പറമ്പുകളിലും ഓടകളിലും വലിച്ചെറിയുന്ന ശീലം കൈവിടാൻ ഇപ്പോഴും നമ്മുടെ കൂട്ടത്തിലെ പലർക്കും മടിയാണ്.

ത്. കക്കൂസ് മാലിന്യം അടക്കമുള്ള അഴുക്കുകളാണ് ഈ ഓടകളിൽ കെട്ടിക്കിടക്കുന്നത്. അഴുക്കുചാലുകളും നീർച്ചോലകളും തിരിച്ചറിയാനാവാത്ത വിധം ഒന്നായിപ്പോയ കേരളത്തിൽ, വിശേഷിച്ച് നഗരങ്ങളിൽ, മഴക്കാലാരംഭത്തിൽ എന്തു സംഭവിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. കിണറുകൾ അടക്കമുള്ള കുടിവെള്ള സ്രോതസുകളാണ് ഈ വിധം മലിനപ്പെടുന്നത്. ജലജന്യരോഗങ്ങൾ പടർന്നു പിടിക്കാൻ ഇതിൽ കൂടുതൽ എന്തു വേണം!

രോഗാണുക്കൾ പെരുകുകയും എളുപ്പത്തിൽ വ്യാപിക്കുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യം നമ്മുടെ തന്നെ സൃഷ്ടിയാണ്. നമ്മൾ മലിനപ്പെടുത്തുന്ന വായുവും ജലവും മണ്ണുമാണ് നമുക്ക് രോഗങ്ങൾ സമ്മാനിക്കുന്നത്. ജൈവമാലിന്യങ്ങൾ പ്ലാസ്റ്റിക് കവറുകളിലാക്കി പൊതുസ്ഥലങ്ങളിലും ഒഴിഞ്ഞ പറമ്പുകളിലും ഓടകളിലും വലിച്ചെറിയുന്ന ശീലം കൈവിടാൻ ഇപ്പോഴും നമ്മുടെ കൂട്ടത്തിലെ പലർക്കും മടിയാണ്. അഴുക്കു കുഴികളായി മാറിയ വലുതും ചെറുതുമായ ജലാശയങ്ങളും തണ്ണീർത്തടങ്ങളും കൊതുകുകളുടെയും രോഗകാരികളായ സൂക്ഷ്മജീവികളുടെയും താവളങ്ങളാണ്. ഫലമോ, നമ്മൾ കുടിക്കുന്ന വെള്ളവും കഴിക്കുന്ന ഭക്ഷണവും ശ്വസിക്കുന്ന വായുവും കൂടുതൽ കൂടുതൽ മലിനമായിക്കൊണ്ടിരിക്കുന്നു.

വിഷമില്ലാത്ത ഭക്ഷണം ശരാശരി മലയാളിക്ക് കിട്ടാക്കനിയായെന്നു പറഞ്ഞാൽ അത് അതിശയോക്തിയാവില്ല. കൃഷിയിടത്തു വച്ചും അതിനു ശേഷവും യാതൊരു വിവേചനവും ഇല്ലാതെ മാരക കീടനാശിനികൾ പ്രയോഗിച്ച പച്ചക്കറികളാണ് നമ്മുടെ തീൻമേശകളിൽ എത്തുന്നത്. കാൻസർ അടക്കമുള്ള മാരക രോഗങ്ങൾക്ക് എളുപ്പത്തിൽ വിധേയമാകുന്ന വിധത്തിൽ ശരീരത്തിന്റെ രോഗപ്രതിരോധശേഷി ഇല്ലാതാക്കുന്നതിൽ ഈ വിഷഭക്ഷണത്തിനു പങ്കുണ്ട്. 'അകത്തും പുറത്തും ( ശരീരത്തിലും ചുറ്റുപാടിലും ) വിഷം ' നിറയുന്ന ഈ സ്ഥിതിവിശേഷമാണ് കേരളത്തിന്റെ സാമൂഹ്യ ആരോഗ്യ നേട്ടങ്ങൾക്ക് ഭീഷണിയായി തീർന്നിട്ടുള്ള ഏറ്റവും വലിയ വെല്ലുവിളി. ഭരണതലത്തിലുള്ള നടപടികൾ കൊണ്ടു മാത്രം ഈ അവസ്ഥ മറികടക്കാനാവുമെന്ന് ഒരാളും കരുതുകയില്ല. സുസ്ഥിര വികസനത്തിനു വേണ്ടി ജനങ്ങളെ അണിനിരത്തുകയാണ് കേരളത്തെ പരിസര ശുചിത്വത്തിലേക്കും ഹരിതസമൃദ്ധിയിലേക്കും തിരിച്ചു കൊണ്ടുപോകാനുള്ള ശരിയായ മാർഗം. ശുദ്ധജലവും ജീവനുള്ള മണ്ണും തിരിച്ചുപിടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന ഹരിത കേരള ദൗത്യം വികസന പ്രവർത്തനങ്ങൾക്ക് പുതിയൊരു ദിശാബോധം നൽകിയിട്ടുണ്ട്. കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങളും സന്നദ്ധ സംഘടനകളും ഈ ലക്ഷ്യത്തോടെ ഏറ്റെടുത്തു നടത്തുന്ന ക്യാംപെയിൻ പ്രവർത്തനങ്ങൾ പ്രതീക്ഷ നൽകുന്നു.

കടുത്ത വേനൽച്ചൂടിൽ നിന്ന് കോരിച്ചൊരിയുന്ന മഴയുടെ തണുപ്പിലേക്ക് കേരളത്തിന്റെ മണ്ണും അന്തരീക്ഷവും മാറുന്നത് ദിവസങ്ങൾ കൊണ്ടാണ്. രോഗകാരികളായ സൂക്ഷ്മജീവികളുടെ അതിവേഗത്തിലുള്ള പ്രജനനത്തിനും വ്യാപനത്തിനും ഇടയാക്കുന്നതാണ് ഈ മാറ്റം. രണ്ടു പതിറ്റാണ്ടായി കേരളത്തിന്റെ അനുഭവം ഇതാണ്. എന്നാൽ, സർക്കാർ പുതിയ ഉത്തരവുകൾ ഇറക്കുകയും അതിനപ്പുറം സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നതു വരെ മഴക്കാലപൂർവ്വ ശുചീകരണവും ബോധവൽക്കരണവും വേണ്ടെന്ന അലസ ചിന്തയാണ് ഇപ്പോൾ പോലും പല തദ്ദേശഭരണസ്ഥാപനങ്ങളും വച്ചുപുലർത്തുന്നത്. ഈ സ്ഥിതിക്ക് മാറ്റം വരുത്തിയേ തീരൂ.

സാമാന്യമായി പറഞ്ഞാൽ, രോഗാണുക്കളുടെ പ്രവർത്തനം കൊണ്ടാണല്ലോ ശരീരം രോഗാവസ്ഥയിലാവുന്നത്. പല വിധ മാധ്യമങ്ങളിലൂടെ ഈ അണുക്കൾ ശരീരത്തിലെത്തുമെന്ന് നമുക്ക് അറിയാം. എന്നാൽ, രോഗകാരിയായ സൂക്ഷ്മാണു ശരീരത്തിൽ കടന്നതു കൊണ്ടു മാത്രം ഒരാൾക്ക് രോഗം വരണമെന്നില്ല. രോഗ



കാരിയായ ബാക്ടീരിയയോ വൈറസോ ശരീരത്തിന്റെ പ്രതിരോധശേഷിയെ മറികടന്ന് ശരീര പ്രവർത്തനങ്ങളെ ബാധിച്ച് തുടങ്ങുമ്പോൾ മാത്രമാണ് ഒരാൾ രോഗിയാവുന്നത്. രോഗികളല്ലാത്തവരുടെ ശരീരത്തിലും രോഗാണുക്കളുടെ സാന്നിധ്യം ഉണ്ടാകും എന്നർത്ഥം. മലമൂത്രാദികളിലൂടെയും മറ്റ് ശരീരസ്രവങ്ങളിലൂടെയും ഇവ പുറത്തു വരുന്നു. രോഗാണു വാഹകരായ എലി മുതലായ ജീവികളുടെ വിസർജ്യങ്ങളിലൂടെയും അണുക്കൾ ജലത്തിൽ കലരാം. അനാരോഗ്യകരമായ പരിസരം രോഗകാരികളായ സൂക്ഷ്മജീവികളുടെ പ്രജനനത്തിനും വ്യാപനത്തിനും അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നു. മഴക്കാലത്ത് ശരീരത്തിന്റെ പ്രതിരോധശേഷി കുറയുന്നതു കൊണ്ട് കൂടുതൽ എളുപ്പത്തിൽ രോഗങ്ങൾ പിടിപെടുകയും ചെയ്യുന്നു.

ഇടവപ്പാതിയുടെ ആദ്യ മഴ പെയ്തതിനു ശേഷം, ഡെങ്കു അടക്കമുള്ള പകർച്ചപ്പനികളുടെ ഭീതി ഒഴിയാതെയാണ് മലയാളിയുടെ ഓരോ ദിവസവും കടന്നു പോകുന്നത്. ഓരോ മരണവാർത്തയും നമുക്ക് ഞെട്ടലും വേദനയും ഉണ്ടാക്കുന്നു. വർഷങ്ങളായി ആവർത്തിക്കുന്ന ഈ ദുസ്ഥിതി ഇതോടെയെങ്കിലും അവസാനിപ്പിക്കാനാവുമോ എന്ന ചോദ്യമാണ് നമ്മൾ പരസ്പരം ചോദിക്കേണ്ടത്. ശരിയായ ബോധവൽക്കരണത്തിലൂടെ ജനങ്ങളെ വിശ്വാസത്തിലെടുക്കാനും ജീവന്റെ വില മനസ്സിലാക്കി നിതാന്ത ജാഗ്രതയോടെ പ്രവർത്തിക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്കു കഴിയണം. മഴക്കാലപൂർവ്വ ശുചീകരണത്തിനും രോഗനിവാരണത്തിനും വേണ്ടി നടത്തിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രകടനം വിലയിരുത്താൻ ജനങ്ങൾ തയ്യാറാവണം.

ചെറിയ പ്ലാസ്റ്റിക് കുപ്പികളിലും കാരിബാഗുകളിലും ചിരട്ടകളിലും ഫ്രിഡ്ജിന്റെ ട്രേയിലും മറ്റും കെട്ടിനിന്ന് ദുഷിക്കുന്ന ജലത്തിലാണ് മിക്കപ്പോഴും രോഗകാരികളായ കൊതുകുകൾ മുട്ടയിട്ടു പെരുകുന്നത്. മുറ്റങ്ങളും മറ്റും കോൺക്രീറ്റ് ചെയ്തും ടൈലുകൾ പാകിയും മഴവെള്ളം മണ്ണിലേക്ക് ഇറങ്ങുന്നത് തടയുന്നത് മുറ്റത്തും പരിസരങ്ങളിലും വെള്ളക്കെട്ടുകൾ രൂപപ്പെടാൻ ഇടയാക്കുന്നു. കുറ്റൻ അഴുക്കു കുഴികളായി മാറിയ വലിയ കുളങ്ങളുടെയും അഴുക്കുചാലുകളിൽ നിന്ന് വേർതിരിച്ചറിയാൻ കഴിയാത്ത നീർത്തോടുകളുടെയും ചെറിയ ആറുകളുടെയും കാര്യം പറയുകയേ വേണ്ട. ജൈവമാലിന്യങ്ങൾ ഈ ജലാശയങ്ങളിലേക്ക് വലിച്ചെറിയപ്പെടുകയോ കാലവർഷാരംഭത്തിലെ ശക്തമായ മഴയിൽ ഇവിടങ്ങളിലേക്ക് ഒഴുകിയെത്തുകയോ ചെയ്യുന്നു. മാരക രോഗകാരികളായ അണുക്കൾ അടങ്ങിയ മനുഷ്യവിസർജ്യം പോലുള്ള മാലിന്യങ്ങൾ വെള്ളക്കെട്ടുകൾ വഴി പരക്കുകയും രോഗാണു വാഹകരായ സൂക്ഷ്മജീവികളുടെ ചെറുതാവളങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു.

രോഗം പരത്തുന്ന കീടങ്ങളിൽ ഏറ്റവും അപകടകാരികളായ കൊതുകുകൾക്ക് മറ്റു കീടങ്ങളെ അപേക്ഷിച്ച് അതിവേഗത്തിൽ മുട്ടയിട്ടു പെരുകാനുള്ള കഴിവുണ്ട്. അന്തരീക്ഷ ഊഷ്മാവിലെ വ്യതിയാനങ്ങളെ എളുപ്പത്തിൽ അതിജീവിക്കാനും കൊതുകു വർഗങ്ങൾക്കു കഴിയും. പാത്രങ്ങളിൽ ശേഖരിച്ച് വീടുകളിൽ സൂക്ഷിക്കുന്ന വെള്ളത്തിലും ചെറിയ പ്ലാസ്റ്റിക് കുപ്പികളിലും ചിരട്ടകളിലും മറ്റും കെട്ടി നിന്ന് ദുഷിക്കുന്ന വെള്ളത്തിലും മുട്ടയിട്ടു പെരുകുന്ന കൊതുക് ഇനങ്ങളാണ് ഡെങ്കു, ചികുൻഗുനിയ, ജപ്പാൻ ജ്വരം എന്നിങ്ങനെ കേരളം ഭീതിയോടെ കാണുന്ന പല വിധ പകർച്ചപ്പനികളും പരത്തുന്നത്.

തദ്ദേശഭരണസ്ഥാപനതലത്തിൽ ശരിയായ ആസൂത്രണവും ഏകോപനവുമുണ്ടെങ്കിൽ കൊതുകുനിവാരണം നടക്കാത്ത കാര്യമൊന്നുമ

ഇടവപ്പാതിയുടെ ആദ്യ മഴ പെയ്തതിനു ശേഷം, ഡെങ്കു അടക്കമുള്ള പകർച്ചപ്പനികളുടെ ഭീതി ഒഴിയാതെയാണ് മലയാളിയുടെ ഓരോ ദിവസവും കടന്നു പോകുന്നത്. ഓരോ മരണവാർത്തയും നമുക്ക് ഞെട്ടലും വേദനയും ഉണ്ടാക്കുന്നു. വർഷങ്ങളായി ആവർത്തിക്കുന്ന ഈ ദുഃസ്ഥിതി ഇതോടെയെങ്കിലും അവസാനിപ്പിക്കാനാവുമോ എന്ന ചോദ്യമാണ് നമ്മൾ പരസ്പരം ചോദിക്കേണ്ടത്.



ല്ല. എഴ് മുതൽ പത്തുവരെ ദിവസം കൊണ്ടാണല്ലോ കൊതുകിന്റെ മുട്ടകൾ വിരിയുന്നത്. വെള്ളം, അത് എത്ര ചെറിയ അളവിലാണെങ്കിലും, കെട്ടി നിന്നു ദുഷിക്കാതിരിക്കാനുള്ള ശ്രദ്ധയാണു വേണ്ടത്. കൊതുകു പെരുകാൻ ഇടയുള്ള ഉറവിടങ്ങൾ ആഴ്ചയിൽ ഒരിക്കൽ ഒരുമിച്ച് നശിപ്പിക്കണം. ഒരു പ്രദേശത്തെ എല്ലാ വീടുകളിലും ഒത്തൊരുമിച്ചുള്ള ശ്രമമുണ്ടായാലേ കാര്യമുള്ളൂ എന്നു മാത്രം. മതിയായ തയ്യാറെടുപ്പുകളോടെ ആഴ്ചയിൽ ഒരിക്കൽ ഡ്രൈഡേ ആചരിക്കുന്നത് കൊതുകുനിവാരണത്തിനുള്ള ഫലപ്രദമായ മാർഗമാണ്.

ആശാ വർക്കർമാരുടെയും മറ്റ് സാമൂഹ്യ ആരോഗ്യ പ്രവർത്തകരുടെയും സന്നദ്ധ പ്രവർത്തകരുടെയും നേതൃത്വത്തിൽ വളരെ വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് ഈ മഴക്കാലത്തിന്റെ തുടക്കത്തിൽ കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തിയത്. വർഷങ്ങൾ തോറും നടത്തിവരുന്ന സന്നദ്ധ - ബോധവൽക്കരണ പ്രവർത്തനങ്ങൾക്കു ശേഷം ഇപ്പോഴും, ആരോഗ്യ-ശുചിത്വ സാക്ഷരതയിൽ മലയാളി പിന്നിലാണെന്നു വാദിക്കാൻ യാതൊരു ന്യായവുമില്ല. നമ്മുടെ ശുചിത്വ സാക്ഷരതയിലല്ല, ശുചിത്വ സംസ്കാരത്തിലാണ് ഗുരുതരമായ പിശകുള്ളത്. രണ്ട് നേരം സോപ്പു തേച്ച് കുളിക്കുകയും രണ്ട് നേരം ബ്രഷ് കൊണ്ട് പല്ലു തേക്കുകയും ഇസ്തിരിയിട്ടു മിനുക്കിയ വസ്ത്രം ധരിച്ച് ഇത്ര വൃത്തിയായി നടക്കുകയും ചെയ്യുന്ന മറ്റൊരു ജനതയെ കണ്ടെത്താൻ പ്രയാസമാണ്. വ്യക്തി ശുചിത്വത്തിന്റെ കമ്പോളത്തിൽ മലയാളിയെപ്പോലെ ഉദാരനായ മറ്റൊരു ഉപഭോക്താവില്ല. സ്വന്തം ശരീരവും സ്വന്തം വീടും ഇത്രയധികം വൃത്തിയായി സൂക്ഷിക്കുന്ന ശരാശരി മലയാളി സ്വന്തം മാലിന്യം അന്യന്റെ പുരയിടത്തിലും പൊതു സ്ഥലങ്ങളിലും തള്ളുന്നത് വൈപരീത്യമാണ്. താൻ ശ്വസിക്കുന്ന വായുവിന്റെയോ കുടിക്കുന്ന വെള്ളത്തിന്റെയോ യജമാനനല്ല താനെന്ന് ഓരോരുത്തരും ഓർമിക്കണം. സാമൂഹ്യ ശുചിത്വമില്ലാതെ എങ്ങനെയാണ് വ്യക്തിശുചിത്വം പൂർണമാവുക!

ഒരിടത്തെ മാലിന്യം വാരി മറ്റൊരിടത്തു കൊണ്ടുപോയി കൂട്ടിയിടുന്നതല്ല മാലിന്യസംസ്കരണം ജൈവമാലിന്യമായാലും അജൈവ - ഖരമാലിന്യമായാലും അത് ശാസ്ത്രീയമായി സംസ്കരിക്കണം. അതിന് ആവശ്യമായ വിഭവവും വൈദഗ്ധ്യവും കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്. ഇത്തരം പ്രോജക്ടുകൾ ചെയ്തു പരിചയമുള്ള നിർവ്വഹണോദ്യോഗസ്ഥന്മാർ ഓരോ തദ്ദേശഭരണസ്ഥാപനത്തിലുമുണ്ട്. വ്യക്തവും കൃത്യവുമായ മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവായി നൽകിയിട്ടുമുണ്ട്. അവസരത്തിനൊത്ത് ഉയർന്നു പ്രവർത്തിക്കുന്നതിൽ പരാജയപ്പെടുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ ജനങ്ങളോട് സമാധാനം പറയേണ്ടിവരുന്ന അവസ്ഥയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്.

ഒരു കാര്യം കൂടി സൂചിപ്പിച്ചു കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. ഡെങ്കു അടക്കമുള്ള പകർച്ചപ്പനികൾ തുടക്കത്തിൽ കണ്ടെത്താതിരുന്ന കേസുകളാണ് മരണം സംഭവിച്ചതിൽ അധികവും. രോഗലക്ഷണങ്ങൾ കണ്ടാൽ യഥാസമയം ചികിത്സ തേടുകയും ആവശ്യമായ പരിശോധനകൾക്കു വിധേയരാവുകയും ചെയ്യണം. സ്വയം ചികിത്സ അപകടത്തിലേക്കു നയിച്ചേക്കാം. രോഗ പ്രതിരോധശേഷിയും ദഹനശേഷിയും വർധിപ്പിക്കാൻ സഹായിക്കുന്ന തരത്തിലുള്ള ആഹാരപദാർത്ഥങ്ങൾ കൂടുതലായി ദൈനം ദിന ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തുകയെന്നതും പ്രധാനമാണ്.

ഹോമിയോ ആശുപത്രികൾ അടക്കമുള്ള സർക്കാർ ആതുരാലയങ്ങൾ ഫീൽഡുതല ആരോഗ്യപ്രവർത്തകരുടെ സഹായത്തോടെ വ്യാപകമായ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുകയുണ്ടായി. കൂടുതൽ മികച്ച ആസൂത്രണത്തോടെയും പഴുതടച്ച ഏകോപനത്തോടെയും രോഗ നിവാരണ - ശുചിത്വ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താൻ വരും വർഷങ്ങളിൽ നമുക്ക് കഴിയണം. റിപ്പോർട്ടു ചെയ്യുന്ന പകർച്ചപ്പനി കേസുകളുടെ എണ്ണം കുറഞ്ഞു തുടങ്ങിയിരിക്കുന്നു എന്നത് ആശ്വാസം തന്നെ. എന്നാൽ, അതുകൊണ്ടായില്ല. ഇതു പോലൊരു പനിക്കാലം ഇനിയുണ്ടാകരുത്. അതിനു വേണ്ടി നമുക്ക് കൂട്ടായി പ്രവർത്തിക്കാം.

തദ്ദേശഭരണസ്ഥാപന തലത്തിൽ ശരിയായ ആസൂത്രണവും ഏകോപനവുമുണ്ടെങ്കിൽ കൊതുകു നിവാരണം നടക്കാത്ത കാര്യമൊന്നുമല്ല. എഴ് മുതൽ പത്തുവരെ ദിവസം കൊണ്ടാണല്ലോ കൊതുകിന്റെ മുട്ടകൾ വിരിയുന്നത്. വെള്ളം, അത് എത്ര ചെറിയ അളവിലാണെങ്കിലും, കെട്ടി നിന്നു ദുഷിക്കാതിരിക്കാനുള്ള ശ്രദ്ധയാണു വേണ്ടത്. കൊതുകു പെരുകാൻ ഇടയുള്ള ഉറവിടങ്ങൾ ആഴ്ചയിൽ ഒരിക്കൽ ഒരുമിച്ച് നശിപ്പിക്കണം. ഒരു പ്രദേശത്തെ എല്ലാ വീടുകളിലും ഒത്തൊരുമിച്ചുള്ള ശ്രമമുണ്ടായാലേ കാര്യമുള്ളൂ എന്നു മാത്രം.

# നമുക്കൊരുമിച്ച് പ്രവർത്തിക്കാം പനിയെ കീഴടക്കാം

**കെ.കെ.ശൈലജ ടീച്ചർ**

ആരോഗ്യവകുപ്പ് മന്ത്രി



മാറിവരുന്ന കാലാവസ്ഥാ വ്യതിയാനവും ഇടവിട്ടുള്ള മഴയും വെയിലും ജലദൗർലഭ്യവും മാലിന്യസംസ്കരണത്തിലെ ജനപങ്കാളിത്തത്തിന്റെ അപര്യാപ്തതയും കാരണം വർദ്ധിച്ച പകർച്ചപ്പനിക്കെതിരെ വളരെ വിപുലമായ ചികിത്സാ പ്രവർത്തനങ്ങളും മുന്നൊരുക്ക സംവിധാനങ്ങളുമാണ് സർക്കാർ ഒരുക്കിയിരിക്കുന്നത്. ജനങ്ങളിൽ അനാവശ്യമായ ഭീതി ജനിപ്പിക്കാതെ അവർക്ക് പരമാവധി ചികിത്സ ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ആ ഉദ്യമത്തിൽ പതറാതെ തന്നെയാണ് ആരോഗ്യവകുപ്പ് മുന്നോട്ടുപോകുന്നത്. പനിമൂലം ഒരു മരണം പോലും സംഭവിക്കരുത് എന്ന ലക്ഷ്യത്തിലേക്കാണ് നാം എത്തിച്ചേരേണ്ടത്. വകുപ്പിന്റെ ശക്തമായ ഇടപെടലിലൂടെ പകർച്ചപ്പനി നിയന്ത്രിക്കുന്നതിനും തൻമൂലം സംഭവിച്ച മരണങ്ങൾ പരമാവധി കുറയ്ക്കുന്നതിനും സർക്കാരിന് കഴിഞ്ഞു.

സംസ്ഥാനത്ത് മഴ വ്യാപിച്ചതോടെ ജില്ലാ തലത്തിൽതന്നെ പകർച്ചവ്യാധി നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തി. ജില്ലകളിൽ നിന്നും ദിനംപ്രതി പ്രവർത്തനവിവരങ്ങൾ ശേഖരിച്ച് നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരികയാണ്. പകർച്ചവ്യാധി നിയന്ത്രണത്തിനായി സംസ്ഥാന വ്യാപകമായി ഹെൽത്ത് കേരള ക്യാമ്പയിൻ സംഘടിപ്പിച്ചു. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ 7305 ടീമുകളായി തിരിഞ്ഞ് വിവിധ സ്ഥാപനങ്ങൾ, വീടുകൾ, തോട്ടങ്ങൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ എന്നിവ സന്ദർശിക്കുകയും ഗുരുതരമായ വീഴ്ചകൾ കണ്ടെത്തുകയും അത് പരിഹരിക്കുകയും ചെയ്തുകഴിഞ്ഞു.

യഥാസമയം ഡോക്ടർമാരുടെ ഒഴിവ് നികത്തുന്നതിന്റെ ഭാഗമായി ആവശ്യമായ സ്ഥലങ്ങളിലെല്ലാം താത്ക്കാലിക ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുവാൻ സമയബന്ധിതമായി സർക്കാരിന് കഴിഞ്ഞു. സംസ്ഥാന, ജില്ല, താലൂക്ക്, സാമൂഹ്യ, പ്രാഥമികാരോഗ്യ തലങ്ങളിൽ പകർച്ചവ്യാധി കൺട്രോൾ റൂമുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചു. എല്ലാ ആശുപത്രികളിലും പ്രത്യേകം പനി ക്ലിനിക്കുകൾ, പ്രത്യേക വാർഡുകൾ എന്നിവ കൂടാതെ പകർച്ചപ്പനി പ്രതിരോധത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും തുറക്കുവാനും സർക്കാരിന് ചുരുങ്ങിയ സമയത്തിനകം സാധിച്ചു.

സംസ്ഥാനത്ത് എല്ലാവർഷവും പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. എന്നിരുന്നാൽ തന്നെയും പരിപൂർണ്ണമായും പകർച്ചവ്യാധികളെ പ്രതിരോധിക്കുവാൻ നമുക്ക് സാധിക്കുന്നില്ല എന്നതും ഒരു വസ്തുത തന്നെയാണ്. പക്ഷെ ഇതിൽ നാം തിരിച്ചറിയേണ്ട കാര്യം പൊതുജന പങ്കാളിത്തത്തിനു മാത്രമേ ഒരു ശാശ്വതപരിഹാരത്തിന് പിന്തുണ നൽകുവാൻ കഴിയൂ എന്നതാണ്. കേരളത്തിന്റെ പൊതുസമൂഹം ഒറ്റക്കെട്ടായി ഒരു

**കേരളം ഒറ്റക്കെട്ടായി ഒരു സുപ്രധാനമായ തീരുമാനം കൈക്കൊണ്ടാൽ നമുക്ക് എന്നെന്നേക്കുമായി പകർച്ചവ്യാധികളെ ഉൻമൂലനം ചെയ്യുവാൻ സാധിക്കും. ഓരോ കുടുംബങ്ങളിലേയും ശുചീകരണ പ്രവർത്തനങ്ങളും മാലിന്യനിർമ്മാർജ്ജനവും ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുകയാണ് ഇതിനുവേണ്ടത്.**



*തിരുവനന്തപുരത്ത് തൈക്കാട് സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രിയിൽ നടന്ന ശുചീകരണപ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് മന്ത്രി കെ. കെ. ശൈലജ ടീച്ചർ ഉത്ഘാടനം ചെയ്യുന്നു. മന്ത്രി കടകംപള്ളി സുരേന്ദ്രൻ, മേയർ വി.കെ. പ്രശാന്ത് തുടങ്ങിയവർ സമീപം.*

സുപ്രധാനമായ തീരുമാനം കൈക്കൊണ്ടാൽ നമുക്ക് എന്നെന്നേക്കുമായി പകർച്ചവ്യാധികളെ ഉൻമൂലനം ചെയ്യുവാൻ സാധിക്കും. ഓരോ കുടുംബങ്ങളിലേയും ശുചീകരണ പ്രവർത്തനങ്ങളും മാലിന്യനിർമ്മാർജ്ജനവും ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുകയാണ് ഇതിനു വേണ്ടത്.

പകർച്ചപ്പനിയെകുറിച്ച് ജനങ്ങളിൽ കൃത്യമായ ബോധവത്ക്കരണം നടത്തുന്നതിനും ചികിത്സയുമായി ബന്ധപ്പെട്ട് പരാതിയും മറ്റും അറിയിക്കുന്നതിനും പകർച്ചപ്പനി നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി എല്ലാ ജില്ലകളിലും മോണിറ്ററിംഗ് സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിലും ജില്ലകളിലുമുള്ള മോണിറ്ററിംഗ് സെല്ലുകളെ ഏകോപിപ്പിക്കുന്നതിന് ആരോഗ്യവകുപ്പ് മന്ത്രിയുടെ ഓഫീസിൽ ഒരു പ്രത്യേക സെല്ലും പ്രവർത്തിക്കുന്നുണ്ട്. പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ, ആശുപത്രിയിലെ മരുന്ന് ലഭ്യത, രോഗീപരിചരണം, ആശുപത്രികളിലെ ശുചിത്വനിലവാരം തുടങ്ങി ജനങ്ങൾക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളോ പരാതിയോ ജനങ്ങൾക്ക് ഈ മോണിറ്ററിംഗ് സെല്ലിലൂടെ അറിയിക്കുവാൻ സാധിക്കും. അതത് വിഷയങ്ങൾ അപ്പപ്പോൾ തന്നെ ഡി.എം.ഒ , ഡി.പി.എം, മെഡിക്കൽ ഓഫീസർമാർ എന്നിവരെ അറിയിച്ച് പരിഹരിച്ചുവരികയാണ്. ആയുർവേദ ചികിത്സാ രംഗത്ത് പനി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുന്നതിനുള്ള എല്ലാ സംവിധാനവും ഒരുക്കിയിട്ടുണ്ട്.

പലപ്പോഴും പനിയെക്കുറിച്ച് തെറ്റായ കാഴ്ചപ്പാടുകൾ മൂലമാണ് ഒരു പക്ഷേ മരണങ്ങൾ പോലും സംഭവിക്കുന്നത്. ഇപ്പോൾ സംസ്ഥാനത്ത് വിവിധതരം പനികൾ പടർന്നുപിടിച്ചിരിക്കുന്നു. അത് തരണം ചെയ്യുവാനായി ആരോഗ്യവകുപ്പ് കൃത്യമായ നിർദ്ദേശങ്ങൾ മാധ്യമങ്ങളിൽക്കൂടിയും ചെറുലേഖനങ്ങളിലൂടെയും നോട്ടീസുകളിലൂടെയും സമൂഹത്തിന്റെ നാനാതുറകളിലും എത്തിച്ചിട്ടുണ്ട്. നാം എന്തിനാണ് പനിയെ ഭയക്കുന്നത്. പനി ഒരു രോഗമല്ല. രോഗലക്ഷണമാണ്. അതുകൊണ്ടുതന്നെ ആരോഗ്യവകുപ്പ് അനുശാസിക്കുന്ന കാര്യങ്ങൾ കൃത്യതയോടെ പാലിച്ചാൽ ഏതുപനിയേയും നമുക്ക് ഭേദമാക്കുവാനും പൂർണ്ണ ആരോഗ്യം വീണ്ടെടുക്കുവാനും സാധിക്കും. പക്ഷേ തിരക്കുപിടിച്ച ജീവിതത്തിൽ ഇത്തരം ചെറിയ കാര്യങ്ങൾ നാം വിസ്മരിച്ചുപോകാറുണ്ട്. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ നടക്കുന്ന ഈ ശുചീകരണ പ്രവർത്തനങ്ങളിൽ ഓരോ വ്യക്തിയും പങ്കാളികളാകേണ്ടതുണ്ട്. അതിനായി നമുക്കൊരുമിച്ച് മുന്നിട്ടിറങ്ങാം, പകർച്ചവ്യാധി വിമുക്തവും മാലിന്യ വിമുക്തവുമായ ഒരു കേരളത്തിനുവേണ്ടി.

**ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ നടക്കുന്ന ശുചീകരണ പ്രവർത്തനങ്ങളിൽ ഓരോ വ്യക്തിയും പങ്കാളികളാകേണ്ടതുണ്ട്. അതിനായി നമുക്കൊരുമിച്ച് മുന്നിട്ടിറങ്ങാം, പകർച്ചവ്യാധി വിമുക്തവും മാലിന്യ വിമുക്തവുമായ ഒരു കേരളത്തിനുവേണ്ടി.**

# മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം

ജനപങ്കാളിത്തത്തോടെ സമഗ്രശുചിത്വ പദ്ധതി
പ്രഖ്യാപനം ആഗസ്റ്റ് 15 ന്

**ഡോ.ടി.എൻ.സീമ**

കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമാക്കുകയെന്ന ലക്ഷ്യം കൈവരിക്കാനായി സംസ്ഥാന ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സമഗ്ര ശുചിത്വ പദ്ധതിക്ക് രൂപമായി. തദ്ദേശസ്ഥാപനങ്ങൾ വഴി ജനപങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. മാലിന്യ നിർമ്മാർജ്ജനത്തിനും ഉറവിടത്തിൽ തന്നെ മാലിന്യസംസ്കരണം സാധ്യമാക്കുന്നതിനും സമഗ്രവും ശാസ്ത്രീയവുമായ പദ്ധതികളാണ് നടപ്പാക്കുന്നത്. ഇതിനായി കമ്യൂണിറ്റിതല മാലിന്യസംസ്കരണ പദ്ധതികൾക്കും രൂപം നൽകും.

തദ്ദേശസ്വയംഭരണസ്ഥാപന പരിധിയിൽ വ്യക്തി, കുടുംബം എന്നിവയ്ക്കു പുറമെ വീടുകൾ, ഗേറ്റഡ് കോളനികൾ, ഫ്ലാറ്റ് സമുച്ചയങ്ങൾ, കമ്പോളങ്ങൾ, വ്യവസായ ശാലകൾ എന്നിവിടങ്ങളിലെ മാലിന്യം കേരള മുനിസിപ്പാലിറ്റി ആക്ട് 1994 ലെ 334 (എ) വകുപ്പിലെ നിബന്ധനപ്രകാരം അതുൽപ്പാദിപ്പിക്കുന്നവരുടെ ഉത്തരവാദിത്വത്തിൽ തന്നെ സംസ്കരിക്കുക എന്നതാണ് സമീപനം. എങ്കിലും വീടുകളിലെ സ്ഥലപരിമിതിയും മാലിന്യത്തിന്റെ അളവും സ്വഭാവവും കണക്കിലെടുത്ത് ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കമ്യൂണിറ്റിതല മാലിന്യസംസ്കരണ പദ്ധതികളിലൂടെ മാലിന്യ സംസ്കരണം സാധ്യമാക്കും.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യരഹിതമാവുക; അതിലൂടെ സംസ്ഥാനം മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം നേടുക എന്നതാണ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി ആഗസ്റ്റ് 15 ന് സംസ്ഥാനതലത്തിൽ ''മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം'' എന്ന പ്രഖ്യാപനം നടത്തും. ജില്ലാ തലങ്ങളിൽ ഇതോടനുബന്ധിച്ച് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കും.

മാലിന്യ മുക്തകേരളം എന്ന ലക്ഷ്യ സാക്ഷാത്കാരത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബഹുജന പ്രസ്ഥാനങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ടതുണ്ട്. ഇതിനായി സൂക്ഷ്മതലം മുതൽ ബഹുജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള സംഘടനാ സംവിധാനവും ഒപ്പം മാലിന്യസംസ്കരണത്തിനുള്ള വിവിധ സാങ്കേതികവിദ്യകളും പ്രയോജനപ്പെടുത്തും. കുടുംബശ്രീ ഉൾപ്പെടെ സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനങ്ങളുടെയും സർക്കാരിതര സംഘടനകളുടെയും സേവനം തേടും.

ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിനുകൾ കാര്യക്ഷമമായി സംഘടിപ്പിക്കുന്നതിനാവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തും. ഗൃഹതല വിവരശേഖരണവും ബോധവൽക്കരണവുമാണ് ഇതിൽ പ്രധാനം. ഓരോ വീട്ടിലും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ഏതു വിധേനയാണ് സംസ്കരിക്കുന്നതെന്ന് മനസിലാക്കുന്നതിനും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് എന്ത് സംവിധാനമാണ് ഓരോ വീടിനുംഅനുയോജ്യമെന്ന് കണ്ടെത്തുന്നതിനും വീട്ടുകാർക്ക് ഇക്കാര്യത്തിൽ വേണ്ട ഉപദേശങ്ങൾ നൽകുന്നതിനും വേണ്ടിയാണ് ഗൃഹതലസന്ദർശനം നടത്തുന്നത്. ഇത് കേവലം ഒരു കണക്കെടുപ്പായിരിക്കില്ല. മറിച്ച് വിവരശേഖരണത്തോടൊപ്പം മാലിന്യസംസ്കരണത്തിന്റെ ആവശ്യകതയും പ്രാധാന്യവും വീട്ടുകാരെ ധരിപ്പിക്കുവാൻ കൂടിയുള്ളതാണ്. ജൈവമാലിന്യസംസ്കരണത്തിന് എന്തുതരം സംവിധാനമാണ് ഓരോ വീടിനും ഉചിതമെന്നും അജൈവമാലിന്യം കഴുകി വൃത്തിയാക്കി തരംതിരിച്ച് സൂക്ഷിക്കണമെന്നും അവ തദ്ദേശസ്വയംഭരണ സ്ഥാപനം നിശ്ചയിക്കുന്ന രീതിയിലോ പാഴ്‌വസ്തു വ്യാപാരികൾക്കോ കൈമാറണമെന്നും പറഞ്ഞുകൊടുക്കും. ജൈവമാലിന്യസംസ്കരണ ഉപാധികളു

ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യരഹിതമാവുക; അതിലൂടെ സംസ്ഥാനം മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം നേടുക എന്നതാണ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി ആഗസ്റ്റ് 15ന് സംസ്ഥാനതലത്തിൽ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന പ്രഖ്യാപനം നടത്തും.

*ഹരിതകേരളംമിഷൻ - മാലിന്യത്തിൽനിന്ന് സ്വാതന്ത്ര്യം - റിസോഴ്സ് പേഴ്സൺമാരുടെ ശില്പശാല മിഷൻ ഉപാധ്യക്ഷ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്യുന്നു.*




**ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ചേരുന്ന ഗുണഭോക്തൃ ഗ്രാമസഭകളിൽ ശുചിത്വ മാലിന്യ സംസ്കരണ യജ്ഞത്തെ സംബന്ധിച്ച് പ്രത്യേക അജണ്ടയായി ഒരു മണിക്കൂർ ചർച്ച നടത്താൻ നിർദ്ദേശിക്കും.**

ടെ വിവരണം, പ്രവർത്തനരീതി, സർവീസ് പ്രൊവൈഡർമാരുടെ വിവരം എന്നീ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുള്ള ലഘുലേഖയും സംസ്ഥാന ഹരിതകേരളം മിഷൻ ലഭ്യമാക്കും.

ഫ്ലാറ്റുകൾ, ഗേറ്റഡ് കോളനികൾ എന്നിവിടങ്ങളിൽ ശുചിത്വ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ റസിഡൻസ് അസോസിയേഷനുകൾ വഴി ശേഖരിക്കും. ഇതിലേക്കായി റസിഡൻസ് അസോസിയേഷൻ ഭാരവാഹികളെ പങ്കെടുപ്പിച്ച് പ്രത്യേക യോഗം വിളിച്ചുചേർക്കും. പ്രത്യേകം ടീമുകൾ കോളനികളും ഫ്ലാറ്റ് സമുച്ചയങ്ങളും സന്ദർശിച്ച് അവബോധ പ്രവർത്തനങ്ങൾ നടത്തും.

ശുചിത്വ-മാലിന്യസംസ്കരണ യജ്ഞം സൂക്ഷ്മതലത്തിൽ നടപ്പിലാക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കുമായിരിക്കും. ബ്ലോക്കുതലത്തിലെ ഏകോപനം ബ്ലോക്കുമിഷൻ ഉറപ്പാക്കും. ഉത്തരവാദിത്തങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനതല മിഷനുകൾ യോഗം ചേർന്ന് ആസൂത്രണം നടത്തും.

ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ചേരുന്ന ഗുണഭോക്തൃ ഗ്രാമസഭകളിൽ ശുചിത്വ മാലിന്യ സംസ്കരണ യജ്ഞത്തെ സംബന്ധിച്ച് പ്രത്യേക അജണ്ടയായി ഒരു മണിക്കൂർ ചർച്ച നടത്താൻ നിർദ്ദേശിക്കും.

പദ്ധതിയുടെ കുറ്റമറ്റ നിർവ്വഹണത്തിന് തെരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാർക്കും അനുബന്ധ പ്രവർത്തകർക്കും ഹരിതകേരളം, ശുചിത്വ മിഷനുകളുടെ സഹായത്തോടെ കില സമഗ്രപരിശീലനം നൽകും. പരിശീലനത്തിനാവശ്യമായ മോഡ്യൂളുകൾ, പ്രവർത്തനങ്ങൾക്കുവേണ്ട സാങ്കേതിക പിന്തുണ, ഏകോപനം എന്നിവ ഹരിതകേരളം- ശുചിത്വമിഷനുകൾ നടത്തും.

ആഗസ്റ്റ് 15 നു നടക്കുന്ന ''മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം'' പ്രഖ്യാപനത്തിനു ശേഷം അതേ ദിവസംതന്നെ എം.പിമാർ, എം. എൽ. എമാർ, മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ ഗൃഹസന്ദർശനം നടത്തി ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ലഘുലേഖ വിതരണം ചെയ്യുകയും ചെയ്യും.

ആഗസ്റ്റ് 15 ന് ശേഷമാണ് രണ്ടാം ഘട്ട പ്രവർത്തനങ്ങൾ തുടങ്ങുക. വിവരശേഖരണ പ്രവർത്തനത്തിന്റെ ഭാഗമായി ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും അവരുടെ ഭൂപ്രദേശം മാലിന്യമുക്തമാക്കുന്നതിനുള്ള സമഗ്ര ശുചിത്വ പദ്ധതി തയ്യാറാക്കുകയും അത് മുൻഗണനകളും കാലഗണനയും നിശ്ചയിച്ച് സമഗ്ര ശുചിത്വ പദ്ധതിയാക്കി മാറ്റുകയും ചെയ്യും. നവംബർ 1 ന് ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികളുടെ പ്രവർത്തനോദ്ഘാടനം സംഘടിപ്പിക്കും. തുടർപ്രവർത്തനങ്ങളുടെ ഭാഗമായി 2018 ജനുവരി ഒന്നിന് മുമ്പ് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സമഗ്ര ശുചിത്വ പദ്ധതി വ്യാപിപ്പിക്കും. പദ്ധതികളിൽ 50% പൂർത്തികരണം ജനുവരി 31 ന് മുമ്പ് സാധ്യമാക്കും. മാത്രമല്ല ശുചിത്വ മേഖലയിലെ വൻകിട പദ്ധതികളും ജനുവരിയിൽ തന്നെ ആവിഷ്കരിക്കും. 2018 മാർച്ച് മൂന്നാം വാരത്തിന് മുമ്പ് ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികൾ പൂർത്തീകരിക്കുവാനാണ് കർമ്മപരിപാടികൾ തയ്യാറാക്കിയിട്ടുള്ളത്.

*ലേഖിക ഹരിത കേരളം മിഷൻ ഉപാധ്യക്ഷയാണ്*

# ഒരുക്കാം പനിമുക്ത കേരളം

**ഡോ. ചിന്ത എസ്.**

ആരോഗ്യവകുപ്പിന്റെ (IDSP) കണക്കുകൾ പ്രകാരം ഈ വർഷത്തെ പനിമരണങ്ങളുടെ എണ്ണം ജൂൺ മാസം അവസാനം 150 കടന്നിരിക്കുന്നു. കഴിഞ്ഞ രണ്ടുമാസങ്ങളായി ആളുകൾ പനി ബാധിച്ച് നിത്യേനെ ചികിത്സ തേടുന്നു. ഇതിനകം പതിനായിരത്തോളം ആളുകളിൽ ഡെങ്കി പനിയും രണ്ടായിരത്തോളം എലിപ്പനികളും ആയിരത്തിനടുത്ത് H1N1 ഇൻഫ്ലുവെൻസയും സ്ഥിതീകരിച്ചിരിക്കുന്നു. രോഗം സ്ഥിതീകരിക്കാത്തതും അല്ലെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെടാത്തതുമായ രോഗികളുടെ എണ്ണം സ്വാഭാവികമായി ഇതിലേറെയായിരിക്കും.

മഴക്കാലത്തെ പകർച്ചവ്യാധികൾ നമുക്ക് ഇന്നു വാർത്തയല്ല. രണ്ടു പതിറ്റാണ്ടിനു മുൻപ് വരെ ഇവിടെ കേട്ടുകേൾവി പോലുമില്ലാതെയിരുന്ന ഒന്നാണ് ഡെങ്കി പനി. ഈ വർഷം രാജ്യത്തൊട്ടാകെ റിപ്പോർട്ട് ചെയ്യപ്പെട്ട ഡെങ്കി രോഗബാധിതരിൽ പകുതിയിലധികവും കേരളത്തിൽ നിന്നുള്ളവരാണ്. രോഗാതുരതയ്ക്കുപ്പുറം ഈ രോഗം മൂലം ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത ഈ ദിവസങ്ങളിൽ നമ്മൾ കണ്ടും അനുഭവിച്ചും കൊണ്ടിരിക്കയാണ്. ലോകത്തിന്റെ ഉഷ്ണമേഖലാ പ്രദേശങ്ങളിൽ പരക്കെ കണ്ടുവരുന്ന ഈ രോഗം കാലാവസ്ഥാവ്യതിയാനം, നഗരവൽക്കരണം, പരിസ്ഥിതി മലിനീകരണം തുടങ്ങിയ ഘടകങ്ങളുടെ സ്വാധീനത്താൽ നൂറിലധികം രാജ്യങ്ങളിൽ ഇന്നു സ്ഥിരസാന്നിധ്യമാണ്. ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം പ്രതിവർഷം നാനൂറു ദശലക്ഷം ജനങ്ങൾ ഡെങ്കി രോഗബാധിതരാകുന്നു.

പനിമരണങ്ങൾ 99%ത്തിലധികവും നമുക്ക ഒഴിവാക്കാമെന്നിരിക്കെ എല്ലാ വർഷവും എലിപ്പനി മരണങ്ങൾ കേരളത്തിൽ സംഭവിക്കുന്നു. പലപ്പോഴും ഇത്തരം മരണങ്ങൾ കുടുംബത്തിന്റെ അത്താണികളായ മധ്യവയസ്കരിൽ സംഭവിക്കുകയും തന്മൂലം നഷ്ടത്തിന്റെ കാഠിന്യം കൂടുകയും ചെയ്യുന്നു. മാത്രവുമല്ല എലിപ്പനി, തൊഴിലുമായി ബന്ധപെട്ട രോഗമായതിനാൽ ഇതിന്റെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്.

2009 ൽ ഒരു മഹാവ്യാധിയായി ലോകത്തിന്റെ പല പ്രദേശങ്ങളെയും ബാധിച്ച പന്നിപനി അഥവാ H1N1 ഇൻഫ്ലുവെൻസ ഇന്ന് തുടർച്ചയായി കേരളത്തിൽ പനിമരണങ്ങളിൽ പ്രധാനിയായി നിലകൊള്ളുന്നു. ഫ്ലൂ വിഭാഗത്തിലെ രോഗമായതിനാൽ പെട്ടെന്ന് പടർന്നുപിടിക്കാനുള്ള സാധ്യത, ഗർഭിണികളിലും പ്രമേഹം മുതലായ രോഗമുള്ളവരിലും ഉണ്ടാക്കുന്ന ഉയർന്ന മരണനിരക്ക്, രോഗം ബാധിക്കുന്നവർ കൂട്ടമായി അവധി എടുക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടങ്ങൾ, ഗുരുതരാവസ്ഥയിലെത്തിയ രോഗികൾക്ക് വെന്റിലേറ്റർ അടക്കമുള്ള ചെലവേറിയ ചികിത്സകളുടെ ആവശ്യം, ഇവയൊക്കെ കാരണം ഈ പകർച്ചപനി നമ്മുടെ ആരോഗ്യ സംവിധാനത്തിന് ഒരു വെല്ലുവിളി ആയി മാറിയിരിക്കുന്നു.

കേരളത്തിൽ മേല്പറഞ്ഞ പകർച്ചപനികൾ കൂടാതെ ചിക്കുൻഗുനിയ, മഞ്ഞപിത്തം, മലേറിയ, വയറിളക്കരോഗങ്ങൾ, ചെള്ളുപനി, ജപ്പാൻ ജ്വരം തുടങ്ങിയ സാംക്രമിക രോഗങ്ങൾ തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുകയും ചിലപ്പോഴൊക്കെ മരണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. ഇവയിൽ ഒട്ടുമിക്ക രോഗങ്ങളും ഊർജ്ജിതമായ ആരോഗ്യപ്രവർത്തനങ്ങളിലൂടെ 1980 - കളിൽ തന്നെ നിയന്ത്രണത്തിൽ കൊണ്ടുവന്നവയായിരുന്നു. എന്നാൽ തൊണ്ണൂറുകളുടെ അവസാനഭാഗത്തിൽ പല പുതിയ പകർച്ചപനികളും പ്രത്യക്ഷപ്പെടുകയും പഴയവ തിരിച്ചുവരികയും ചെയ്യാൻ തുടങ്ങി.

കേരളീയരുടെ ആരോഗ്യത്തിനു ഏറ്റവും വലിയ ഭീഷണി ഉയർത്തിയിരിക്കുന്ന മറ്റൊന്ന് പകർച്ചേതര രോഗങ്ങൾ അഥവാ ജീവിതശൈലീരോഗങ്ങൾ ആണ്. ഇന്ത്യയിൽ ശരാശരി 8% ആളുകൾ പ്രമേഹബാധിതരാണെങ്കിൽ കേരളത്തിൽ 15% ത്തിലധികം ആളുകൾ ഈ രോഗത്താൽ വലയുന്നു. കേരളത്തിന്റെ രോഗാതുരതയുടെ ഏറിയ പങ്കും ഹൃദ്രോഗം, രക്താതിമ്മർദ്ദം, പക്ഷാഘാതം, ശ്വാസകോശരോഗങ്ങ

> ഒട്ടുമിക്ക ആരോഗ്യസംബന്ധികളായ MDG കളും കൈവരിച്ച ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന ആരോഗ്യ നിലവാരം നിലനിർത്തുവാനുള്ള ഏറ്റവും അനുകൂലമായ സാമൂഹിക രാഷ്ട്രീയ സാഹചര്യം തന്നെയാണ് ഇവിടെ നിലനില്ക്കുന്നത്. എന്നിട്ടും എന്തുകൊണ്ടാണ് കേരളത്തിന്റെ രോഗാതുരത കൂടുന്നത് ?



ൾ, കാൻസർ തുടങ്ങിയ രോഗങ്ങളാൽ ആണ്. ഇത്തരം ദീർഘസ്ഥായി രോഗങ്ങളുടെ ചികിത്സാ ചെലവുകൾ വ്യക്തിക്കും സമൂഹത്തിനും വലിയ സാമ്പത്തിക ബാധ്യതയാണ് സൃഷ്ടിക്കുന്നത്.

നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ 2015 ൽ പ്രസിദ്ധീകരിച്ച പഠന റിപ്പോർട്ട് പ്രകാരം ചികിത്സ ചെലവുകൾക്കായി വ്യക്തികൾക്ക് സ്വന്തം കീശയിൽ നിന്ന് ചിലവാകുന്ന തുകയുടെ കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളെക്കാൾ മുന്നിട്ടു നില്ക്കുന്നു.

ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, ആയുർദൈർഘ്യം, സ്ത്രീപുരുഷ അനുപാതം, കുറഞ്ഞ ജനന - മരണനിരക്കുകൾ, തുടങ്ങിയ ആരോഗ്യ സൂചികകളുടെ കാര്യത്തിൽ കേരളം ഇപ്പോഴും മുന്നിട്ടുതന്നെ നില്ക്കുന്നു. ഒട്ടുമിക്ക ആരോഗ്യസംബന്ധികളായ സഹസ്രാബ്ദ വികസനലക്ഷ്യങ്ങൾ (Millenium Development Goals MDG) കൈവരിച്ച ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന ആരോഗ്യ നിലവാരം നിലനിർത്തുവാനുള്ള ഏറ്റവും അനുകൂലമായ സാമൂഹിക രാഷ്ട്രീയ സാഹചര്യം തന്നെയാണ് ഇവിടെ നിലനില്ക്കുന്നത്. എന്നിട്ടും എന്തുകൊണ്ടാണ് കേരളത്തിന്റെ രോഗാതുരത കൂടുന്നത് ?

1970-കൾ മുതൽ തന്നെ കേരളത്തിൽ സർക്കാർ ആശുപത്രികളുടെ ഒരു ശൃംഖല തന്നെ പൊതുജനങ്ങൾക്കു സേവനം നല്കിവരുന്നു. ഇത് കൂടാതെ സ്വകാര്യ ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും ജനങ്ങൾ സേവനം തേടുന്നു. എന്നാൽ 90-കളിലെ സാമ്പത്തിക പരിഷ്കരണ നയങ്ങളുടെ പ്രത്യാഘാതത്തിന്റെ ഭാഗമായി ആതുരസേവന രംഗം കച്ചവടവല്ക്കരിക്കപ്പെടുകയും ആരോഗ്യ സേവനങ്ങൾ ചെലവേറിയതും എന്നാൽ ഗുണമേന്മ ഉറപ്പാക്കാൻ ആവാത്തതും ആയ സ്ഥിതി വിശേഷത്തിലേക്കാവുകയും ചെയ്തു. കേരളീയരിൽ 70% ത്തിലധികംപേരും ആരോഗ്യസേവനങ്ങൾക്കായി സ്വകാര്യമേഖലയെ ആശ്രയിക്കുന്നു. സർക്കാർ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്ന സർക്കാർ നയം ഇതിന് ശാശ്വതപരിഹാരമാണ്.

രോഗചികിത്സയിൽ മാത്രം ഊന്നിയുള്ള ആരോഗ്യസേവനം, പൊതുജനാരോഗ്യപ്രവർത്തനങ്ങളെ പാടെ അവഗണിക്കൽ, സ്പെഷ്യലൈസേഷന് അമിതപ്രാധാന്യം നല്കൽ എന്നിവ മൂലം രോഗാതുരത കൂടുവാനുള്ള സാഹചര്യങ്ങൾ ഒരുങ്ങി. നഗരവല്ക്കരണം, സമൂഹഘടനയിലുണ്ടായ വലിയതോതിലെ മാറ്റങ്ങൾ, പരിസ്ഥിതി നശീകരണം, ജലസ്രോതസ്സുകളുടെ നാശം, ഖരമാലിന്യസംസ്കരണത്തിലെ പാളിച്ചകൾ ഇവ നമ്മുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു.

പൊതുജനാരോഗ്യ സംവിധാനത്തെ ശക്തിപെടുത്തുകയും പ്രകൃതിസംരക്ഷണവും ആരോഗ്യസംരക്ഷണവും ജനങ്ങൾ തങ്ങളുടെ ഉത്തരവാദിത്തമായി ഏറ്റെടുക്കുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇതിനായുള്ള ഓരോ കാൽവെയ്പ്പുകളും പ്രോത്സാഹിപ്പിക്കുക തന്നെ വേണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിലുള്ള പങ്ക് ഏറ്റവും വലുതാണ്. തങ്ങൾക്ക് കൈമാറിക്കിട്ടിയ അധികാരങ്ങൾ ക്രിയാത്മകമായി പൊതുജന നന്മയ്ക്ക് ഉപയോഗിക്കുവാൻ ഇനിയും കൂടുതൽ ഊർജ്ജിതമായി പ്രവർത്തിക്കാം.

**പൊതുജനാരോഗ്യ സംവിധാനത്തെ ശക്തിപെടുത്തുകയും പ്രകൃതിസംരക്ഷണവും ആരോഗ്യസംരക്ഷണവും ജനങ്ങൾ തങ്ങളുടെ ഉത്തരവാദിത്തമായി ഏറ്റെടുക്കുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇതിനായുള്ള ഓരോ കാൽവെയ് പ്പുകളും പ്രോത്സാഹിപ്പിക്കുക തന്നെ വേണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിലുള്ള പങ്ക് വലുതാണ്.**

*ലേഖിക തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സറാണ്.*
*9447375532*

# അകറ്റാം പകർച്ചവ്യാധികളെ ഏറ്റെടുക്കാം കർമ്മപദ്ധതി

ഡോ. അനുജ, ഡോ. വിപിൻ കെ. രവി



കഴിഞ്ഞ ആറുമാസക്കാലം പകർച്ചവ്യാധികൾ കേരളത്തിന്റെ ആരോഗ്യരംഗത്തും സാമ്പത്തിക രംഗത്തും ആഘാതങ്ങളുണ്ടാക്കി. ഡെങ്കിപ്പനി മരണങ്ങൾ, H1N1 മരണങ്ങൾ, എലിപ്പനി മരണങ്ങൾ. കൂടാതെ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന ആയിരങ്ങൾ, അവരുടെ ദുരിതങ്ങൾ. നമ്മൾ നേടിയെടുത്തെന്ന് ലോകം മുഴുവൻ വാഴ്ത്തിയ പ്രാഥമിക ആരോഗ്യ സംവിധാനങ്ങൾ ഈ കെടുതികൾ നേരിടാൻ പ്രാപ്തമാണോ ? അവയിൽ ജോലി ചെയ്യുന്ന ആരോഗ്യപ്രവർത്തകരും ജീവനക്കാരും നടത്തുന്ന പ്രവർത്തനങ്ങൾ കൊണ്ട് മാത്രം നമുക്ക് പകർച്ചവ്യാധികൾ നേരിടാനാകുമോ?

സാമൂഹികവും അടിയന്തരവും ആയ ഈ വെല്ലുവിളികൾ നേരിടാൻ, ജനങ്ങളുടെ ദുരിതങ്ങൾക്ക് ഒരവസാനമുണ്ടാക്കാൻ കഴിയുന്ന പ്രധാനപ്പെട്ട ഒരു കരുത്താണ് കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും അവയുടെ നേതൃത്വവും. നമ്മുടെ സംസ്ഥാനത്തു കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി നടപ്പാക്കി വരുന്ന വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി ജില്ലാതലം വരെയുള്ള ആരോഗ്യസ്ഥാപനങ്ങളുടെ നടത്തിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ലോകാരോഗ്യ സംഘടന വിഭാവനം ചെയ്ത സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) അടിസ്ഥാനമാക്കി കേരള സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത സമഗ്ര പ്രാഥമിക ആരോഗ്യ പദ്ധതിക്കും ആർദ്രം പദ്ധതിക്കും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പിന്തുണ വളരെ വലുതാണ്. എങ്കിലും കേരളത്തിന്റെ ഇന്നത്തെ സവിശേഷസാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ പ്രവർത്തനങ്ങൾ വാർഡുതലത്തിൽ അല്ലെങ്കിൽ കുറച്ചുകൂടെ വികേന്ദ്രീകൃതമായി അയൽക്കൂട്ട തലത്തിൽ തന്നെ വികേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ കുടുംബം അല്ലെങ്കിൽ വ്യക്തികൾ എന്ന ഏറ്റവും അടിസ്ഥാന കണ്ണിയിലേക്കു നമ്മുടെ പ്രവർത്തനങ്ങൾ എത്തിച്ചേരൂ. ഓരോ വാർഡിലുമുള്ള ഡെങ്കിപ്പനി അതിതീവ്രപ്രദേശങ്ങൾ, H1N1, എലിപ്പനി, മഞ്ഞപിത്തം ഇവ ബാധിച്ച കുടുംബങ്ങൾ എന്നിവയെ തിരിച്ചറിയണം. ആരോഗ്യവകുപ്പിന്റെ പകർച്ചവ്യാധി നിയന്ത്രണ സെല്ലിന്റെ ശാസ്ത്രീയമായ ഉപദേശത്തിന്റെയും മാർഗ്ഗരേഖയുടെയും അടിസ്ഥാനത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുകയും ആരോഗ്യപ്രവർത്തകർ, ആശ പ്രവർത്തകർ. അംഗനവാടി പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ, യുവജനസംഘടനകൾ ഇവയുടെ സജീവ

സാമൂഹികവും അടിയന്തരവും ആയ ഈ വെല്ലുവിളികൾ നേരിടാൻ, ജനങ്ങളുടെ ദുരിതങ്ങൾക്ക് ഒരവസാനമുണ്ടാക്കാൻ കഴിയുന്ന പ്രധാനപ്പെട്ട ഒരു കരുത്താണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവയുടെ നേതൃത്വവും.



ഓരോ വാർഡിലുമുള്ള ഡെങ്കിപ്പനി അതിതീവ്രപ്രദേശങ്ങൾ, H1N1, എലിപ്പനി, മഞ്ഞപിത്തം ഇവ ബാധിച്ച കുടുംബങ്ങൾ എന്നിവയെ തിരിച്ചറിയണം. ആരോഗ്യവകുപ്പിന്റെ പകർച്ചവ്യാധി നിയന്ത്രണ സെല്ലിന്റെ ശാസ്ത്രീയമായ ഉപദേശത്തിന്റെയും മാർഗ്ഗരേഖയുടെയും അടിസ്ഥാനത്തിൽ രോഗപ്രതിരോധപ്രവർത്തനങ്ങൾ വിഭാവനം ചെയ്യുകയും ആരോഗ്യപ്രവർത്തകർ, ആശ പ്രവർത്തക, അംഗനവാടി പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ, യുവജനസംഘടനകൾ ഇവയുടെ സജീവ സഹകരണത്തോടെ നടപ്പാക്കുകയും വേണം.

സഹകരണത്തോടെ നടപ്പാക്കുകയും വേണം. രോഗികളെ അടിയന്തരമായി റഫർ ചെയ്യേണ്ടുന്ന ഘട്ടത്തിൽ ആംബുലൻസുകളുടെ സേവനം ഉറപ്പാക്കണം .

**പ്രവർത്തനങ്ങൾ**

1. ഓരോ വാർഡിലും ആരോഗ്യപ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ, ആശ പ്രവർത്തകർ തുടങ്ങിയവർ ബോധവത്കരണ ക്ലാസ്സുകൾക്കും ഉറവിട നശീകരണ യജ്ഞങ്ങൾക്കും സജീവ പങ്കാളിയായി നേതൃത്വം നൽകുക.
2. ബോധവത്കരണ പ്രവർത്തനങ്ങൾക്കായി പ്രാദേശികമായി കുടുംബയോഗങ്ങൾ സംഘടിപ്പിക്കുക. റെസിഡൻസ് അസോസിയേഷനുകൾ, യുവജന സംഘടനകൾ, സർക്കാരേതര സംഘടനകൾ ഇവയുടെ സേവനം ഉറപ്പാക്കുക. അവബോധപ്രവർത്തനങ്ങൾക്കായി പ്രാദേശിക മാധ്യമങ്ങളെ ഉപയോഗിക്കുക.
3. വാർഡുതല ശുചിത്വ കമ്മിറ്റികൾ യഥാകാലം കൂടുകയും ശുചികരണ പ്രവർത്തനങ്ങൾ ഓരോ പ്രദേശത്തിനും അനുഗുണമായി വിഭാവനം ചെയ്തു നടപ്പാക്കുകയും ചെയ്യുക.
4. ജോലിസ്ഥലങ്ങൾ, സ്കൂളുകൾ, ചന്തകൾ, ബസ് സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ ഇവിടങ്ങളിൽ ഉറവിട നശീകരണത്തിനും ബോധവൽകരണ പ്രവർത്തനങ്ങൾക്കും പ്രത്യേക ശ്രദ്ധ പതിപ്പിക്കുക. അതോടൊപ്പം കൊതുക നശീകരണ പ്രവർത്തനങ്ങളായ ഫോഗിങ്, ISS, IRS ഇവയും ആഴ്ചയിൽ ഒരു ദിവസമെങ്കിലും ചെയ്യേണ്ടതാണ്.
5. നഗര പ്രദേശങ്ങളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരാത്ത പ്രദേശങ്ങളിൽ കൗൺസിലർമാർ ആരോഗ്യപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകണം. ആശമാർ, നഗരപ്രദേശങ്ങളിലെ ആരോഗ്യപ്രവർത്തകർ, മറ്റു സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ റിപ്പോർട്ട് ചെയ്യുന്ന ഡെങ്കിപ്പനിയുൾപ്പെടെയുള്ള എല്ലാ പകർച്ചപ്പനികളും ഹെൽത്ത് ഓഫീസറുടെ ശ്രദ്ധയിലും ജില്ലാ മെഡിക്കൽ ഓഫീസറുടെ പകർച്ചവ്യാധി നിയന്ത്രണസെല്ലിന്റെ ശ്രദ്ധയിലും പെടുത്തേണ്ടതാണ്.
6. എല്ലാ വാർഡിലും ദ്രുതകർമസേന രൂപീകരിക്കുകയും എല്ലാ ആഴ്ചയും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്.
7. ഓരോ വാർഡിലെയും ഡെങ്കിപ്പനിയുടെ പ്രാചുര്യവും തീവ്രതയും അറിയുന്നതിനുള്ള സ്പോട്മാപ് തയ്യാറാക്കുന്നതിനായി ആരോഗ്യപ്രവർത്തകരെ ചുമതലപ്പെടുത്തേണ്ടതാണ്. ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യപ്പെടുന്ന ഓരോ പ്രദേശത്തും (HOT SPOT) ഉറവിട നശീകരണ പ്രവർത്തനങ്ങൾ, ഫോഗിങ് ISS, IRS ഇവ 12 മണിക്കൂറിനുള്ളിൽ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
8. പഞ്ചായത്ത്/ നഗരസഭ യോഗങ്ങളിൽ മൺസൂൺകാല പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുക.
9. പകർച്ചപ്പനിയുടെ മറവിൽ പൊതുജനങ്ങളെ ചൂഷണം ചെയ്യാനും തെറ്റിദ്ധരിപ്പിക്കാനും ശ്രമിക്കുന്ന ശക്തികളെ ഒറ്റപ്പെടുത്തുകയും അവരുടെ തനിനിറം പൊതുജന മധ്യത്തിൽ തുറന്നു കാണിക്കുകയും വേണം
10. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ആരോഗ്യ സ്ഥാപനങ്ങളിലും വാരാന്ത്യം നടക്കുന്ന അവലോകന മീറ്റിങ്ങുകളിൽ (IDSP മീറ്റിങ്ങുകളിലും) പങ്കെടുക്കുകയും എല്ലാ പകർച്ചപ്പനികളുടെയും പ്രാചുര്യവും തീവ്രതയും ഉറവിട നശീകരണത്തിനായി കൈക്കൊണ്ട മാർഗ്ഗങ്ങളും ചർച്ചചെയ്യുകയും വേണം.
11. പൊതുജനാരോഗ്യത്തിന് തടസ്സമുണ്ടാക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എതിരെ തിരു-കൊച്ചി പൊതുജനാരോഗ്യ നിയമപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യാൻ ആരോഗ്യപ്രവർത്തകരെ ചുമതലപ്പെടുത്തുക. ജനമൈത്രി പോലീസിന്റെ സേവനം പ്രയോജനപ്പെടുത്തുക.
12. റെസിഡൻഷ്യൽ അസോസിയേഷനുകൾ, യുവജനസംഘടനകൾ ഇവ സംഘടിപ്പിക്കുന്ന ബോധവത്കരണ പ്രവർത്തനങ്ങളിൽ പങ്കാളിയാവുക.
13. പഞ്ചായത്തിന്റെ /നഗരസഭയുടെ ആരോഗ്യപ്രവർത്തനങ്ങൾ, ദ്രുതകർമ്മസേനയുടെ പ്രവർത്തനം ആരോഗ്യപ്രവർത്തകരുടെ പ്രവർത്തനം ഇവ ഏകോപിപ്പിക്കുക.

*ലേഖകർ തിരുവനന്തപുരം ഗവ.മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ യഥാക്രമം അഡീഷണൽ പ്രൊഫസറും സീനിയർ റസിഡന്റുമാണ്.*

# പൊരുതാം പനിക്കെതിരെ കരുതാം ആരോഗ്യജീവിതം

ഡോ. ടോണി ലോറൻസ്
ഡോ. മിനു മോഹൻ

കേരളീയരായി ജനിച്ചതിൽ അഭിമാനിക്കുന്നവരാണ് നമ്മളിൽ ഭൂരിഭാഗം പേരും. 'മുറ്റത്തെ മുല്ലയ്ക്ക് മണമില്ല' എന്ന പഴയ ചൊല്ല് പോലെ കേരളത്തിൽ ജീവിക്കുന്നിടത്തോളം നമ്മൾ കേരളീയമഹത്വം തിരിച്ചറിയില്ല. നമ്മുടെ നാടിന്റെ പ്രാധാന്യത്തെപ്പറ്റി സമ്പത്തിനെപ്പറ്റി മെഡിക്കൽ വിദ്യാഭ്യാസം പൂർത്തീകരിച്ച എല്ലാ മലയാളികളും ഒരുപോലെ അഭിമാനിക്കുന്ന ഒരു നിമിഷമാണ് മൂന്നാം വർഷം കമ്യൂണിറ്റി മെഡിസിൻ ക്ലാസിൽ 'കേരളം ആരോഗ്യത്തിന്റെ അളവുകോലാണ്' എന്ന് പഠിക്കുന്നത്. ഒരു കാലത്ത് കേരളത്തിന്റെ പൊതുജനാരോഗ്യം എന്നത് നമ്മുടെ രാജ്യം മാത്രമല്ല ഈ ലോകം തന്നെ ഉത്തമ മാതൃകയായി കണ്ടിരുന്നു. എന്നാൽ ഇന്ന് അതുപോലെ അഭിമാനത്തോടെ പൊതുജനാരോഗ്യത്തെപ്പറ്റി പറയാൻ കഴിയുമോ?

നമ്മളിൽ നിന്നു അകന്നുപോയി എന്നു കരുതിയ പല പകർച്ചവ്യാധികളും ഇന്ന് തിരിച്ചുവന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞ കുറച്ചു വർഷങ്ങളായി, കൃത്യമായി പറഞ്ഞാൽ 2006-ൽ ചിക്കൻഗുനിയ എന്ന മഹാമാരി വന്നതുമുതൽ പല വർഷങ്ങളിലായി പല സാംക്രമിക രോഗങ്ങളുടെയും വർദ്ധനവും കണ്ടു വരുന്നു. പൊതുജനാരോഗ്യത്തിൽ ആരോഗ്യമേഖലയ്ക്കും സർക്കാരിനും ഉള്ള ഉത്തരവാദിത്തം പോലെ തന്നെ ജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉത്തരവാദിത്തം ഉണ്ട് എന്നത് എല്ലാവരും മനസ്സിലാക്കേണ്ടതാണ്. നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്തമാണ്.

ഈ മഴക്കാലത്ത് വ്യാപകമായി പടർന്ന മൂന്നു രോഗങ്ങളെക്കുറിച്ച് പരിശോധിക്കാം. ഡെങ്കി(Dengue), എലിപ്പനി(Leptospirosis), പന്നിപ്പനി (H1N1-swine flu) എന്നിവയാണ് അവ.

## ഡെങ്കി (Dengue)

ഡെങ്കിപ്പനി എന്നത് ഒരു കൊതുകുജന്യരോഗമാണ്. എല്ലാ വിധത്തിലുള്ള കൊതുകുകളും ഈ രോഗാണു (virus) പകരുന്നതിന് കാരണമാകുന്നില്ല. Aedes എന്ന വിഭാഗത്തിൽപ്പെട്ട കൊതുകുകൾ വഴിയാണ് Dengue virus കൾ മനുഷ്യ ശരീരത്തിൽ പ്രവേശിക്കുന്നത്.

Dengue virus നാലു തരത്തിൽ ഉള്ളതായാണ് കണ്ടുവരുന്നത്. (Den V1, Den V2, Den V3, Den V4). ഇതിൽ ഏതു രോഗാണു ബാധിക്കപ്പെട്ടാലും ഡെങ്കിപ്പനി വരാവുന്നതാണ്. ഇതിൽ നാലും കേരളത്തിൽ കണ്ടുവരുന്നതായാണ് പഠനങ്ങളിൽ കാണുന്നത്. ഈ വൈറസ് മനുഷ്യശരീരത്തിൽ പ്രവേശിക്കുന്നതോടുകൂടി നിർജലീകരണത്തിനും രക്തസ്രാവത്തിനുമുള്ള കളമൊരുങ്ങുകയായി.

ഡെങ്കിപ്പനി പലരീതിയിൽ പ്രകടമാവുന്നതാണ്. സാധാരണ വൈറൽ പനി പോലെ ചിലപ്പോൾ വന്നുപോകാം. ഡെങ്കിപ്പനിയായിരുന്നു എന്ന് തിരിച്ചറിയാതെതന്നെ അഞ്ചോ ആറോ ദിവസത്തിൽ പനി മാറാവുന്നതാണ്. എന്നാൽ ചിലരിൽ ഇത് പനിയോടു കൂടിയ കഠിനമായ ശരീരവേദനയും തലവേദനയും (കണ്ണിന്റെ പുറകിലെ വേദന) കൂടാതെ തൊലിപ്പുറത്തെ ചുവന്ന പാടുകളോടുകൂടിയും സാധാരണയായി കണ്ടുവരാറുണ്ട്. മറ്റു ചിലരിൽ dengue haemorrhagic fever എന്ന് വിളിക്കുന്ന തീവ്രമായ രോഗാവസ്ഥയും കാണാറുണ്ട്. ഒരിക്കൽ ഡെങ്കിപ്പനി വന്നിട്ടുള്ളരിൽ ആണ് ഇത് കൂടുതലായി കണ്ടുവരുന്നത്. രണ്ടാമത് ഡെങ്കിപ്പനി ബാധിക്കുന്നവർക്ക് പ്രത്യേകിച്ച് അത് വേറെ വിഭാഗത്തിൽപ്പെട്ട വൈറസുകളിൽ ഒന്നാണെങ്കിൽ ഇതിനുള്ള സാധ്യത കൂടുതലാണ്. ഇങ്ങനെയുള്ളവരിൽ അധികമായി നിർജലീകരണം നടക്കുകയും അമിതമായി രക്തസ്രാവം

> പനി വന്നാൽ സ്വയം ചികിത്സ പൂർണമായും ഒഴിവാക്കുകയും വിദഗ്ധ ചികിത്സ തേടുകയും വേണം. ഡോക്ടറുടെ നിർദ്ദേശ പ്രകാരം മാത്രം ചികിത്സചെയ്യുക. ഡെങ്കിപ്പനിയിൽ നിർജലീകരണം സാധാരണയായതിനാൽ നന്നായി വെള്ളം കുടിക്കുക എന്നതു അത്യാവശ്യമാണ്.



ഉണ്ടാവുകയും ചെയ്യും. പ്ലേറ്റ്ലെറ്റ് എന്ന രക്താണുവിന്റെ അളവ് പെട്ടെന്ന് കുറയുന്നതായും കാണുവാൻ കഴിയും. ഇത് കൃത്യസമയത്ത് ചികിത്സിക്കാൻ കഴിഞ്ഞില്ലെങ്കിൽ രക്തസമ്മർദ്ദം കുറഞ്ഞ് ഷോക്ക് (dengue shock syndrome (DSS) എന്ന അവസ്ഥയിലേക്ക് എത്തുകയും ചിലപ്പോൾ മരണം വരെ സംഭവിക്കാനും സാധ്യതയുണ്ട്.

### ഡെങ്കിപ്പനിയിൽ പ്രത്യേകമായി ശ്രദ്ധിക്കേണ്ട ലക്ഷണങ്ങൾ

- പനിയോടൊപ്പം കഠിനമായ വയറുവേദന
- വയറിളക്കം, ഛർദ്ദി
- ശ്വാസതടസം
- മലത്തിൽ രക്തം പോവുക
- കറുത്ത നിറത്തിലുള്ള മലം
- മൂത്രത്തിൽ രക്തനിറം
- മോണയിൽ അസാധാരണമായ രക്തസ്രാവം
- അമിതമായ ക്ഷീണം

പനി വന്നാൽ സ്വയം ചികിത്സ പൂർണമായും ഒഴിവാക്കുകയും വിദഗ്ധ ചികിത്സ തേടുകയും വേണം. ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം ചികിത്സചെയ്യുക. ഡെങ്കിപ്പനിയിൽ നിർജലീകരണം സാധാരണയായതിനാൽ നന്നായി വെള്ളം കുടിക്കുക എന്നതു അത്യാവശ്യമാണ്.

സാധാരണ കുടിവെള്ളത്തേക്കാൾ ഉപരിലവണങ്ങൾ നിറഞ്ഞ പാനീയങ്ങൾ അതായത് ഉപ്പിട്ട കഞ്ഞിവെള്ളം, ഒ.ആർ.എസ് ലായനി, കരിക്കിൻ വെള്ളം എന്നിവ ധാരാളമായി കുടിക്കുക. നന്നായി വിശ്രമിക്കുകയും വിശപ്പനുസരിച്ച് ഭക്ഷണം കഴിക്കുകയും വേണം. ശാരീരിക വ്യായാമം ആവശ്യമായ ജോലികളിൽ ഏർപ്പെടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആശുപത്രികളിൽ സന്ദർശനബാഹുല്യവും രോഗിയോട് നിരന്തരസമ്പർക്കം പുലർത്തുന്നതും ഒഴിവാക്കുന്നത് നല്ലതായിരിക്കും. രാത്രിയിൽ മാത്രമല്ല പകൽ കിടന്നുറങ്ങുമ്പോഴും കൊതുകുവലയ്ക്കുള്ളിൽ കിടക്കുവാൻ രോഗികൾ പ്രത്യേകം ശ്രദ്ധിക്കണം. രോഗിയിൽനിന്ന് കൊതുകുവഴി മറ്റുള്ളവരിലേക്ക് രോഗം പകരുന്നത് തടയുവാൻ വേണ്ടിയാണ് ഇത്.

ഇതിനെല്ലാം പുറമെ, ഡെങ്കിപ്പനി പരത്തുന്ന Aedes ഇനത്തിൽപ്പെട്ട കൊതുകുകളെ പറ്റിയും അതിന്റെ ജീവചക്രത്തെപ്പറ്റിയും അറിവുണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. ഇത്തരം കൊതുകുകൾ പെറ്റു പെരുകുന്നത് തടയാൻ കഴിഞ്ഞാൽ മാത്രമെ ഡെങ്കിപ്പനിയുടെ പ്രാചുര്യം കുറയ്ക്കാൻ സാധിക്കുകയുള്ളൂ. ഇതിൽ ജനങ്ങളുടെ പങ്ക് വളരെ പ്രാധാന്യമുള്ളതാണ്.

Aedes കൊതുകുകളിലെ പെൺ കൊതുകുകൾ രക്തം കുടിച്ചതിനുശേഷം മുട്ടയിടുകയും ഈ മുട്ട 7 മുതൽ 10 ദിവസത്തിനുള്ളിൽ കൊതുകായി മാറുകയും ചെയ്യുന്നു. ശുദ്ധജലം കെട്ടിനിൽക്കുന്നിടങ്ങളിലാണ് ഈ കൊതുകുകൾ മുട്ടയിടുന്നത്. അതിനാൽ തന്നെ ഇത്തരം ഇടങ്ങൾ നശിപ്പിക്കേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്.

### വെള്ളം കെട്ടിനിൽക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ

വെള്ളം ശേഖരിച്ചു വയ്ക്കുന്ന പാത്രങ്ങൾ, ഫ്രിഡ്ജിന് അടിയിലെ ട്രേ, പൂച്ചട്ടികൾ, വെള്ളം നിറഞ്ഞ ഫ്ലവർ വേസ്, ഉപയോഗിക്കാത്ത ടോയ്‌ലറ്റുകൾ, വീടിനുള്ളിൽ തുണികൾ ഉണങ്ങാൻ വിരിക്കുന്നയിടം, വീടിനു പുറത്തുള്ള ഉപ

സാധാരണ കുടിവെള്ളത്തേക്കാൾ ഉപരിലവണങ്ങൾ നിറഞ്ഞ പാനീയങ്ങൾ അതായത് ഉപ്പിട്ട കഞ്ഞിവെള്ളം, ഒ.ആർ. എസ് ലായനി, കരിക്കിൻ വെള്ളം എന്നിവ ധാരാളമായി കുടിക്കുക. നന്നായി വിശ്രമിക്കുകയും വിശപ്പനുസരിച്ച് ഭക്ഷണം കഴിക്കുകയും വേണം. ശാരീരിക വ്യായാമം ആവശ്യമായ ജോലികളിൽ ഏർപ്പെടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

യോഗിക്കാത്ത ടയർ, ഉപേക്ഷിക്കപ്പെട്ട പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ, ചിരട്ടകൾ, ഒഴിഞ്ഞ പ്ലാസ്റ്റിക് കവർ, ടാർപോളിൻ, ഉരലുകൾ, ആട്ടുകല്ലുകൾ, പൂച്ചട്ടികൾ, ടാങ്കുകൾ, സൺഷേഡ്, ഓർക്കിഡ് ചെടികൾ, കോഴിക്കൂടിനും പട്ടിക്കൂടിനും അകത്തുള്ള പാത്രങ്ങൾ തുടങ്ങി വെള്ളം കെട്ടിനിൽക്കാൻ സാധ്യതയുള്ള വസ്തുക്കൾ കണ്ടെത്തി ആഴ്ചയിൽ രണ്ടുപ്രാവശ്യമെങ്കിലും നശിപ്പിക്കുന്നത് കൊതുകിന്റെ വളർച്ചയെ കുറയ്ക്കുന്നതിന് സഹായിക്കും. ഇത് കൂടാതെ കൊതുകു കുത്തുന്നതിന്റെ സാധ്യത കുറയ്ക്കുവാനായി കഴിവതും കൈകാലുകൾ മറയ്ക്കുന്ന വസ്ത്രങ്ങൾ ധരിക്കുകയും വീടിനുള്ളിൽ മാർക്കറ്റിൽ ലഭ്യമായിട്ടുള്ള പലരൂപത്തിലുള്ള കൊതുകുനാശിനികൾ ഉപയോഗിക്കുകയും ചെയ്യുന്നത് വളരെയധികം സഹായിക്കും. സ്വയം സംരക്ഷണമില്ലാതെ ഉറവിട നശീകരണത്തിന് ഇറങ്ങാതിരിക്കുന്നതും പ്രത്യേകിച്ച് സഹായിക്കും. കൊതുകുകളെ വികർഷിക്കുന്ന ലേപനങ്ങളും സഹായകരമാകും.

ഇതിനെല്ലാം പുറമേ, പരിചയത്തിലുള്ള ആർക്കെങ്കിലും പനി ബാധിച്ചതായി അറിഞ്ഞാൽ ആരോഗ്യവകുപ്പിനെ അറിയിക്കേണ്ടതും അത്യാവശ്യമാണ്. അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അറിയിക്കുന്നതാണ് ഏറ്റവും എളുപ്പമായ രീതി. എങ്കിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുവാനും അസുഖത്തിന്റെ പ്രാചുര്യം തിരിച്ചറിയുവാനും സാധിക്കും.

## എലിപ്പനി (Leptospirosis)

ലെപ്റ്റോസ്പൈറ ജനുസ്സിൽപ്പെട്ട ഒരിനം സ്പൈറോകീറ്റ മനുഷ്യരിൽ ഉണ്ടാക്കുന്ന ഒരു ജന്തുജന്യരോഗമാണ് എലിപ്പനി. രോഗാണുവാഹകരായ ജന്തുക്കളുടെ മൂത്രം കലർന്ന ജലാശയങ്ങൾ, ഓടകൾ, കുളങ്ങൾ, കൃഷിയിടങ്ങൾ, പാടങ്ങൾ എന്നിവയിൽ ലെപ്റ്റോസ്പൈറ അനുകൂലസാഹചര്യങ്ങളിൽ അനേകനാൾ ജീവിച്ചിരിക്കും. നല്ല സൂര്യപ്രകാശവും ഒഴുക്കുമുള്ള സാഹചര്യങ്ങളിൽ ഇവ സ്വയം നശിക്കും. എലികളും മറ്റും സന്ദർശിക്കാറുള്ള ജലാശയങ്ങൾ, ഓടകൾ, കുളങ്ങൾ, കൃഷിയിടങ്ങൾ, പാടങ്ങൾ എന്നിവയിൽ വേണ്ടത്ര മുൻകരുതലുകൾ ഇല്ലാതെ ഇറങ്ങുകയോ ജോലി ചെയ്യുകയോ, കുളിക്കുകയോ ചെയ്യുന്നതിലൂടെ രോഗാണു മനുഷ്യശരീരത്തിൽ എത്തുന്നു. കൈകാലുകളിൽ ഉണ്ടാകുന്ന പോറലുകൾ, മുറിവുകൾ, കണ്ണ്, മൂക്ക്, വായ് എന്നിവയിലൂടെ രോഗാണു മനുഷ്യശരീരത്തിൽ പ്രവേശിക്കുന്നു.

കണ്ണിലുള്ള പോറലുകളിൽക്കൂടിപ്പോലും മുഖം കഴുകുമ്പോൾ രോഗബാധ ഉണ്ടാകാം. കുടിക്കുന്ന വെള്ളത്തിലൂടെയും രോഗബാധ ഉണ്ടാകാം.

### രോഗലക്ഷണങ്ങൾ

ശക്തമായ വിറയലോടുകൂടിയ പനി, കുളിര്, തളർച്ച, ശരീരവേദന, തലവേദന, ഛർദ്ദി, കണ്ണിനു ചുവപ്പ്, തലവേദന, ശരീരവേദന.

പനിക്ക് സ്വയം ചികിത്സ അത്യന്തം അപകടകരമാണ്.

### രോഗപ്രതിരോധം



- എലികളെ നിയന്ത്രിക്കുന്നതാണ് ഏറ്റവും പ്രധാനമാർഗ്ഗം
- മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക
- മലിനജലം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക
- മൃഗപരിപാലനത്തിനു ശേഷം കൈകാലുകൾ സോപ്പുപയോഗിച്ച് ശുദ്ധജലത്തിൽ കഴുകുക
- കാലിലോ ശരീരത്തിലോ മുറിവുള്ളപ്പോൾ വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ ഇറങ്ങാതെ ശ്രദ്ധിക്കുക
- രോഗസാധ്യത ഏറിയ മേഖലകളിൽ പണിയെടുക്കുന്നവർ, ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമായ പ്രതിരോധ ചികിത്സ മുൻകൂട്ടി സ്വീകരിക്കുക
- കുറഞ്ഞത് ഒരു മിനിട്ടെങ്കിലും വെട്ടിത്തിളച്ച് ആറിയ ശുദ്ധവെള്ളം മാത്രം കുടിക്കുക
- ഭക്ഷണപദാർത്ഥങ്ങൾ അടച്ചുസൂക്ഷിക്കുക
- വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിച്ചാൽ ഈ രോഗത്തെ ഇല്ലാതാക്കാം.

## പന്നിപ്പനി (H1N1-swine flu)

എച്ച്1 എൻ1 പനിയുണ്ടാക്കുന്നതും അതേ പേരുള്ള ഒരു വൈറസ് ആണ്. ശാസ്ത്രീയമായി എച്ച്1 എൻ1 ഇൻഫ്ലുവെൻസ് എന്നും ഈ

ലെപ്റ്റോസ്പൈറ ജനുസ്സിൽപ്പെട്ട ഒരിനം സ്പൈറോകീറ്റ മനുഷ്യരിൽ ഉണ്ടാക്കുന്ന ഒരു ജന്തുജന്യരോഗമാണ് എലിപ്പനി. രോഗാണു വാഹകരായ ജന്തുക്കളുടെ മൂത്രം കലർന്ന ജലാശയങ്ങൾ, ഓടകൾ, കുളങ്ങൾ, കൃഷിയിടങ്ങൾ, പാടങ്ങൾ എന്നിവയിൽ ലെപ്റ്റോസ്പൈറ അനുകൂലസാഹചര്യങ്ങളിൽ അനേകനാൾ ജീവിച്ചിരിക്കും. നല്ല സൂര്യപ്രകാശവും ഒഴുക്കുമുള്ള സാഹചര്യങ്ങളിൽ ഇവ സ്വയം നശിക്കും



വൈറസ് അറിയപ്പെടുന്നു. പന്നിയും മനുഷ്യനും ആണ് പ്രധാന ആതിഥേയജീവികൾ.

സാധാരണയായി പന്നികളിൽ മാത്രമാണ് ടൈപ്പ് എ ഇൻഫ്ലുവെൻസ വൈറസുകൾ ഈ രോഗത്തിനു കാരണമാവുക. അപൂർവമായി പന്നികളിൽനിന്നും മനുഷ്യരിലേക്കും പകരാറുള്ള ഈ വൈറസുകൾ പക്ഷേ കൂടുതൽ പേർക്കും രോഗാവസ്ഥ ഉണ്ടാക്കാറില്ല. പന്നിയിറച്ചി ഭക്ഷിക്കുന്നതു മൂലവും വൈറസ് പകരില്ല. രോഗബാധിതമായ പന്നിക്കൂട്ടങ്ങളുമായി വളരെ അടുത്തിടപഴകുന്ന മനുഷ്യർക്ക് അവരുടെ പ്രതിരോധനിലയ്ക്കനുസരിച്ച് ആണ് ഈ രോഗം ഉണ്ടാകുന്നത്. മനുഷ്യനിൽ നിന്നും മനുഷ്യനിലേക്കും, ചുമയ്ക്കുമ്പോഴോ തുമ്മുമ്പോഴോ ഉണ്ടാകുന്ന തുള്ളികളിൽക്കൂടി അസുഖം പകരാൻ സാധ്യതയുണ്ട്.

## രോഗലക്ഷണങ്ങൾ

മനുഷ്യനിൽ പനി, കഠിനമായ തൊണ്ടവേദന, ജലദോഷം, ശരീരവേദന, ചുമ, ശ്വാസതടസ്സം, ഛർദ്ദി എന്നിവയാണ് രോഗലക്ഷണങ്ങൾ. മേൽപ്പറഞ്ഞ ലക്ഷണങ്ങൾ സാധാരണ സമയംകൊണ്ട് കുറയുന്നില്ലെങ്കിലോ ക്രമാതീതമായി കൂടുകയോ ചെയ്താൽ ഡോക്ടർമാരുടെ സേവനം തേടണം.

## രോഗനിയന്ത്രണവും ചികിത്സയും

എച്ച്1 എൻ1 ചികിത്സയ്ക്കാവശ്യമായ ഒസൾട്ടാമീവിർ മരുന്ന് എല്ലാ സർക്കാർ ആശുപത്രികളിലും ആരോഗ്യവകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം മരുന്ന് കഴിക്കുക.

## പ്രതിരോധ മാർഗ്ഗങ്ങൾ

വീട്ടിൽ തന്നെ പരമാവധി കഴിയുക, മറ്റുള്ളവരുമായുള്ള സമ്പർക്കം പരമാവധി കുറയ്ക്കുക, നല്ലതു പോലെ വിശ്രമിക്കുക, ദ്രവരൂപത്തിലുള്ള ആഹാരം ധാരാളം കഴിയ്ക്കുക, ചുമയ്ക്കുമ്പോഴും ചീറ്റുമ്പോഴും മുഖം തുണികൊണ്ട് മറയ്ക്കുക.

## പന്നിപ്പനി പകരാതിരിക്കാൻ

കൈകൾ കൂടെക്കൂടെ സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയായി കഴുകുക.

ജനതിരക്കുള്ള സ്ഥലങ്ങളിൽ നിന്ന് പരമാവധി വിട്ടുനിൽക്കുക.

പനി ബാധിച്ചവരുമായി ഒരു കൈയുടെ അകലമെങ്കിലും സൂക്ഷിക്കുക.

ധാരാളം വെള്ളം കുടിക്കുകയും പോഷകസമൃദ്ധമായ ആഹാരം കഴിക്കുകയും ചെയ്യുക.

സംശയനിവാരണത്തിനായി ആരോഗ്യവകുപ്പിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ 'ദിശ'യിൽ ബന്ധപ്പെടുക - 0471 2552056, ടോൾഫ്രീ നമ്പർ - 1056.

മേൽപ്പറഞ്ഞ മൂന്നുരോഗങ്ങൾ കൂടാതെ മഴക്കാലരോഗങ്ങളായ ജലജന്യരോഗങ്ങളെപ്പറ്റിയും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. വയറിളക്കം മുഖ്യമായ രോഗലക്ഷണമായ ഈ രോഗങ്ങളെ പ്രതിരോധിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ താഴെ പറയുന്നു.

തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക.

പുറത്തുനിന്നുള്ള ഭക്ഷണം ഒഴിവാക്കാൻ ശ്രമിക്കുക പ്രത്യേകിച്ച് പാനീയങ്ങൾ.

വ്യക്തിശുചിത്വം പാലിക്കുക - ഭക്ഷണത്തിന് മുൻപും പിൻപും കൈ കഴുകുന്നത് ശീലമാക്കുക.

കിണർ വെള്ളമാണ് ഉപയോഗിക്കുന്നതെങ്കിൽ ആഴ്ചയിൽ ഒരിക്കലെങ്കിലും ക്ലോറിനേറ്റ് ചെയ്യുക. (അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ബന്ധപ്പെടാവുന്നതാണ്).

പൂർണ്ണമായി വേവിച്ച ഭക്ഷണപദാർത്ഥങ്ങൾ മാത്രം കഴിക്കുക.

മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയാതിരിക്കുക.

സംശയ നിവാരണത്തിനായി ആരോഗ്യവകുപ്പിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ 'ദിശ'യിൽ ബന്ധപ്പെടുക - 0471 2552056, ടോൾഫ്രീ നമ്പർ - 1056.

*ലേഖകർ തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ യഥാക്രമം അസിസ്റ്റന്റ് പ്രൊഫസറും സീനിയർ റസിഡന്റുമാണ്.*

# ഉറവിടനശീകരണ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

ഡോ. വിപിൻ കെ. രവി

വീടിനകത്തും പുറത്തുമായി സ്ഥിതിചെയ്യുന്ന വലുതും ചെറുതുമായ ജലസംഭരണ സ്ഥലങ്ങളിൽ മാത്രമാണ് ഡെങ്കിപ്പനിക്ക് കാരണമാകുന്ന ഈഡിസ് കൊതുകുകൾ പെറ്റുപെരുകുന്നത്. അപൂർവമായി മരപ്പൊത്തുകൾ, ഇലകൾ തുടങ്ങിയ പ്രകൃതിദത്തമായ ഇടങ്ങളിലുള്ള വെള്ളക്കെട്ടുകളിലും ഇവ മുട്ടയിട്ട് പെരുകാറുണ്ടെങ്കിലും അതിനുള്ള പ്രവണത വളരെക്കുറവാണ്. ഈ സാഹചര്യത്തിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾക്ക് കൊതുക് നിവാരണത്തിൽ വളരെ വലിയ സ്ഥാനമാണുള്ളത്. പക്ഷേ അതിനു നാം ആദ്യമായി അറിയേണ്ടത് നമുക്ക് ചുറ്റുമുള്ള കൊതുക് പെറ്റുപെരുകുന്ന ഇടങ്ങളെപ്പറ്റിയുള്ള വ്യക്തമായ അറിവാണ് . ശാസ്ത്രീയമായി നമുക്ക് കൊതുക് പെറ്റുപെരുകുന്ന സ്ഥലങ്ങൾ മനസ്സിലാക്കുക എന്നത് വളരെ പ്രധാനമാണ്. ബ്രിട്ടോ ഇൻഡക്സ് എന്ന സൂചകത്തിലൂടെ അത് നമുക്ക് മനസിലാക്കാം.

**ബ്രിട്ടോ ഇൻഡെക്സ് =**

(കൂത്താടി കാണപ്പെട്ട പാത്രങ്ങൾ/ ഇടങ്ങൾ എന്നിവയുടെ എണ്ണം / സന്ദർശിച്ച വീടുകളുടെ എണ്ണം) x 100

100 വീടുകൾ സന്ദർശിക്കുമ്പോൾ കണ്ടെത്തിയ ഉറവിടങ്ങളെ അടിസ്ഥാനമാക്കി, ബ്രിട്ടോ ഇൻഡക്സ് അഞ്ചിൽ താഴെ നിർത്തുക എന്നതാണ് ഉറവിട നശീകരണ പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യം.

നമുക്ക് ഉറവിട നശീകരണത്തിനായി കർമ്മസേനകൾ വാർഡുതലത്തിൽ രൂപീകരിക്കേണ്ടതുണ്ട്. പരമാവധി അമ്പതു വീടുകൾക്ക് ഒരു കർമ്മസേന എന്ന തോതാകും ഉത്തമം. വാർഡുകളിലെ വീടുകളുടെ എണ്ണം അനുസരിച്ചു രണ്ടോ അതിലധികമോ കർമ്മസേനകൾ ആകാം.

### കർമ്മ സേന അംഗങ്ങൾ

**ലീഡർ** - ആശാപ്രവർത്തക / അങ്കണവാടി ടീച്ചർ / പൊതുകാര്യതല്പരയായ മറ്റു വീട്ടമ്മമാർ

**അംഗങ്ങൾ** - പത്തു വീടുകൾക്ക് ഒന്ന് എന്ന നിലയിൽ അഞ്ച് വീട്ടമ്മമാർ അല്ലെങ്കിൽ പൊതുകാര്യതൽപരരായ പുരുഷന്മാർ /തൊഴിലുറപ്പ് പദ്ധതി അംഗങ്ങൾ.

**മോണിറ്ററിങ്** - എല്ലാ കർമ്മസേനകളുടെയും മേൽനോട്ടം പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകർക്കായിരിക്കും.

**മേൽനോട്ടം** - വാർഡ് മെമ്പർ/കൗൺസിലർ

### പ്രവർത്തനങ്ങൾ

1. വാർഡ് മെമ്പർ/കൗൺസിലർ - വാർഡിലുള്ള കർമ്മസേനകളിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക. എല്ലാ ആഴ്ചയിലും മുൻ നിശ്ചയിച്ച ദിവസം കർമ്മസേനയുടെ പ്രവർത്തനവും തുടർന്ന് ഒരു മണിക്കൂർ അവലോകനവും ഏകോപിപ്പിക്കുക.

2. ബ്രിട്ടോ ഇൻഡെക്സ് 5 -ൽ കൂടുതലുള്ള പ്രദേശങ്ങൾ തിരിച്ചറിയുക. അവിടെ ഉറവിട നശീകരണത്തോടൊപ്പം കൊതുക് നിവാരണ പ്രവർത്തനങ്ങൾ ആയ ഫോഗിങ്, ISS, IRS ഇവയും ചെയ്യുക.

3. തൊഴിൽ ഇടങ്ങൾ, നിർമ്മാണം നടക്കുന്ന സ്ഥലങ്ങൾ നിർമ്മാണസ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ ബ്രിട്ടോ ഇൻഡക്സ് അഞ്ചിൽ കൂടുതലായി കാണുന്നുണ്ടെങ്കിൽ തിരു -കൊച്ചി പൊതുജനാരോഗ്യനിയമപ്രകാരം നോട്ടീസ് നൽകാൻ നിർദ്ദേശം ഹെൽത്ത് സൂപ്പർവൈസർ/ ഹെൽത്ത് ഇൻസ്പെക്ടർ, ബ്ലോക്ക് മെഡിക്കൽ ഓഫിസർ / ഹെൽത്ത് ഓഫീസർക്ക് നൽകുക.

തൊഴിൽ ഇടങ്ങൾ, നിർമ്മാണം നടക്കുന്ന സ്ഥലങ്ങൾ, നിർമ്മാണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ ബ്രിട്ടോ ഇൻഡക്സ് അഞ്ചിൽ കൂടുതലായി കാണുന്നുണ്ടെങ്കിൽ തിരു -കൊച്ചി പൊതുജനാരോഗ്യനിയമ പ്രകാരം നോട്ടീസ് നൽകാൻ ഹെൽത്ത് സൂപ്പർവൈസർ/ ഹെൽത്ത് ഇൻസ്പെക്ടർ, ബ്ലോക്ക് മെഡിക്കൽ ഓഫിസർ / ഹെൽത്ത് ഓഫീസർ എന്നിവർക്ക് നൽകുക. സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുക



*സംസ്ഥാനത്ത് ജൂൺ മാസം നടന്ന ശുചീകരണപ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം കണ്ണൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, പി. കെ. ശ്രീമതി ടീച്ചർ എം.പി തുടങ്ങിയവർ സമീപം.*

സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദു ചെയ്യുക.

### ആരോഗ്യപ്രവർത്തനങ്ങൾ-

1. കർമ്മസേന അംഗങ്ങൾക്ക് ബ്രിട്ടോ ഇൻഡക്സ് അറിയാനുള്ള പരിശീലനം.

2. ഓരോ കർമ്മസേനയും കൊണ്ടുവരുന്ന റിപ്പോർട്ടിന്റെ വിശകലനം. ബ്രിട്ടോ അഞ്ചിൽ കൂടുതൽ ഉള്ള സ്ഥലങ്ങളുടെ സ്പോട്ട് മാപ് തയ്യാറാക്കൽ.

3. അഞ്ചിൽ കൂടുതൽ ബ്രിട്ടോ ഇൻഡക്സ് ഉള്ള പ്രദേശങ്ങളിൽ നടത്തേണ്ട പ്രവർത്തനങ്ങൾക്കു പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും ജില്ലാ പകർച്ചവ്യാധി നിയന്ത്രണ സെല്ലിന്റെയും സഹായവും മേൽനോട്ടവും ഉറപ്പാക്കുക.

### കർമ്മസേന -

- നൂറു വീടുകൾ സന്ദർശിക്കുമ്പോൾ എത്ര ഉറവിടങ്ങൾ കണ്ടെത്തി, ബ്രിട്ടോ അഞ്ചിൽ താഴെ നിർത്തുക എന്നതാണ് ഉറവിട നശീകരണ പ്രവർത്തനങ്ങളുടെ പ്രധാനലക്ഷ്യം.
- ലീഡറുടെ നേതൃത്വത്തിൽ കർമ്മസേനാംഗങ്ങൾ ഓരോ വീടുകൾ സന്ദർശിക്കുകയും, ഉറവിടങ്ങൾ കണ്ടെത്തുകയും വേണം.
- കൊതുക് വളരുന്ന സ്ഥലങ്ങൾ വീടിനുള്ളിലും പുറത്തുമുള്ളവയും കുടുംബാംഗങ്ങളെ കാണിച്ചു കൊടുക്കുകയും അവരോടു അത് നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകത പറഞ്ഞു കൊടുക്കുകയും വേണം.
- സംഘങ്ങൾ ഒരിക്കലും ഉറവിടം നശിപ്പിക്കാൻ പോകേണ്ടതില്ല, പകരം ഉറവിടങ്ങൾ കാണപ്പെടുന്ന വീടുകളിലെ അംഗങ്ങൾക്ക് അവബോധം നല്കുകയാണ് വേണ്ടത്, അതോടൊപ്പം ബ്രിട്ടോ ഇൻഡക്സ് കണക്കാക്കുകയും വേണം.
- ഓരോ ആഴ്ചയും നിശ്ചിത ദിവസം ഭവന സന്ദർശനത്തിനായി മാറ്റി വയ്ക്കേണ്ടതാണ്, സന്ദർശനത്തിന്റെ അവസാനം എല്ലാ കർമ്മസേനകളും ഒരുമിച്ചു കൂടുകയും സന്ദർശനത്തിന്റെ ഫലങ്ങൾ പങ്കുവെയ്ക്കുകയും വേണം.
- തുടർ സന്ദർശനങ്ങളിലും ബ്രിട്ടോ ഇൻഡക്സ് കൂടുതലായി കണ്ട വീടുകളും സ്ഥാപനങ്ങളും ആരോഗ്യപ്രവർത്തകരുടെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.

*ലേഖകൻ തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ ജൂനിയർ റസിഡന്റാണ്.*

# വാർത്തകൾ വിശേഷങ്ങൾ

### വാർഷിക പദ്ധതി : നിർവ്വഹണ കലണ്ടർ പുറത്തിറക്കി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2017-18-ലെ വാർഷിക പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള പദ്ധതിനിർവ്വഹണ കലണ്ടർ പുറപ്പെടുവിച്ച് സർക്കുലർ പ്രസിദ്ധീകരിച്ചു. കലണ്ടർ പ്രകാരം ഗുണഭോക്തൃ നിർണ്ണയ ഗ്രാമസഭകൾ 20-07-2017 മുതൽ 10-08-2017 വരെയുള്ള കാലയളവിൽ യോഗം ചേരേണ്ടതും 15-08-2017 ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം നൽകേണ്ടതുമാണ്. 15-08-2017 നകം ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിരിക്കണം. വെറ്റിംഗ് ആവശ്യമില്ലാത്ത, സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണം നടത്താവുന്ന പദ്ധതികൾ 31-08-2017 -നകം പൂർത്തീകരിക്കണം.

(സർക്കുലർ നം. ഡി.എ1/458/2017/തസ്വഭവ, തീയതി 07-07-2017)

### ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിന് അനുമതി

മഴക്കാലരോഗങ്ങളെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും ഫലപ്രദമായ ചികിത്സ ലഭ്യമാക്കുന്നതിന് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ(സാധാ) നം. 2096/2017/തസ്വഭവ, തീയതി 21-06-2017, സർക്കുലർ നം. 337/ഡി.സി1/16/തസ്വഭവ, തീയതി 23-06-2017)

### നിലത്തിൽ കെട്ടിടനിർമ്മാണം - തീരുമാനം സർക്കാരിനെ അറിയിക്കണം

ഭൂമിയുടെ തരം നിലം, വെറ്റ്ലാൻഡ്, നെൽവയൽ എന്നിങ്ങനെ രേഖപ്പെടുത്തിയ സംഗതികളിൽ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ 22-12-2016-ൽ 994733/ആർ.എ1/16/തസ്വഭവ നമ്പരായി പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് കമ്മിറ്റി കൂടി തീരുമാനം കൈക്കൊണ്ടതിന്റെ വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ എല്ലാ മാസവും സർക്കാരിനെ അറിയിക്കുന്നതിന് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നം. 1384143/ആർ.എ1/2017/തസ്വഭവ, തീയതി 26-05-2017)

### ഹരിത കേരളം ഓഫീസ് മാറ്റി

ഹരിതകേരളം മിഷന്റെ സംസ്ഥാന ഓഫീസ് സ്വരാജ് ഭവനിൽ നിന്നും തിരുവനന്തപുരം പട്ടം ഗവൺമെന്റ് ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിന് സമീപം കുട്ടനാട് ലെയ്നിൽ റ്റി.സി. 2/3271 (3) (4), ഹരിത ഭവനിലേക്ക് മാറ്റി. ഫോൺ 0471-2449939

### മട്ടന്നൂർ നഗരസഭ തെരഞ്ഞെടുപ്പ് വിജ്ഞാപനമായി

മട്ടന്നൂർ നഗരസഭയിലേക്ക് ആഗസ്റ്റ് 8ന് പൊതു തെരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. 35 വാർഡുകളിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ജൂലൈ 21. പത്രികകളുടെ സൂക്ഷ്മ പരിശോധന 22 ന് നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 24. വോട്ടെടുപ്പ് ആഗസ്റ്റ് 8 ന് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5 ന് അവസാനിക്കും. പത്താം തീയതി രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

### ഡിപ്ലോമ ഇൻ ലോക്കൽ ഗവേണൻസ് ആദ്യബാച്ചിന്റെ പഠനം പൂർത്തിയായി

ഗ്രാമപഞ്ചായത്തുകളിലെ സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനങ്ങളിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനും കില സംഘടിപ്പിച്ച ഡിപ്ലോമ ഇൻ ലോക്കൽ ഗവേണൻസ് എന്ന ഓൺലൈൻ കോഴ്സിന്റെ ആദ്യബാച്ച് പഠനം പൂർത്തിയാക്കി. പതിനേഴ് പേരാണ് ആറുമാസത്തെ കോഴ്സ് പൂർത്തിയാക്കിയത്. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്**

# കാലം മറക്കാത്ത ഉഗ്രനേട്ടം

## ജൂൺ 15-ന് മുമ്പ് മുഴുവൻ സ്ഥാപനങ്ങളും പദ്ധതി സമർപ്പിച്ചു

**പ്രാദേശിക സ്ഥാപനങ്ങളുടെ പദ്ധതിയുടെ കാര്യത്തിൽ ഇത് സർവ്വകാല റെക്കാർഡാണ്. ഇതുവരെ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായിരുന്നു പ്രാദേശിക പദ്ധതികൾക്ക് ഡി.പി. സി. അംഗീകാരം ലഭിച്ചിരുന്നത്.**

ജൂൺ 15 ന് രാത്രി 12 മണിയോടെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവയുടെ വാർഷിക പദ്ധതി (2017-18) ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനു സമർപ്പിച്ചു. സംസ്ഥാനത്ത് മൊത്തം 1200 സ്ഥാപനങ്ങളാണുള്ളത്. 941 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളും 87 മുനിസിപ്പാലിറ്റികളും 6 കോർപ്പറേഷനുകളും. ഇതിൽ 1198 ഓളം തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും ലഭിച്ചു.

പ്രാദേശിക സ്ഥാപനങ്ങളുടെ പദ്ധതിയുടെ കാര്യത്തിൽ ഇത് സർവ്വകാല റെക്കാർഡാണ്. ഇതുവരെ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായിരുന്നു പ്രാദേശിക പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിരുന്നത്. ജനകീയാസൂത്രണം തുടങ്ങി 20 വർഷത്തിനിടയ്ക്ക് ആദ്യമായാണ് ഇത്രയധികം തദ്ദേശഭരണ സ്ഥാപനങ്ങൾ വർഷാരംഭത്തിൽ തന്നെ പദ്ധതിക്ക് അംഗീകാരം നേടുന്നത്. ഇതുമൂലം പ്രോജക്ടുകളുടെ വിശദമായ പരിശോധനയ്ക്കും സാങ്കേതികാനുമതിക്കും നിർവ്വഹണത്തിനും കൂടുതൽ സമയം ലഭിക്കും. നിർവ്വഹണവും പദ്ധതി ചെലവും വർഷാവസാനം പ്രത്യേകിച്ചും മാർച്ച് മാസത്തിൽ കേന്ദ്രീകരിക്കുന്ന പ്രവണത ഇതോടെ ഇല്ലാതാകും.

പ്രാദേശിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിഹിതമായി ഈ വർഷം (2017-18) സംസ്ഥാന ബജറ്റിൽ നിന്നും പ്ലാൻ ഫണ്ട് ഇനത്തിൽ 6227.5 കോടി രൂപയും മെയിന്റനൻസ് ഫണ്ട് ഇനത്തിൽ 2183.44 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ബജറ്റിൽ അനുവദിച്ച തുകയ്ക്ക് പുറമെ പ്രാദേശികമായി മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭ്യമാകുന്ന വിഹിതം കൂടി വകയിരുത്തി ആകെ 15,631.16 കോടി രൂപയുടെ 256045 പ്രോജക്ടുകളാണ് ഈ വർഷം പ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കുന്നത്.

മുൻകാലങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിക്ക് വൈകി അംഗീകാരം വാങ്ങിയിരുന്നതു കാരണം പദ്ധതി നിർവ്വഹണത്തിന് വളരെ കുറച്ച് സമയമേ ലഭിച്ചിരുന്നുള്ളൂ. വലിയ പങ്ക് പണവും ചെലവഴിച്ചിരുന്നത് അവസാന മാസമായ മാർച്ചിലാണെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഈ സ്ഥിതിക്ക് മാറ്റം വരുത്തി പദ്ധതി നിർവ്വഹണത്തിന് കൂടുതൽ സമയം ലഭിക്കുന്നതിനു വേണ്ടി തുടക്കത്തിൽ തന്നെ വാർഷിക

| വർഷം | മാർച്ച് മാസത്തെ ചെലവ് ശതമാനം (ആകെ ചെലവിന്റെ അടിസ്ഥാനത്തിൽ) |
|---|---|
| 2013-14 | 38.41 |
| 2014-15 | 33.29 |
| 2015-16 | 38.66 |
| 2016-17 | 51.52 |

*തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻ വർഷങ്ങളിലെ പദ്ധതി ചെലവ്*



## മുഖ്യമന്ത്രി അഭിനന്ദിച്ചു

വാർഷിക പദ്ധതി ജൂൺ 15-ന് മുമ്പ് സമർപ്പിക്കാൻ ജാഗ്രത കാണിച്ച പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെയും അതിന് വേണ്ട മാർഗനിർദേശങ്ങൾ നൽകിയ ജില്ലാ ആസൂത്രണ സമിതികളെയും മുഖ്യമന്ത്രി പിണറായി വിജയൻ അഭിനന്ദിച്ചു. അടുത്ത വർഷം മാർച്ച് അവസാനം പദ്ധതിരേഖ തയ്യാറാക്കി ധനകാര്യ വർഷത്തിന്റെ തുടക്കത്തിൽത്തന്നെ അംഗീകാരം നേടാൻ ഇത് തദ്ദേശ സ്ഥാപനങ്ങളെ സഹായിക്കും. ബജറ്റും വാർഷിക പദ്ധതിയും ഒരുമിച്ച് തയ്യാറാക്കി അവതരിപ്പിക്കുക എന്ന ലക്ഷ്യം നേടിയെടുക്കാൻ പ്രാദേശിക സർക്കാരുകൾക്ക് ഇത് പ്രചോദനമാകും. ഇപ്പോൾ കൈവരിച്ചത് ചരിത്രനേട്ടമാണെന്നും പദ്ധതി തയാറാക്കുന്നതിലും അംഗീകാരം നേടുന്നതിലും കാണിച്ച കാര്യക്ഷമതയും ശുഷ്കാന്തിയും പദ്ധതി നിർവഹണത്തിലും ഉണ്ടാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ അഭിനന്ദനം



തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നല്കി കഴിഞ്ഞു. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായൊരു നേട്ടമാണിത്. ഇതിന് നേതൃത്വം നല്കിയ എല്ലാ തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷന്മാരേയും സഹായം നല്കിയ ഉദ്യോഗസ്ഥ അനുദ്യോഗസ്ഥരേയും ഞാൻ അഭിനന്ദിക്കുന്നു. തുടർന്ന് നടക്കേണ്ട നൂതന പദ്ധതികളുടെ അംഗീകാരം, പ്രോജക്ടുകളുടെ വെറ്റിംഗ്, നിർമ്മാണ പ്രവൃത്തികളുടെ സാങ്കേതികാനുമതി എന്നിവ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ തലത്തിൽ സമയബന്ധിതമായി പ്രോജക്ട് നിർവഹണം പൂർത്തിയാക്കാൻ കർശനമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ആയതിനാൽ സ്പിൽ ഓവർ ഇല്ലാതെ എല്ലാ പ്രോജക്ടുകളും കാര്യക്ഷമമായും സമയബന്ധിതമായും നിർവഹണം പൂർത്തീകരിക്കുന്നതിന് ഓരോ തദ്ദേശഭരണസ്ഥാപനവും ഒരു നിർവഹണ പരിപാടി തയ്യാറാക്കുന്നത് നന്നായിരിക്കും.

പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിന് വേണ്ട നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ 2017-18 വർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് (ഡി.പി.സി.) സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായി സർക്കാർ ആദ്യം നിശ്ചയിച്ചിരുന്നത് 2017 മേയ് 31-ആയിരുന്നു. മേയ് 31 വരെ 795 സ്ഥാപനങ്ങൾ വാർഷിക പദ്ധതി സമർപ്പിച്ചിരുന്നു.

നിശ്ചിത തീയതിക്കകം വാർഷിക പദ്ധതി സമർപ്പിക്കാൻ കഴിയാത്ത സ്ഥാപനങ്ങളുടെ ആവശ്യം പരിഗണിച്ച് അവസാന തീയതി ജൂൺ 15 വരെ ദീർഘിപ്പിച്ചു. ഇതനുസരിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അവയുടെ വാർഷിക പദ്ധതി ഡി.പി.സിക്ക് സമർപ്പിച്ചിട്ടുണ്ട്. വാർഷിക പദ്ധതി സമർപ്പണത്തെ സംബന്ധിക്കുന്ന കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പട്ടികയിൽ ചേർക്കുന്നു.

വാർഷിക പദ്ധതി സമർപ്പണത്തെ സംബന്ധിച്ച് 2017-18 ൽ കാര്യമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞതായി കണക്കുകൾ വ്യക്തമാക്കുന്നു. 2015 - 16 ൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പ് നടന്ന വർഷമായതുകൊണ്ട് ആ വർഷം 1128 സ്ഥാപനങ്ങൾ ജൂൺ 15-ന് മുമ്പ് വാർഷിക പദ്ധതിക്ക് അംഗീകാരം നേടിയിരുന്നുവെങ്കിലും പുതിയ ഭരണസമിതികൾ വാർഷിക പദ്ധതി ഏറെക്കുറെ പൂർണ്ണമായി തന്നെ ഭേദഗതി ചെയ്തിരുന്നു.

കണ്ണൂർ കോർപ്പറേഷൻ, ഈരാറ്റുപേട്ട നഗരസഭ, തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്ത് തുടങ്ങി ചുരുക്കം പ്രാദേശിക സ്ഥാപനങ്ങൾക്ക് ജൂൺ 15-നു മുമ്പ് പദ്ധതി സമർപ്പിക്കാൻ കഴിയുമോ എന്ന കാര്യത്തിൽ അനിശ്ചിതത്വം ഉണ്ടായിരുന്നു. എന്നാൽ രാഷ്ട്രീയ തർക്കങ്ങൾ മാറ്റി വച്ച് അവയും പദ്ധതി രേഖ സമർപ്പിച്ചു.

*പഞ്ചായത്ത് ന്യൂസ് സർവീസ്*

**ജനകീയാസൂത്രണം തുടങ്ങി 20 വർഷത്തിനിടയ്ക്ക് ആദ്യമായാണ് ഇത്രയധികം തദ്ദേശഭരണ സ്ഥാപനങ്ങൾ വർഷാരംഭത്തിൽ തന്നെ പദ്ധതിക്ക് അംഗീകാരം നേടുന്നത്. ഇതുമൂലം പ്രോജക്ടുകളുടെ വിശദമായ പരിശോധനയ്ക്കും സാങ്കേതികാനുമതിക്കും നിർവ്വഹണത്തിനും കൂടുതൽ സമയം ലഭിക്കും. നിർവ്വഹണവും പദ്ധതി ചെലവും വർഷാവസാനം പ്രത്യേകിച്ചും മാർച്ച് മാസത്തിൽ കേന്ദ്രീകരിക്കുന്ന പ്രവണത ഇതോടെ ഇല്ലാതാകും.**

| വർഷം | ആകെ സ്ഥാപനങ്ങൾ | മേയ് 31-നകം വാർഷിക പദ്ധതി സമർപ്പിച്ച സ്ഥാപനങ്ങൾ | ജൂൺ 15-നകം വാർഷിക പദ്ധതി സമർപ്പിച്ച സ്ഥാപനങ്ങൾ | വാർഷിക പദ്ധതി അംഗീകാര പ്രക്രിയ പൂർത്തിയാക്കിയ തീയതി |
|---|---|---|---|---|
| 2012-13 | 1223 | 1 | 1 | 21.08.2012 |
| 2013-14 | 1223 | 3 | 123 | 05.11.2013 |
| 2014-15 | 1223 | 6 | 90 | 17.11.2014 |
| 2015-16 | 1223 | 768 | 1128 | 25.02.2016 |
| 2016-17 | 1200 | 0 | 0 | 03.11.2016 |
| 2017-18 | 1200 | 795 | 1200 | 21.08.2017 |

# അതിജീവനവുമായി അർബുദത്തിനെതിരെ

**രഞ്ജിത്ത് എം.കെ**

അർബുദ രജിസ്ട്രി നിലവിലുള്ള ഇന്ത്യയിലെ ആദ്യ ബ്ലോക്ക് പഞ്ചായത്ത് ആയി മാറിയിരിക്കുകയാണ് നീലേശ്വരം. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ജനസംഖ്യാധിഷ്ഠിത അർബുദ രജിസ്ട്രിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി തയ്യാറാക്കിയ രജിസ്ട്രി സംവിധാനം വഴി ബ്ലോക്ക് പരിധിയിലെ 2014 മുതലുള്ള രോഗികളുടെ രോഗ വിവരങ്ങൾ ശേഖരിക്കുകയും എം.സി.സി യിൽ വെച്ച് അപഗ്രഥിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നു.

അതിജീവനത്തിന്റെ പുതിയ കഥകൾ രചിക്കുവാൻ നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് ഒരുങ്ങിക്കഴിഞ്ഞു. പോരാട്ടങ്ങളുടെയും ചെറുത്തുനിൽപ്പുകളുടെയും ഗാഥകളുമായി ചരിത്രത്തിൽ ഇടംപിടിച്ച നീലേശ്വരം ബ്ലോക്ക് പുതിയൊരു പോരാട്ടത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. ഈ പോരാട്ടം മനുഷ്യരാശിയെ കാർന്നുതിന്നുന്ന അർബുദത്തിനെതിരെയാണ്. നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്, തലശ്ശേരി മലബാർ കാൻസർ സെന്ററിന്റെ (എം.സി.സി) സാങ്കേതിക സഹായത്തോടുകൂടി നടപ്പിലാക്കുന്ന സമഗ്ര അർബുദ പ്രതിരോധ നിയന്ത്രണ പദ്ധതിയാണ് അതിജീവനം. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന കയ്യൂർ ചീമേനി, ചെറുവത്തൂർ, പടന്ന, പിലിക്കോട്, തൃക്കരിപ്പൂർ, വലിയപറമ്പ് എന്നീ ആറ് ഗ്രാമ പഞ്ചായത്തുകളെ അർബുദരോഗ പ്രതിരോധപ്രവർത്തനങ്ങളിൽ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. നാലുവർഷകാലയളവിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ മേൽനോട്ടത്തിനായി ജനപ്രതിനിധികളും ഡോക്ടർമാരും ആരോഗ്യ സന്നദ്ധ പ്രവർത്തകരും എം.സി.സിയിലെ വിദഗ്ധരുമടങ്ങുന്ന കോർഡിനേഷൻ കമ്മിറ്റി ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.പി. ജാനകി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. വ്യക്തമായ ഇടപെടലുകളിലൂടെ മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ സജീവമായിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാവരെയും ഉൾപ്പെടുത്തി അതിജീവനം വാട്സ്ആപ്പ് ഗ്രൂപ്പുമുണ്ട്.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്നതും മരണത്തിന് കാരണമാകുന്നതുമായ മൂന്ന് അർബുദങ്ങളാണ് സ്തനാർബുദം, ഗർഭാശയഗളാർബുദം, വായിലുണ്ടാകുന്ന കാൻസർ എന്നിവ. പുരുഷന്മാരിൽ വായിലെ കാൻസർ, ശ്വാസകോശാർബുദം എന്നിവയും സ്ത്രീകളിൽ ഗർഭാശയ ഗളാർബുദം, സ്തനാർബുദം എന്നിവയുമാണ് അർബുദ മരണകാരണങ്ങളിൽ 50 ശതമാനവും. പാശ്ചാത്യരാജ്യങ്ങളിൽ കാൻസർ സ്ക്രീനിംഗ് വളരെയധികം വ്യാപകമാണ്. എന്നാൽ നമ്മുടെ രാജ്യത്ത് ജനസംഖ്യാധിക്യവും ഭൗതികസാഹചര്യങ്ങളുടെ പരിമിതിയും കാൻസർ രോഗത്തെക്കുറിച്ചുള്ള മിഥ്യാധാരണയും കാരണം ഇതിനുവേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. ചില പഞ്ചായത്തുകളും സംഘടനകളും മുൻകൈയെടുത്ത് നടത്തുന്ന രോഗനിർണ്ണയ ക്യാമ്പുകൾ ഒഴിച്ചുനിർത്തിയാൽ ഇന്ത്യയിൽ വ്യക്തമായ അർബുദ സ്ക്രീനിംഗ് പദ്ധതികൾ ഇല്ല എന്നുതന്നെ പറയാം. ഇത്തരം ഒരു സാഹചര്യത്തിലാണ് അതിജീവനം പദ്ധതിയുമായി ബ്ലോക്ക് പഞ്ചായത്ത് മുന്നോട്ടു വന്നിരിക്കുന്നത്.

പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ അർബുദ നിർണ്ണയ ക്ലിനിക്കുകൾ സ്ഥാപിക്കൽ, ജീവിതശൈലീസർവ്വേ, കമ്മ്യൂണിറ്റി കാൻസർ രജിസ്ട്രി, ഇ- പാലിയേറ്റീവ്, രോഗികൾക്ക് ചികിത്സാ-ധനസഹായ മാർഗ്ഗനിർദ്ദേശങ്ങൾ, രോഗവിമുക്തരുടെ പുനരധിവാസം, അർബുദ ബോധവൽക്കരണ പ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

### അർബുദ നിർണ്ണയ ക്ലിനിക്കുകൾ

പദ്ധതിയുടെ ഭാഗമായി ചെറുവത്തൂർ സാമൂഹികാരോഗ്യകേന്ദ്രം, തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ അർബുദം നേരത്തെ കണ്ടെത്തുന്നതിനുള്ള കാൻസർ നിർണ്ണയ ക്ലിനിക്കുകൾ (Early Cancer Detection Centre-ECDC) സ്ഥാപിച്ചിട്ടുണ്ട്. ക്ലിനിക്കിൽ എല്ലാ ചൊവ്വാഴ്ചയും രാവിലെ 9 മണി മുതൽ 1 മണി വരെ സേവനം ലഭ്യമാണ്. കൂടാതെ അർബുദ ചികിത്സാ-ധനസഹായ മാർഗ്ഗനിർദ്ദേശങ്ങളും ബോധവൽക്കരണവും പുകയിലവർജ്ജന പ്രവർത്തനങ്ങളും ക്ലിനിക്കിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നു. വിദഗ്ധ പരിശീലനം നേടിയ സ്റ്റാഫ് നഴ്സുമാരാണ് ക്ലിനിക്കുകളിൽ പ്രവർത്തിക്കുന്നത്. രോഗികളെ പ്രാഥമിക പരിശോധനയ്ക്കുശേഷം ആവശ്യമാണെങ്കിൽ എം.സി.സിയിലേക്ക്

അയച്ച് തുടർപരിശോധനകളും ചികിത്സയും ലഭ്യമാക്കും. പുകവലി നിർത്തുവാൻ താത്പര്യമുള്ളവർക്കും ക്ലിനിക്ക് ഉപകാരപ്രദമാണ്. ക്ലിനിക്കിന്റെ സേവനം പൂർണ്ണമായും സൗജന്യമാണ്. അർബുദം നേരത്തെ കണ്ടെത്താൻ സാധിച്ചാൽ ചികിത്സാ ചെലവും ചികിത്സാ കാലയളവും ഗണ്യമായി കുറയ്ക്കുവാനും രോഗം പൂർണ്ണമായും ഭേദമാക്കുവാനും വേഗത്തിൽ സാധാരണ ജീവിതം നയിക്കുവാനും സാധിക്കും.

### ഇ-പാലിയേറ്റീവ്

പാലിയേറ്റീവ് രോഗികൾക്ക് വളരെയധികം പ്രയോജനപ്രദമായ സംവിധാനമാണ് ഇ-പാലിയേറ്റീവ്. എം.സി.സിയിലെ ആരോഗ്യ - വിവരസാങ്കേതിക വകുപ്പ് സി-ഡിറ്റിന്റെ സഹകരണത്തോടെ വികസിപ്പിച്ചെടുത്ത സോഫറ്റ്‌വെയർ സംവിധാനമാണിത്. ഇതുവഴി രോഗികൾക്ക് എം.സി.സിയിലെ സാന്ത്വന ചികിത്സാ വിഭാഗവുമായി ആശയവിനിമയം നടത്തുവാനും ഡോക്ടറുമായി പരസ്പരം കണ്ടുകൊണ്ട് സംവദിക്കുവാനും സാധിക്കും. വി-ഗാർഡ് ഇൻഡസ്ട്രീസ് സൗജന്യമായി ഒരു ആംബുലൻസ് അനുവദിച്ചിട്ടുണ്ട്. ആവശ്യമുള്ളവർ ഫോൺ വഴി ബന്ധപ്പെട്ടാൽ 3ജി/4ജി ഇന്റർനെറ്റ് സൗകര്യവും ക്യാമറയും ലാപ്ടോപ്പുമുള്ള ആംബുലൻസ് രോഗികളുടെ വീടുകളിലെത്തും. വീഡിയോ കോൺഫറൻസിങ്ങ് രീതി ഉപയോഗിച്ച് എം.സി.സിയിലെ വിദഗ്ധ ഡോക്ടർമാർ രോഗിയെ പരിശോധിക്കുകയും നഴ്സുമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും.

### ജീവിതശൈലി സർവ്വേ

ജീവിതശൈലി ഒരു പരിധിവരെ അർബുദത്തിന് കാരണമാണ്. പുകയില, മദ്യം എന്നിവയുടെ ഉപയോഗം രോഗസാധ്യത വളരെയധികം വർദ്ധിപ്പിക്കുന്നു. ഇത് കണക്കിലെടുത്താണ് കുടുംബങ്ങൾതോറും ജീവിതശൈലി സർവ്വെ നടത്തുന്നത്. സർവെ ഫോറം പൂരിപ്പിച്ച് കവറുകളിലാക്കിയാണ് നൽകേണ്ടത്. സർവെ വഴി ശേഖരിക്കുന്ന വിവരങ്ങൾ ശാസ്ത്രീയമായി അപഗ്രഥിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും വേണ്ട മുൻകരുതലുകൾ, തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യും.

### കമ്മ്യൂണിറ്റി കാൻസർ രജിസ്ട്രി

അർബുദ രജിസ്ട്രി നിലവിലുള്ള ഇന്ത്യയിലെ ആദ്യ ബ്ലോക്ക് പഞ്ചായത്ത് ആയി മാറിയിരിക്കുകയാണ് നീലേശ്വരം. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ജനസംഖ്യാധിഷ്ഠിത അർബുദ രജിസ്ട്രിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി തയ്യാറാക്കിയ രജിസ്ട്രി സംവിധാനം വഴി ബ്ലോക്ക് പരിധിയിലെ 2014 മുതലുള്ള രോഗികളുടെ രോഗ വിവരങ്ങൾ ശേഖരിക്കുകയും എം.സി.സി യിൽ വെച്ച് അപഗ്രഥിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നു.



### ബോധവൽക്കരണം

അർബുദബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് വിപുലമായ സംവിധാനം ഒരുക്കിയിട്ടുണ്ട്. ഓരോ വാർഡിൽ നിന്നും രണ്ടു പേരെ വീതം തെരഞ്ഞെടുത്ത് എം.സി.സിയുടെ നേതൃത്വത്തിൽ അർബുദ ബോധവൽക്കരണങ്ങൾക്കാവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഇവർ ഓരോ വാർഡിലും ക്ലബ്ബുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, സ്വയംസഹായസംഘങ്ങൾ, കൂട്ടായ്മകൾ എന്നിവയുടെ സഹായത്തോടെ ക്ലാസ്സുകളും ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നു.

### പ്രതിരോധം

അർബുദ പ്രതിരോധപ്രവർത്തനങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടുന്ന കാര്യമാണ്. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക, ജൈവപച്ചക്കറി പ്രോത്സാഹനം, ഔഷധ സസ്യത്തോട്ടം തുടങ്ങിയ പദ്ധതികൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു.

അതിജീവനം പദ്ധതിയുടെ ഭാഗമായി രോഗനിർണ്ണയ പ്രതിരോധ പ്രവർത്തനങ്ങൾക്കുപുറമേ രോഗവിമുക്തരായവരുടെ പുനരധിവാസവും ലക്ഷ്യമിടുന്നുണ്ട്. അതിനായുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. കാൻസറിനെതിരെ പ്രതിരോധിക്കുക എന്ന രീതിയിൽ കേരളം മുഴുവൻ മാതൃകയാക്കുവാൻ പറ്റിയ ഒരു ജനപക്ഷപദ്ധതിയാണ് അതിജീവനം.

പുകവലി നിർത്തുവാൻ താല്പര്യമുള്ളവർക്കും ക്ലിനിക്ക് ഉപകാരപ്രദമാണ്. ക്ലിനിക്കിന്റെ സേവനം പൂർണ്ണമായും സൗജന്യമാണ്. അർബുദം നേരത്തെ കണ്ടെത്താൻ സാധിച്ചാൽ ചികിത്സാ ചെലവും ചികിത്സാ കാലയളവും ഗണ്യമായി കുറയ്ക്കുവാനും രോഗം പൂർണ്ണമായും ഭേദമാക്കുവാനും വേഗത്തിൽ സാധാരണ ജീവിതം നയിക്കുവാനും സാധിക്കും

*ലേഖകൻ മലബാർ കാൻസർ സെന്ററിൽ സിസ്റ്റം മാനേജരാണ്*

## കുന്നുകര ഗ്രാമപഞ്ചായത്ത്

# മുഴുവൻ അംഗപരിമിതർക്കും സൗജന്യ മെഡിക്ലെയിം

ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപ വരെയുള്ള ചികിത്സ സൗജന്യമായിരിക്കും. ഓരോ ഗുണഭോക്താക്കളുടെയും ഇൻഷ്വറൻസ് പ്രീമിയം തുകയായ 3570/- രൂപയിൽ 90% ഇൻഷ്വറൻസ് കമ്പനിയുടെ സബ്സിഡിയാണ്. ബാക്കി വരുന്ന 10% തുകയായ 357/- രൂപയാണ് ട്രസ്റ്റ് നൽകുക. ഒരു ദിവസം പ്രായമായ കുഞ്ഞു മുതൽ 65 വയസ്സുവരെയുള്ള ഭിന്നശേഷിക്കാർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

മുന്നൂറോളം ഭിന്നശേഷിക്കാർക്കും ആയിരത്തിലേറെ വരുന്ന അവരുടെ കുടുംബാംഗങ്ങൾക്കും കൈത്താങ്ങായി കുന്നുകര ഗ്രാമപഞ്ചാ യത്തിന്റെ നേതൃത്വത്തിൽ ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് പ്രൊഫ. കെ. വി. തോമസ് വിദ്യാധനം ട്രസ്റ്റ് രാജ്യത്ത് ആദ്യമായി സ്വാശ്രയ ആരോഗ്യമിഷൻ പഞ്ചായത്തിൽ നടപ്പിലാക്കുന്നു.

ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപ വരെയുള്ള ചികിത്സ സൗജന്യമായിരിക്കും. ഓരോ ഗുണഭോക്താക്കളുടെയും ഇൻഷ്വറൻസ് പ്രീമിയം തുകയായ 3570/- രൂപയിൽ 90% ഇൻഷ്വറൻസ് കമ്പനിയുടെ സബ്സിഡിയാണ്. ബാക്കി വരുന്ന 10% തുകയായ 357/- രൂപയാണ് ട്രസ്റ്റ് നൽകുക. ഒരു ദിവസം പ്രായമായ കുഞ്ഞു മുതൽ 65 വയസ്സുവരെയുള്ള ഭിന്നശേഷിക്കാർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. മാതാപിതാക്കളാണ് ഭിന്നശേഷിക്കാരെങ്കിൽ അവരുടെ കുട്ടികൾക്ക് 24 വയസ്സുവരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. 18 വയസ്സിനു താഴെയുള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്ക് 65 വയസ്സുവരെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഭിന്നശേഷിക്കാർക്ക് ഇതുവരെയായും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഉണ്ടായിരുന്നില്ല. ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ഇത്തരമൊരു പദ്ധതി ആവിഷ്ക്കരിച്ചപ്പോൾ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ ആവശ്യപ്രകാരം എറണാകുളം പാർലമെന്റ് നിയോജകമണ്ഡലത്തിലെ കുന്നുകര ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണമായി നടപ്പിലാക്കുന്ന ചുമതല ട്രസ്റ്റ് ഏറ്റെടുക്കുകയായിരുന്നു.

പദ്ധതിയുടെ ഔദ്യോഗിക ഉത്ഘാടനം കേരള ഗവർണ്ണർ ജസ്റ്റീസ് റിട്ട. പി.സദാശിവം നിർവ്വഹിച്ചു. പ്രൊഫ. കെ. വി. തോമസ് എം.പി, വി. കെ. ഇബ്രാഹിംകുഞ്ഞ് എം എൽ.എ. തുടങ്ങിയവർ പങ്കെടുത്തു.




*കുന്നുകര ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഇൻഷ്വറൻസ് പദ്ധതിയുടെ ഔദ്യോഗിക ഉത്ഘാടനം കേരള ഗവർണ്ണർ ജസ്റ്റീസ് റിട്ട. പി. സദാശിവം നിർവ്വഹിക്കുന്നു. പ്രൊഫ. കെ. വി. തോമസ് എം.പി, വി. കെ. ഇബ്രാഹിംകുഞ്ഞ് എം എൽ.എ. തുടങ്ങിയവർ സമീപം.*

# കേരളം–കാലാവസ്ഥയും ഭൂപ്രകൃതിയും

**വി.കെ.ഗംഗാധരൻ**

ഒരു പ്രദേശത്തിന്റെ കാലാവസ്ഥ പ്രകൃതിയിലെ പല ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഭൂമിശാസ്ത്രപരമായ സ്ഥാനം, ഭൂമധ്യരേഖയിൽ നിന്നുള്ള അകലം, സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, സമുദ്രസാമീപ്യം എന്നിവ അവയിൽ ചിലതാണ്. പർവ്വതം, മലകൾ, കാടുകൾ, കാറ്റ്, സമുദ്രജലപ്രവാഹം തുടങ്ങിയവയാൽ പ്രകൃതി കനിഞ്ഞനുഗ്രഹിച്ച സംസ്ഥാനമാണ് കേരളം. 580 കിലോമീറ്ററോളം വരുന്ന കടൽത്തീരം പടിഞ്ഞാറുവശത്ത്. തീരപ്രദേശം, ഇടനാട്, മലനാട് എന്നീ മൂന്ന ഭൂവിഭാഗങ്ങൾ സമുദ്രനിരപ്പിൽ നിന്നും ക്രമേണ ഉയരം കൂടി കിഴക്ക് സഹ്യപർവ്വതംവരെ വ്യാപിച്ചുകിടക്കുന്നു. കിഴക്കുനിന്നും പടിഞ്ഞാറോട്ടൊഴുകുന്ന 41 നദികൾ, കിഴക്കോട്ടൊഴുകുന്ന 3 നദികൾ, ആവശ്യം പോലെ വനപ്രദേശങ്ങളും കാടും മരങ്ങളും നെൽവയലുകളും പുഞ്ചപ്പാടങ്ങളും കായലുകളും ചതുപ്പുനിലങ്ങളും കുളങ്ങളും തോടുകളും സമുദ്രനിരപ്പിനേക്കാൾ താണുകിടക്കുന്ന കുട്ടനാടൻ പുഞ്ചകളും..... ഭൂഗർഭജലത്തിന്റെ ലഭ്യത ഉറപ്പാക്കാൻ മതിയായ ജലസ്രോതസ്സുകൾ കൊണ്ട് സമ്പന്നവും തികച്ചും പരിസ്ഥിതി സന്തുലിതവുമായ ഒരു പ്രദേശമാണ് പ്രകൃതി നമുക്കായി ഒരുക്കിവച്ചിരിക്കുന്നത്.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഒരു വർഷം 2925 മി.മീ മഴ ഇവിടെ ലഭിക്കുന്നു. ഇത് ദേശീയ ശരാശരിയുടെയും തമിഴ്നാടിന്റെ വാർഷികമഴയുടെയും മൂന്നിരട്ടിയോളമാണ്. കാലാവസ്ഥാ ശാസ്ത്രവകുപ്പ് ഒരു വർഷത്തെ നാലു കാലങ്ങൾ (seasons) ആയി തിരിച്ചിരിക്കുന്നു. ഓരോന്നിന്റെയും ദൈർഘ്യം, ലഭിക്കുന്ന മഴ മി.മീറ്ററിലും ശതമാനക്കണക്കിലും പട്ടികയിൽ കൊടുത്തിരിക്കുന്നു.

### മൺസൂൺ

കാർഷികരാജ്യമായ ഭാരതത്തിൽ മൺസൂൺ മഴയെ ആശ്രയിച്ചാണ് പ്രധാനമായും കൃഷി നടത്തുന്നത്. പ്രകൃതിയുടെ ഒരു വലിയ ദാനമാണ് മൺസൂൺ. തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലും ഭൂമധ്യരേഖയോടടുത്ത ഏതാനും പ്രദേശങ്ങളിലും മാത്രമേ മൺസൂൺ മഴ ലഭിക്കുന്നുള്ളൂ. മൺസൂൺ ഇന്ത്യയിൽ പ്രവേശിക്കുന്നതും ഏഴുമാസം കഴിഞ്ഞ് വിടവാങ്ങുന്നതും കേരളത്തിൽകൂടിയാണ്. ഈ സമയത്ത് ഇന്ത്യയിൽ ഏറിയും കുറഞ്ഞും മഴ ലഭിക്കുന്നു. തെക്ക് പടിഞ്ഞാറൻ മൺസൂൺ കാലത്താണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്.

### ഇന്ത്യൻ മൺസൂൺ -അല്പം ശാസ്ത്രം

മറ്റു മഹാസമുദ്രങ്ങളിലെപ്പോലെ ഇന്ത്യൻ മഹാസമുദ്രം ഉത്തരധ്രുവത്തിലേക്ക് തുറന്നുകിടക്കുകയല്ല. അതിന്റെ വടക്കുഭാഗം ഏഷ്യാ -യൂറോപ്പ്, ആഫ്രിക്കൻ ഭൂഖണ്ഡങ്ങളാൽ തടയപ്പെട്ടിരിക്കുന്നു. ഉത്തരാർദ്ധഗോളത്തിലെ വേനൽക്കാലത്തിന്റെ (മാർച്ച്-സെപ്റ്റംബർ) തുടക്കംമുതൽ ഈ കരപ്രദേശം അമിതമായി ചൂടാകുന്നു. ശീതകാലമനുഭവിക്കുന്ന ദക്ഷിണാർദ്ധഗോളത്തിലേതുൾപ്പെടെയുള്ള ഇന്ത്യൻ മഹാസമുദ്രജലം താരതമ്യേന തണുത്തതാണ്. ശീതകാലമനുഭവിക്കുന്ന ദക്ഷിണാർദ്ധഗോളത്തിലെ മഡഗാസ്കർ ദ്വീപിന് കിഴക്കായി രൂപംകൊള്ളുന്ന ശക്തിയേറിയ അതിമർദ്ദപ്രദേശത്തുനിന്നും ഉത്ഭവിക്കുന്ന കാറ്റ് ചൂടുകൂടിയ ഉത്തരാർദ്ധഗോളത്തിലെ കരപ്രദേശത്തെ ലക്ഷ്യമാക്കി വീശാൻ തുടങ്ങുന്നു. ഭൂമി പടിഞ്ഞാറുനിന്നും കിഴക്കോട്ടു കറങ്ങുന്നതിനാൽ

ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഒരു വർഷം 2925 മി.മീ മഴ ഇവിടെ ലഭിക്കുന്നു. ഇത് ദേശീയ ശരാശരിയുടെയും തമിഴ് നാടിന്റെ വാർഷിക മഴയുടെയും മൂന്നിരട്ടിയോളമാണ്.

| | | | |
|---|---|---|---|
| 1 | ശീതകാലം (ജനവരി-ഫെബ്രുവരി) | 25 മി. മീ. | 1% |
| 2 | ഉഷ്ണകാലം (മാർച്ച്- മേയ്) | 380 മി. മീ. | 13% |
| 3 | തെക്കുപടിഞ്ഞാറൻ മൺസൂൺ (ഇടവപ്പാതി) ജൂൺ-സെപ്റ്റം. | 2040 മി. മീ. | 70% |
| 4 | വടക്കുകിഴക്കൻ മൺസൂൺ (തുലാവർഷം) ഒക്ടോ. -ഡിസം. | 481 മി. മീ. | 16% |



ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അനുഭവപ്പെടുന്നതു പോലെ അസഹ്യമായ തണുപ്പ് കേരളത്തിലില്ല. സമുദ്ര സാമീപ്യവും സഹ്യപർവ്വതനിരകളും നമ്മെ സഹായിക്കാനുണ്ട്. പുനലൂരും പാലക്കാട്ടുമാണ് കേരളത്തിലെ സമതലപ്രദേശങ്ങളിൽ ഏറ്റവും കുറഞ്ഞ ചൂട് രേഖപ്പെടുത്തിയിട്ടുള്ളത്. പുനലൂരിൽ 12.9 ഡിഗ്രി സെൽഷ്യസ് വരെയും പാലക്കാട്ട് 14 ഡിഗ്രി സെൽഷ്യസ് വരെയും മെർക്കുറി നില താണിട്ടുണ്ട്.

ഈ കാറ്റിന്റെ ഗതിയിൽ ചില വ്യതിയാനം സംഭവിച്ച് മേയ് അവസാനം കേരളതീരത്തെത്തുമ്പോൾ തെക്കുപടിഞ്ഞാറൻ കാറ്റായി രൂപപ്പെടുന്നു. ദീർഘദൂരം കടൽയാത്രകഴിഞ്ഞ് കേരളത്തിലെത്തുന്ന നീരാവിപൂരിതമായ ഈ കാറ്റിൽ നിന്നും ജൂൺ 1-ാം തീയതിയോടുകൂടി കേരളത്തിൽ ആരംഭിക്കുന്ന മഴ ഇടവപ്പാതിക്കാലത്തിന്റെ ആരംഭമാണ് (തെക്കുപടിഞ്ഞാറൻ മൺസൂൺ). മൺസൂൺ മഴ ക്രമേണ കിഴക്കോട്ടും വടക്കോട്ടും വ്യാപിക്കുന്നു. ജൂലൈ മാസം 15-ഓടുകൂടി ഭാരതം മുഴുവൻ മൺസൂൺ വ്യാപിക്കുന്നു. തുടർച്ചയായി മഴ തന്നുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമല്ല മൺസൂൺ. ഘട്ടം ഘട്ടമായി മൺസൂൺ ശക്തിപ്രാപിക്കുകയും ദുർബലമാവുകയും ചെയ്യുന്നതായി കാണാം. ഈ സ്ഥിതിയിൽ രണ്ടു മാസക്കാലം ഭാരതത്തിൽ നല്ല മഴ ലഭിക്കുന്നു.

ഇക്കാലത്ത് ബംഗാൾ ഉൾക്കടലിൽ ഏതാനും ന്യൂനമർദ്ദങ്ങൾ (low pressure areas) രൂപം കൊണ്ടു ശക്തിപ്രാപിച്ച് ബംഗാൾ ഒറീസ്സാ തീരത്തടിച്ചുകയറി നാശം വിതച്ചശേഷം വടക്കുപടിഞ്ഞാറോട്ടു നീങ്ങുന്നു. ഈ സമയത്ത് ഇന്ത്യയിൽ പൊതുവേ നല്ല മഴ ലഭിക്കുന്നു. ചില ന്യൂനമർദ്ദങ്ങൾ വടക്കുപടിഞ്ഞാറോട്ടു നീങ്ങുന്നതിനുപകരം വടക്കോട്ടുനീങ്ങി ഹിമാലയത്തിനു സമീപമെത്തുന്നു. അതിനുശേഷം ഒന്നുരണ്ടാഴ്ച ഇന്ത്യയിൽ പൊതുവേ മഴകുറയുന്നതായി കാണാം.

തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്ത് ഇന്ത്യയിൽ 70% മഴ ലഭിക്കുന്നു. 19% കൂടുതലോ കുറവോ ആണെങ്കിലും സാധാരണ മഴ ലഭിച്ചുവെന്നാണ് വിവക്ഷ. കേരളത്തിൽ 2016-ൽ, ലഭിക്കേണ്ട മഴയുടെ 32% കുറവാണ് ഇടവപ്പാതിക്കാലത്തു ലഭിച്ചത്. തുടർന്നുവന്ന തുലാവർഷക്കാലത്ത് 67% കുറവനുഭവപ്പെട്ടു. ഈ രണ്ടു മഴക്കാലത്തും കൂടി ലഭിക്കേണ്ട മഴയിൽ 61%ത്തിന്റെ കുറവുണ്ടായി. ഇടവപ്പാതിക്കാലത്ത് 2040 മി.മീ മഴ ലഭിക്കേണ്ട സ്ഥാനത്ത് 1387 മി.മീ മഴ മാത്രമേ ലഭിച്ചുള്ളൂ. പല സംസ്ഥാനങ്ങളുടെയും വാർഷികമഴയേക്കാൾ കൂടുതലാണിത്.

### എൽ-നിനോ/ലാ-നിനാ (El-Nino/La-Nina)

മൺസൂണിനെ പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രതിഭാസമാണ് എൽ-നിനോ. പസഫിക് മഹാസമുദ്രത്തിന്റെ പടിഞ്ഞാറുഭാഗത്ത് ഭൂമദ്ധ്യരേഖയ്ക്ക് സമീപമുള്ള സമുദ്രജലം ചില വർഷങ്ങളിൽ ഡിസംബർ മാസത്തോടുകൂടി ക്രമാതീതമായി ചൂടാവുകയും കിഴക്ക് മധ്യപസഫിക്കിൽ സമുദ്രഭാഗം തണുക്കുകയും ചെയ്യുന്നു. തണുത്തഭാഗത്ത് നിന്ന് ചൂടുകൂടുതലുള്ള ഭാഗത്തേക്ക് കാറ്റുവീശുമ്പോൾ മൺസൂൺ കാറ്റിന്റെ ശക്തികുറയുന്നു. തന്മൂലം ഇന്ത്യയിൽ മൺസൂൺ ദുർബലമാകുന്നു. മറ്റു ചില വർഷങ്ങളിൽ ഇതിന്റെ നേർവിപരീതമാണ് സംഭവിക്കുന്നത്. പശ്ചിമ പസഫിക് തണുക്കുകയും കിഴക്കൻ പസഫിക് ചൂടാവുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ ഇന്ത്യയിൽ നല്ല മൺസൂൺ ലഭിക്കും. ആദ്യം പറഞ്ഞ പ്രതിഭാസം എൽ-നിനോ (El-Nino) മറ്റേത് ലാ-നിനാ (La-Nina) എന്നും അറിയപ്പെടുന്നു. ലോകത്തിലെ പല രാജ്യങ്ങളിലെയും കാലാവസ്ഥയെ ഈ പ്രതിഭാസങ്ങൾ സ്വാധീനിക്കുന്നു.

### വടക്കുകിഴക്കൻ മൺസൂൺ തുലാവർഷം

സെപ്റ്റംബർ മാസം പകുതിയോടുകൂടി തെക്കുപടിഞ്ഞാറൻ കാലവർഷം ഇന്ത്യയുടെ വടക്കുപടിഞ്ഞാറു ഭാഗത്തുനിന്നും പിൻവാങ്ങാൻ തുടങ്ങും. ഈ സമയത്ത് ഉത്തരാർദ്ധഗോളത്തിൽ ശീതകാലം ആരംഭിക്കുകയാണ്. കാറ്റിന്റെ ഗതിയിൽ മാറ്റം സംഭവിക്കുന്നു. ഒക്ടോബർ 3-ാം വാരത്തിൽ ഇന്ത്യയുടെ കിഴക്കൻതീരത്ത് വടക്കുകിഴക്കൻ കാറ്റ് വീശാൻ തുടങ്ങും. ആന്ധ്ര, തമിഴ്നാട് തീരത്ത് ഈ കാറ്റിൽ നിന്നും മഴ ലഭിക്കുന്നു. ഇത് വടക്കുകിഴക്കൻ മൺസൂണിന്റെ ആരംഭമാണ്. കേരളത്തിൽ ഇത് തുലാവർഷം എന്നും അറിയപ്പെടുന്നു. ഒക്ടോബർ മുതൽ ഡിസംബർ വരെ

നീണ്ടുനിൽക്കുന്ന ഇക്കാലത്ത് ബംഗാൾ ഉൾക്കടലിൽ രൂപംകൊള്ളുന്നതും കിഴക്കുനിന്നും ബംഗാൾ ഉൾക്കടലിൽ പ്രവേശിക്കുന്നതുമായ ചുഴലിക്കാറ്റുകൾ (tropical cyclones) ശക്തി പ്രാപിച്ച് വടക്കുപടിഞ്ഞാറു നീങ്ങി തീരത്തടിച്ച് നാശം വിതയ്ക്കുന്നു. അവ കരയ്ക്കുകയറി ശക്തി കുറഞ്ഞ് വടക്കുപടിഞ്ഞാറു ദിശയിലേക്ക് നീങ്ങുന്നു. ഈ അവസരങ്ങളിൽ ഇന്ത്യയിൽ പൊതുവെ നല്ല മഴ ലഭിക്കുന്നു. ചില ചുഴലിക്കാറ്റുകൾ തമിഴ്നാട് തീരം കടന്ന് കേരളത്തിൽക്കൂടി അറബിക്കടലിൽ പ്രവേശിക്കും. കടലിൽ അവ വീണ്ടും ശക്തിപ്രാപിക്കുന്നതിനാൽ കേരളത്തിൽ നല്ല മഴയും വെള്ളപ്പൊക്കവുമുണ്ടാകാറുണ്ട്. എന്നാൽ കടലിൽ നിന്നും നേരിട്ടു ചുഴലിക്കാറ്റുകൾ കേരളത്തിൽ പ്രവേശിക്കാറില്ല. ഏഷ്യയിലെ പല രാജ്യങ്ങളിലും മൺസൂൺ അനുഭവപ്പെടുന്നുണ്ടെങ്കിലും ഇന്ത്യൻ മൺസൂൺ വളരെ ശ്രേഷ്ഠമാണ്. അതിനേക്കാൾ വിശിഷ്ടമാണ് കേരളത്തിലെ മൺസൂൺ. ഇന്ത്യയുടെ വടക്ക്, കിഴക്കുപടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന ഹിമാലയപർവ്വതവും കേരളത്തിന്റെ കിഴക്ക് തെക്കു-വടക്കായി സ്ഥിതിചെയ്യുന്ന സഹ്യപർവതവു മാണിതിനു കാരണം. ഈ രണ്ടു പർവ്വതനിരകളും മൺസൂൺ കാറ്റിനെ നമുക്കനുകൂലമായ വിധത്തിൽ മഴപെയ്യിക്കാൻ പ്രാപ്തമാണ്.

## ഉഷ്ണകാലം (മാർച്ച്-മേയ്)

അറബിക്കടലിന്റെ സാമീപ്യംമൂലം അമിതമായ ചൂട് നമുക്കനുഭവപ്പെടുന്നില്ല. മലനാട്ടു ഭാഗത്ത് സ്ഥലത്തിന്റെ ഉയരം മൂലം തണുപ്പുണ്ട്. വടക്കുകിഴക്കുനിന്നും വീശുന്ന ചൂടുകാറ്റിനെ സഹ്യപർവ്വതം തടഞ്ഞുനിറുത്തുന്നു. എങ്കിലും പാലക്കാട്ടു വിടവു വഴിയും തെക്കുള്ള തെന്നല ചുരം വഴിയും ചൂടുകാറ്റ് കേരളത്തിൽ പ്രവേശിക്കുന്നതിനാൽ പാലക്കാട്ടും പുനലൂരുമാണ് കൂടുതൽ ചൂടനുഭവപ്പെടുന്ന പ്രദേശങ്ങൾ. പാലക്കാട് 41.9 ഡിഗ്രി സെൽഷ്യസും പുനലൂരിൽ 40.6 ഡിഗ്രി സെൽഷ്യസും രേഖപ്പെടുത്തിയിട്ടുണ്ട്. ഉത്തരേന്ത്യയിൽ ഈ കാലത്ത് 50 ഡിഗ്രി സെൽഷ്യസിൽ കൂടുതൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉച്ചയോടുകൂടി ആരംഭിക്കുന്ന കടൽക്കാറ്റ് ചൂടിനെ ഒരുപരിധിവരെ മയപ്പെടുത്തുന്നു.

## തണുപ്പുകാലം (ജനുവരി-ഫെബ്രുവരി)

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അനുഭവപ്പെടുന്നതു പോലെ അസഹ്യമായ തണുപ്പ് കേരളത്തിലില്ല. സമുദ്രസാമീപ്യവും സഹ്യപർവ്വതനിരകളും നമ്മെ സഹായിക്കാനുണ്ട്. പുനലൂരും പാലക്കാട്ടുമാണ് കേരളത്തിലെ സമതലപ്രദേശങ്ങളിൽ ഏറ്റവും കുറഞ്ഞ ചൂട് രേഖപ്പെടുത്തിയിട്ടുള്ളത്. പുനലൂരിൽ 12.9 ഡിഗ്രി സെൽഷ്യസ് വരെയും പാലക്കാട്ട് 14 ഡിഗ്രി സെൽഷ്യസ് വരെയും മെർക്കുറി നില താണിട്ടുണ്ട്.

## ഭൂകമ്പം/ ഭൂമികുലുക്കം

വലിയ ഭൂകമ്പങ്ങൾ കേരളത്തിലുണ്ടാകാനുള്ള സാധ്യതയില്ല. ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ ചെറിയ ഭൂചലനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭിത്തിയിലെ വിള്ളലുകളോ, ഭൂമിയിൽ ചില പിളർപ്പുകളോ അല്ലാതെ ആർക്കും ജീവഹാനി സംഭവിച്ചതായി രേഖകളില്ല. റിക്ടർ-സ്കെയിലിൽ അഞ്ചിൽ കുറവായ ഭൂചലനങ്ങളൊന്നും വലിയ അപകടകാരികളല്ല. അതിൽ താഴെവരുന്നതു മാത്രമേ കേരളത്തിലനുഭവപ്പെട്ടിട്ടുള്ളൂ.

## ഇടിമിന്നൽ

ഉഷ്ണകാലത്ത് ഉച്ചയ്ക്ക് ശേഷമുണ്ടാകുന്ന മിന്നലും മഴയും കേരളീയർക്ക് പരിചിതമാണ്. മൺസൂണിന്റെ ആരംഭത്തിലും തുലാവർഷകാലത്തും ഇടിമിന്നൽ സാധാരണമാണ്. ഓരോ വർഷവും ഏതാനും മനുഷ്യജീവൻ ഈ പ്രതിഭാസത്തിൽ നഷ്ടപ്പെടാറുണ്ട്.

## ആലിപ്പഴം /മൂടൽമഞ്ഞ്

ആലിപ്പഴവർഷം മൂലം ചില രാജ്യങ്ങളിൽ കൃഷിനാശം സംഭവിക്കാറുണ്ട്. കേരളത്തിൽ ഈ പ്രതിഭാസം വളരെ വിരളമാണ്. ഉയർന്ന പ്രദേശങ്ങളിൽ ഇതിന്റെ സാധ്യത കൂടുതലാണ്. മൂടൽമഞ്ഞുമൂലം വ്യോമ-നാവിക -റെയിൽ ഗതാഗതം തടസ്സപ്പെടുന്നതു തണുപ്പുകാലത്തു പതിവാണ്. കേരളത്തിൽ ഇത് വളരെ വിരളമാണ്. എന്നാൽ കിഴക്കൻ മലകളിൽ മഞ്ഞ് അസാധാരണമല്ല.

## ഉഷ്ണക്കാറ്റ് /ശീതക്കാറ്റ്

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഈ പ്രതിഭാസങ്ങൾമൂലം ഓരോ വർഷവും അനേകം പേർ മരണപ്പെടുന്നു. കേരളത്തിൽ ഈ പ്രതിഭാസങ്ങൾ ഉണ്ടാകാറില്ല.

ഇങ്ങനെ നോക്കിയാൽ പ്രകൃതിദുരന്തങ്ങൾ ഏറ്റവും കുറവായ ഒരു സംസ്ഥാനമാണ് ദൈവത്തിന്റെ സ്വന്തം നാടായ കേരളം. മാറ്റം വന്നിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദി നമ്മൾ തന്നെയാണ്.

**ഇങ്ങനെ നോക്കിയാൽ പ്രകൃതിദുരന്തങ്ങൾ ഏറ്റവും കുറവായ ഒരു സംസ്ഥാനമാണ് ദൈവത്തിന്റെ സ്വന്തം നാടായ കേരളം. മാറ്റം വന്നിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദി നമ്മൾ തന്നെയാണ്**

*(ലേഖകൻ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുൻ ഡയറക്ടറാണ്. ഫോൺ: 9249245960)*

# ഗുരുവായൂർ സത്യാഗ്രഹം വീണ്ടും വായിക്കുമ്പോൾ

**ടി.വി. അബ്ദുറഹിമാൻ കുട്ടി**

20163 പേർ വോട്ട് രേഖപ്പെടുത്തിയതിൽ 8000 സ്ത്രീകൾ ഉൾപ്പെടെ 15568 പേർ ക്ഷേത്രപ്രവേശനത്തിന് അനുകൂലമായി വോട്ട് ചെയ്തു. 2100 പേർ നിഷ്പക്ഷതയും 2779 പേർ പ്രതികൂലമായും വോട്ട് ചെയ്തു. ഏതാണ്ട് 77 ശതമാനത്തോളം അനുകൂലമായി വോട്ട് ചെയ്തു. പോരാട്ടവീഥിയിലെ തിളക്കമാർന്ന വിജയമായിരുന്നു ഹിതപരിശോധനാഫലം.

### അവസാനഭാഗം

ഉപവാസം നിർത്താൻ ഗാന്ധിജി നിർദ്ദേശിച്ചെങ്കിലും ലക്ഷ്യം നിറവേറാൻ അദ്ദേഹത്തിന്റെ രീതിയിലുള്ള ശ്രമങ്ങൾ തുടർന്നു. ക്ഷേത്രം സ്ഥിതിചെയ്യുന്ന പൊന്നാനി താലൂക്കിൽ സവർണരുടെ ഇടയിൽ ഹിതപരിശോധന നടത്താൻ ഗാന്ധിജി നിർദേശിച്ചു. കെ.മാധവൻ നായരെ ഡയറക്ടറായി നിയോഗിച്ചു. ഗാന്ധിജി ജയിലിലായതിനാൽ കസ്തൂർബാഗാന്ധിയെയും ഊർമിളാദേവിയെയും സഹായത്തിനായി ചുമതലപ്പെടുത്തി. വടക്ക് പരപ്പനങ്ങാടി, പൂരപ്പുഴ, തെക്ക് കൊടുങ്ങല്ലൂർ, ആല, പടിഞ്ഞാറ് അറബിക്കടൽ, കിഴക്ക് പട്ടാമ്പിപ്പുഴ, തിരുനാവായ തുടങ്ങിയ പ്രദേശങ്ങൾ അതിരിട്ട അക്കാലത്തെ 66 വില്ലേജുകൾ അടങ്ങിയതായിരുന്നു അവിഭക്ത പൊന്നാനി താലൂക്ക്.അന്നത്തെ മൊത്തം ജനസംഖ്യയിൽ ഹിന്ദുക്കൾ 3,24,500 ആയിരുന്നു. കുട്ടികൾ ഒഴിച്ച് അവരിൽ ക്ഷേത്രങ്ങളിൽ ആരാധന നടത്താൻ അർഹതയുള്ള സവർണ്ണർ 65000 വരും. 18147 സവർണ്ണരുടെ വീടുകളിൽ കോൺഗ്രസ്സ് വളണ്ടിയർമാർ സന്ദർശിച്ചു. സ്ത്രീകൾ ഉൾപ്പെടെ 27465 പേരെ സമീപിച്ചു. 7302 പേർ അഭിപ്രായം രേഖപ്പെടുത്താൻ വിസമ്മതിച്ചു. 20163 പേർ വോട്ട് രേഖപ്പെടുത്തിയതിൽ 8000 സ്ത്രീകൾ ഉൾപ്പെടെ 15568 പേർ ക്ഷേത്രപ്രവേശനത്തിന് അനുകൂലമായി വോട്ട് ചെയ്തു. 2100 പേർ നിഷ്പക്ഷതയും 2779 പേർ പ്രതികൂലമായും വോട്ട് ചെയ്തു. ഏതാണ്ട് 77 ശതമാനത്തോളം അനുകൂലമായി വോട്ട് ചെയ്തു. പോരാട്ടവീഥിയിലെ തിളക്കമാർന്ന വിജയമായിരുന്നു ഹിതപരിശോധനാഫലം.

1931 നവംബറിൽ ആരംഭിച്ച് 1932 ഒക്ടോബർ വരെ ഒരു വർഷം നീണ്ടുനിന്ന സമരമായിരുന്നുവെങ്കിലും അതിന്റെ അലയടികൾ 1933 ഫെബ്രുവരി 4 വരെ നിലനിന്നു. ക്ലേശകരമായ പോരാട്ടം ക്ഷേത്രപ്രവേശന ലക്ഷ്യത്തിലേക്കുള്ള സുപ്രധാന കാൽവെയ്പായിരുന്നു. സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള പല ചെറിയ ക്ഷേത്രങ്ങളും അവർണർക്ക് കൂടി തുറന്നുകൊടുത്തു. വന്നേരിനാടിന്റെ ചരിത്രത്തിൽ മറ്റു പോരാട്ടങ്ങളെ അപേക്ഷിച്ച് സുവർണ്ണ അധ്യായം തുന്നിച്ചേർത്തതായിരുന്നു ഈ സമരം.

മൊയാരത്ത് ശങ്കരൻ, കെ.രാമമേനോൻ, കെ.പി.കയ്യാലക്കൽ, എം. കാർത്ത്യായനിഅമ്മ, സി. കുട്ടൻ നായർ, സി. ദേവകിഅമ്മ, രുക്മിണി അമ്മ, കെ.എൻ.കുഞ്ഞികൃഷ്ണൻ, ഡോ.പി.ജി. നായർ, കെ.പി. കരുണാകര മേനോൻ, വക്കീൽ എൻ. കൃഷ്ണയ്യർ, വക്കീൽ വേളൂർ കൃഷ്ണൻകുട്ടിനായർ, പി.എസ്. നമ്പൂതിരി, സി.പി. രാമപണിക്കർ, കെ.എൻ. നമ്പൂതിരി, ഉണ്ണികൃഷ്ണൻ, മാധവി, ചാവക്കാട് ഹൈസ്കൂളിലെ വിദ്യാർത്ഥികളായ കെ. മീനാക്ഷി, കെ.സി. പത്മാവതി, സി. ഉണ്ണിരാജ തുടങ്ങിയവർ വിവിധ ഘട്ടങ്ങളിൽ അവസരോചിതമായി പോരാട്ടത്തിന് ഊർജ്ജം പകർന്നു.

സത്യാഗ്രഹികൾക്ക് ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുത്തത് പൊന്നാനി താലൂക്കിലെ യുവസമരവളണ്ടിയർമാരായ താലൂക്ക് കോൺഗ്രസ്സ് കമ്മിറ്റി സെക്രട്ടറി പറയരിക്കൽ കൃഷ്ണപണിക്കരും, അഡ്വ: കെ.വി. രാമൻമേനോനും അടങ്ങിയ സംഘമായിരുന്നു. കേളപ്പജി, കൃഷ്ണപ്പിള്ള, എ.കെ.ജി., കൃഷ്ണപണിക്കർ തുടങ്ങിയവർ ഈ പോരാട്ടത്തിൽ വഹിച്ച പങ്ക് അവരുടെ സമരനാൾവഴിയിലെ ജ്വലിക്കുന്ന ഏടുകളാണ്. ക്ഷേത്രപ്രവേശന നിഷേധത്തിനെതിരെയുള്ള പോരാട്ടം സജീവമാക്കാൻ സത്യാഗ്രഹത്തിന്

സാധിച്ചെങ്കിലും ചില സാങ്കേതികപ്രശ്നങ്ങളാൽ ക്ഷേത്രം ഉടനടി അവർണ്ണർക്ക് തുറന്നു കൊടുക്കാൻ സാധ്യമായില്ല. നിലവിലുള്ള നിയമക്രമപ്രശ്നങ്ങൾ പരിഹരിക്കാൻ ഡോ. സുബ്ബരാജന്റെ നേതൃത്വത്തിൽ മദ്രാസ് അസംബ്ലിയിൽ ഒരു ബില്ല് അവതരിപ്പിക്കാൻ ശ്രമിച്ചെങ്കിലും ഫലം കണ്ടില്ല.

ഗുരുവായൂർ സത്യാഗ്രഹത്തിന് മുമ്പ് 1924 - 25 കളിൽ നടന്ന വൈക്കം സത്യാഗ്രഹം വിജയകരമായി പര്യവസാനിച്ച പോരാട്ടമാണ്. വൈക്കം നഗരവും പരിസരവും കേന്ദ്രീകരിച്ച് വിരാജിക്കുന്ന പ്രസിദ്ധ ക്ഷേത്രമാണ് വൈക്കം മഹാദേവക്ഷേത്രം. മൂന്ന് ഭാവങ്ങളുള്ള വൈക്കത്തപ്പനെ രാവിലത്തെ ദർശനം കൊണ്ട് അറിവും ഉച്ചയ്ക്ക് സർവ്വവിജയവും വൈകിട്ട് സുഖജീവിതവും ലഭിക്കുമെന്ന് ഭക്തർ വിശ്വസിക്കുന്നു. ക്ഷേത്രത്തിൽ മാത്രമല്ല പരിസരങ്ങളിൽപ്പോലും വഴിനടക്കൽ അവർണ്ണർക്ക് കർശനമായി വിലക്കേർപ്പെടുത്തിയിരുന്നു. ഇതിന്റെ ഭാഗമായി അവർണ്ണർക്ക് പല പ്രസിദ്ധ ക്ഷേത്രനടകളിലും ഈ രീതി നിലനിന്നു. ഇതിനെതിരെ 1924 മാർച്ച് 30ന് വൈക്കത്തെ ക്ഷേത്രപരിസരത്ത് ആരംഭിച്ച പോരാട്ടമായിരുന്നു വൈക്കം സത്യാഗ്രഹം. മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജാഥ തിരുവനന്തപുരത്ത് മഹാറാണി സേതുലക്ഷ്മി ഭായിയെ സന്ദർശിച്ച് നിവേദനം സമർപ്പിച്ചു.

ക്ഷേത്രപ്രവേശനത്തിന് അനുകൂലമായ പൊതുജനാഭിപ്രായം ക്രമാനുഗതമായി രൂപപ്പെടുത്തുന്നതിൽ ഗുരുവായൂർ സത്യാഗ്രഹംപോലെ തന്നെ വൈക്കം സത്യാഗ്രഹവും നിർണ്ണായക പങ്കുവഹിച്ചിരുന്നു. സത്യാഗ്രഹം ഏതാണ്ട് ഇരുപത് മാസത്തോളം നീണ്ടുനിന്നു. കെ.പി. കേശവമേനോൻ, ടി.കെ. മാധവൻ, കെ. കേളപ്പൻ, കെ.കുമാർ, മന്നത്ത് പത്മനാഭൻ, സി.വി. കുഞ്ഞിരാമൻ, ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, ജോർജ് ജോസഫ്, കുരുവിള മാത്യു തുടങ്ങിയവർ സമരത്തോടനുബന്ധിച്ച് ജയിൽവാസമനുഭവിച്ചു.

സത്യാഗ്രഹം ദേശീയശ്രദ്ധ ആകർഷിച്ചതിനെ തുടർന്ന് ഗാന്ധിജി വൈക്കത്തെത്തി ഊരാളനായ ഇണ്ടംതിരുത്തി നമ്പ്യാതിരിയുമായും ക്ഷേത്രഭാരവാഹികളുമായും സംഭാഷണം നടത്തിയിരുന്നു. നമ്പ്യാതിരിയും ഗാന്ധിജിയും തമ്മിലുള്ള സംഭാഷണം പ്രത്യേകം പണിത ഒരു കെട്ടിടത്തിലാണ് നടന്നത്. വിദേശങ്ങളിൽ പഠിച്ച് ഉന്നത ബിരുദം നേടി വന്നവർക്ക് പോലും പല നമ്പൂതിരി മനകളിലും പ്രവേശനം അനുവദിച്ചിരുന്നില്ല. ശ്രീനാരായണഗുരു വൈക്കത്ത് എത്തി സത്യാഗ്രഹികളെ ആശീർവദിച്ചു. മഹാത്മാഗാന്ധി അരുവിപ്പുറത്തെത്തി ദീർഘനേരം ഗുരുവുമായി ആശയവിനിമയം നടത്തി. ഇക്കാലത്താണ് ഗാന്ധിജിയെ നേരിൽ കാണാൻ ഇടയായ മഹാകവി വള്ളത്തോൾ അദ്ദേഹത്തിന്റെ ആദർശങ്ങളിലും ജീവിതമൂല്യങ്ങളിലും കൂടുതൽ ആകൃഷ്ടനായി ജീവിതാന്ത്യംവരെ ഗാന്ധിയൻമാർഗ്ഗം സ്വീകരിച്ചത്.

1925 നവംബറിൽ വൈക്കം സത്യാഗ്രഹം വിജയകരമായി പര്യവസാനിച്ചു. തന്മൂലം അമ്പലപ്പുഴ, ശുചീന്ദ്രം, തിരുവാർപ്പ് തുടങ്ങിയ മറ്റു ക്ഷേത്രങ്ങളിലെ വഴികളിലും ഈ ആനുകൂല്യം ലഭിച്ചു. 1929ൽ തിരുവിതാംകൂറിലെ മുഴുവൻ ക്ഷേത്രനിരത്തുകളും എല്ലാ വിഭാഗം ഹിന്ദുക്കൾക്കും സഞ്ചാരസ്വാതന്ത്ര്യം അനുവദിച്ചു. ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ് 1937 നവംബർ 12 - ന് തിരുവിതാംകൂർ ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിക്കാൻ ഈ പോരാട്ടം വഴിയൊരുക്കി. ജനനത്താലോ മതത്താലോ ഹിന്ദുവായ മുഴുവൻ പേർക്കും നമ്മുടെയും നമ്മുടെ ഭരണകൂടത്തിന്റെയും നിയന്ത്രണത്തിലുള്ള മുഴുവൻ ക്ഷേത്രങ്ങളിലും പ്രവേശിക്കുന്നതിനോ ആരാധിക്കുന്നതിനോ ഇന്നുമുതൽ ഭാവിയിൽ യാതൊരു വിരോധവും ഉണ്ടായിരിക്കുന്നതല്ല എന്നതാണ് വിളംബരത്തിന്റെ സംഗ്രഹം. 1947 ജൂൺ 12ന് മദിരാശി സർക്കാരിന്റെ ക്ഷേത്രപ്രവേശന ഉടമ്പടിയോടെ ഗുരുവായൂർ ക്ഷേത്രം ഉൾപ്പെടെ മുഴുവൻ ക്ഷേത്രങ്ങളിലും ഹിന്ദുക്കളിൽ എല്ലാ വിഭാഗം ജാതിക്കാർക്കും ക്ഷേത്ര പ്രവേശനത്തിന് അനുമതി ലഭിച്ചു.

1925 നവംബറിൽ വൈക്കം സത്യാഗ്രഹം വിജയകരമായി പര്യവസാനിച്ചു. തന്മൂലം അമ്പലപ്പുഴ, ശുചീന്ദ്രം, തിരുവാർപ്പ് തുടങ്ങിയ മറ്റു ക്ഷേത്രങ്ങളിലെ വഴികളിലും ഈ ആനുകൂല്യം ലഭിച്ചു. 1929ൽ തിരുവിതാംകൂറിലെ മുഴുവൻ ക്ഷേത്രനിരത്തുകളും എല്ലാ വിഭാഗം ഹിന്ദുക്കൾക്കും സഞ്ചാരസ്വാതന്ത്ര്യം അനുവദിച്ചു.


**റഫറൻസ്**

1. കോൺഗ്രസ്സും കേരളവും - ബാരിസ്റ്റർ എ.കെ. പിള്ള
2. എന്റെ ജീവിത കഥ - എ.കെ. ഗോപാലൻ
3. കേളപ്പൻ - ജീവചരിത്രം - പ്രൊഫ. എം.പി. മന്മഥൻ
4. വന്നേരിനാട്ടിലെ വെന്നിക്കൊടി - സി. ഉണ്ണിരാജ
5. കേരളത്തിലെ പ്രധാന ക്ഷേത്രങ്ങളിലൂടെ - കുഞ്ഞുകുട്ടൻ ഇളയത്
6. വന്നേരിനാട് -പി.കെ. റഹീം



*(ലേഖകൻ അധ്യാപകനും ഒമ്പത് ചരിത്രകൃതികളുടെ രചയിതാവുമാണ്. മൊബൈൽ- 9495095336)*

# അക്കരെ കൂവിയാൽ ഇക്കരെ മരണമുറപ്പോ?

ഡോ. വട്ടവിള വിജയകുമാർ

പൂവ്വാ ....പൂവ്വാ ....പൂവ്വാ എന്നല്ലേ കാലൻകോഴി ചോദിക്കണത്. നശൂലം കാലനെ കണ്ടിരിക്കും.

വല്യമ്മച്ചി എവിടെ പോണ കാര്യമാ പറയണത്?

കാലന്റെയടുക്കല് ! അല്ലാതെവിടെയാ.

വല്യമ്മച്ചിയുടെ പരിഭവം പറച്ചില് കേട്ട് കൊച്ചുമോൻ ഊറിയൂറി ചിരിച്ചു.

വല്യമ്മച്ചി വീണ്ടും പിറുപിറുത്തു. അക്കരെ കൂവിയാൽ ഇക്കരെ മരണം ഉറപ്പ്.

മനുഷ്യമിത്രത്തെ കാലന്റെ പ്രതിരൂപമെന്നു വിളിച്ച് വിലപിക്കുന്ന പഴയതലമുറയുടെ ജൽപനത്തിന് ചിലപ്പോഴൊക്കെ പുതുതലമുറയും ചെവികൊടുക്കാറുണ്ട്.

എന്റെ കൂടെ പോരുന്നോ എന്ന ധ്വനിയിൽ കരയുന്ന കാലൻകോഴിയെ മനുഷ്യന് ഇന്നും പേടിയാണ്. കാരണം വേറെയൊന്നുമല്ല, അപശകുനം തന്നെ. നമ്മളിൽ ചിലർ എന്തിനും ഏതിനും ശകുനം നോക്കുന്നവരാണല്ലോ. ശുഭശകുനത്തെ കാണുന്നതിനേക്കാൾ അപശകുനത്തെ കാണാതിരിക്കാനാണ് പലപ്പോഴും ശ്രമിക്കുന്നത്. കാരണം അപശകുനം മാനസിക സംഘർഷമുണ്ടാക്കുമത്രേ. പ്രേതകഥകളിലും അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും നിറഞ്ഞുനിൽക്കുന്ന മൂങ്ങകളെ കാണാൻ ചിലരെങ്കിലും ഇഷ്ടപ്പെടുന്നില്ല എന്നതാണ് വാസ്തവം. എന്തിനേറെ അതിന്റെ മൂളൽ പോലും മരണഭയമുണ്ടാക്കുമെന്നു പഴമക്കാർ പറയുമ്പോൾ ഇരുട്ടിന്റെ മറവിൽ ഇവർ പേടിച്ചുപോകും.



ഒരുകാലത്ത് ശകുനം നോക്കി ജീവിച്ച മനുഷ്യന് ചില നിർബന്ധങ്ങളുണ്ടായിരുന്നു. കാലൻകോഴി കരയാൻ പാടില്ല, നായ്ക്കൾ ഓരിയിടാൻ പാടില്ല, പൂച്ച കുറുകെ ചാടാൻപാടില്ല, പല്ലി തലയിൽ വീഴാൻ പാടില്ല.... എന്നൊക്കെ. രാത്രികളിൽ ഇരുട്ട് ഉറഞ്ഞുകൂടിയ ആ പഴയകാലമല്ലല്ലോ ഇപ്പോൾ. നിയോൺ വെളിച്ചം ഇരുട്ടിനെ തുരത്തി പാൽവെളിച്ചം ചൊരിയുകയല്ലേ. എന്നാലും ഇവറ്റകളെ കാണുന്നതും കരച്ചിൽ കേൾക്കുന്നതും ആധുനിക മനുഷ്യനും അരോചകം തന്നെയാണ്. എല്ലാവർക്കുമില്ലെങ്കിലും പഴമക്കാരുള്ള വീട്ടിൽ ആ പേടി ഇന്നും നിലനിൽക്കുന്നുണ്ട്.

പ്രേതകഥകളിലും അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും നിറഞ്ഞുനിൽക്കുന്ന മൂങ്ങകളെ കാണാൻ ചിലരെങ്കിലും ഇഷ്ടപ്പെടുന്നില്ല എന്നതാണ് വാസ്തവം. എന്തിനേറെ അതിന്റെ മൂളൽ പോലും മരണഭയമുണ്ടാക്കുമെന്നു പഴമക്കാർ പറയുമ്പോൾ ഇരുട്ടിന്റെ മറവിൽ ഇവർ പേടിച്ചുപോകും.

## ആരാണ് ഈ കാലൻകോഴി? എന്തിനാണ് അതിനെ പേടിക്കുന്നത്?

മൂങ്ങകളുടെ വർഗത്തിൽപ്പെട്ട ഒരു പക്ഷിയാണ് കാലൻകോഴി. ഏകദേശം ഇരുനൂറോളം ജാതി മൂങ്ങകളുണ്ടെന്നാണ് കണക്ക്. അതിലൊരംഗമാണ് കാലൻകോഴി. മനുഷ്യനെന്ന പേടിത്തൊണ്ടന്റെ പേടികൊണ്ട് വംശം അന്യംനിന്നുപോക

മോയെന്ന ആശങ്കയാൽ ജീവിക്കുന്ന ഒരു പാവം പക്ഷി. എലികളെ കൊന്നൊടുക്കി പരോക്ഷമായി മനുഷ്യന്റെ മിത്രമായി കഴിയുന്ന, രാത്രിമാത്രം സജീവമാകുന്ന ഒരു പക്ഷി.

വിശ്വാസം രക്ഷിക്കും. അന്ധവിശ്വാസം നശിപ്പിക്കും. അന്ധമായ വിശ്വാസം വഴിതെറ്റിക്കും എന്നാണല്ലോ പണ്ഡിത മതം. ഇവിടെ കാലൻകോഴി അന്ധവിശ്വാസത്തിന്റെ ഇരയാണ്. എല്ലാ ജീവജാലങ്ങൾക്കും ആശയ വിനിമയം നടത്താൻ ശബ്ദമുണ്ടല്ലോ. കുറുകിയും മുരണ്ടും മൂളിയും കൂക്കിവിളിച്ചും നീട്ടിപ്പാടിയും ഇണകളെ ആകർഷിക്കാനാണത്. കാലൻകോഴിയും വികാരവും വിചാരവുമുള്ള പക്ഷിയല്ലേ. അതിന്റെ ശബ്ദമിത്തിരി കടുത്തുപോയതിന്റെ പേരിലോ കേൾക്കാൻ സുഖമില്ലാത്തതിന്റെ പേരിലോ നമ്മൾ ആ കരച്ചിലിനെ അപശകുനത്തിൽപെടുത്തി. മാത്രമല്ല, കണ്ടാൽ കല്ലെറിഞ്ഞോടിക്കുക എന്ന മാനസികാവസ്ഥയും നമുക്കുണ്ടായി.

രൂപവും മുഖലക്ഷണവും കൊണ്ട് എളുപ്പത്തിൽ തിരിച്ചറിയാൻ പറ്റുന്ന പക്ഷിയാണ് മൂങ്ങ. മൂങ്ങ വർഗ്ഗത്തിൽപ്പെട്ടവരുടെ ശബ്ദം പൊതുവെ അരോചകമാണല്ലോ. അതിൽ കാലൻ കോഴിയുടേത് കുപ്രസിദ്ധവുമാണ്. ഏകദേശം ഗരുഡന്റെ വലിപ്പമുണ്ട് കാലൻകോഴിക്ക്. സ്ട്രിക്സ് ഒസേല്ലേറ്റ (Strix ocellata-Mottled wood owl) എന്നാണ് കാലൻകോഴിയുടെ ശാസ്ത്ര നാമം. ദേഹമാകെ തവിട്ടു നിറം. കരിതേച്ചപോലെ തോന്നുന്ന മുഖം. മുഖത്തിന് ഇരുവശവും കറുത്തവരകൾ കാണാം. കൊക്കിനു താഴെ ഉറുമാലുകെട്ടിയതുപോലെയുള്ള അടയാളം. മുതുകത്തെ തൂവലുകൾക്ക് സ്വർണം തേച്ചനിറം. മാറിടത്തിലും ഉദരത്തിലും കറുത്തവരകൾ. കാലുകൾ തൂവലുകളാൽ സമൃദ്ധം. ഇതൊക്കെയാണ് കാലൻകോഴിയെന്ന മൂങ്ങയെക്കുറിച്ചുള്ള ലഘുവിവരണം. മൂങ്ങകളുടെ പഥ്യാഹാരം എലി, ഓന്ത്, ഗൗളി എന്നീ ജീവികളാണ്. കാലൻകോഴിക്ക് പ്രത്യേകിച്ച് എലിയാണ് മുഖ്യാഹാരം.

പകൽ പതുങ്ങുന്ന കാലൻകോഴി മിക്കവാറും ഇലകൾ സമൃദ്ധമായ വൃക്ഷശിഖരങ്ങളിലായിരിക്കും കഴിച്ചുകൂട്ടുക. എപ്പോഴും ഇണകൾക്കൊപ്പമിരിക്കാനാണ് അവയ്ക്കിഷ്ടം. പെണ്ണിന് ആണിനേക്കാൾ വലിപ്പമുണ്ട്. ഡിസംബർ -ഫെബ്രുവരി മാസങ്ങളിലാണ് ഇണചേരുന്നതെങ്കിലും അതിനുള്ള മുന്നൊരുക്കങ്ങൾ അല്പം നേരത്തെ തുടങ്ങും. അതായത് നവംബറിൽ അതിന്റെ സൂചന തുടങ്ങും. അനുയോജ്യമായ ഇണയെ കിട്ടിയാൽ ഒട്ടിയിരുന്നു മൂളൽ തുടങ്ങും. പിന്നെ അതൊരു കരച്ചിലോ പാട്ടോ ആകും. ആണിന്റെ നീണ്ട രണ്ടു വിളികൾക്കിടയിൽ പെണ്ണ് ശബ്ദം താഴ്ത്തി കുറുകും. ഇണചേരുന്ന സമയത്താണ് കൂവലും ഖര ഖര ശബ്ദവും പതിവാകുന്നത്. അരോചകമെന്നു നമ്മൾ വിധിയെഴുതപ്പെട്ട ആ ശബ്ദമാണ് കാലൻകോഴിയെ കാലന്റെ പ്രതിരൂപമാക്കിയത്. തന്നോടൊപ്പമുള്ള ഇണയെ സന്തോഷിപ്പിക്കാനോ അല്ലെങ്കിൽ ശത്രുവിന്റെ സാന്നിധ്യം തിരിച്ചറിഞ്ഞ് ഒപ്പമുള്ളവർക്ക് ജാഗ്രത നല്കുന്നതിനുവേണ്ടിയോ പുറപ്പെടുവിക്കുന്ന ആ ശബ്ദമല്ലേ കാലൻകോഴിയെന്ന മൂങ്ങയെ നമ്മളിൽ നിന്നകറ്റുന്നത്.



മന്ത്രവാദം എവിടെ നടന്നാലും കോഴിക്ക് കിടക്കപ്പൊറുതിയില്ലെന്നു പറയുന്നതെത്ര ശരിയാണ്. മൂങ്ങകൾക്കും മോശം കാലംതന്നെയാണ്. അതും കാലൻകോഴി കൂവിയാൽ മരണമുറപ്പെന്ന വിശ്വാസം നിലനിൽക്കുന്നിടത്തോളം കാലം. ഈ ഭൂമുഖത്ത് എല്ലാം തികഞ്ഞവനാണ് ഞാനെന്ന് അഹങ്കരിക്കുമ്പോഴും അന്ധവിശ്വാസം മനുഷ്യനെ ഒഴിയാബാധപോലെ പിന്തുടരുന്നു. അസ്വസ്ഥതയുടെ നീരാളിപ്പിടിത്തത്തിലാണ് അവന്റെ മനസ്. എപ്പോഴും പിരിമുറുക്കം അവനെ പിടിമുറുക്കിക്കൊണ്ടിരിക്കുന്നു. എന്തുചെയ്താലും എന്തുനേടിയാലും തൃപ്തിവരാത്ത അവന്റെ മനസ് നിഗൂഢ

**കാലൻകോഴിയും വികാരവും വിചാരവുമുള്ള പക്ഷിയല്ലേ. അതിന്റെ ശബ്ദമിത്തിരി കടുത്തുപോയതിന്റെ പേരിലോ കേൾക്കാൻ സുഖമില്ലാത്തതിന്റെ പേരിലോ നമ്മൾ ആ കരച്ചിലിനെ അപശകുനത്തിൽപെടുത്തി. മാത്രമല്ല, കണ്ടാൽ കല്ലെറിഞ്ഞോടിക്കുക എന്ന മാനസികാവസ്ഥയും നമുക്കുണ്ടായി.**



**മൂങ്ങകൾക്കും മോശം കാലംതന്നെയാണ്. അതും കാലൻകോഴി കൂവിയാൽ മരണമുറപ്പെന്ന വിശ്വാസം നിലനിൽക്കുന്നിടത്തോളം കാലം. ഈ ഭൂമുഖത്ത് എല്ലാം തികഞ്ഞവനാണ് ഞാനെന്ന് അഹങ്കരിക്കുമ്പോഴും അന്ധവിശ്വാസം മനുഷ്യനെ ഒഴിയാബാധപോലെ പിന്തുടരുന്നു.**

ശാസ്ത്രങ്ങളിൽ അഭയംതേടാൻ ശ്രമിക്കുന്നു. പണ്ടുള്ളവർ നെയ്തെടുത്ത തെറ്റായ വിശ്വാസങ്ങളെ നമ്മളെന്തിനാണ് മുഖവിലയ്ക്കെടുക്കുന്നത്?

ഇരുട്ടിന്റെ സന്തതിയാണ് ഭയമെന്ന വികാരം. ഇരുട്ടിന്റെ മറയിൽ ജന്മംകൊണ്ട ഒരുപാടു മുത്തശ്ശിക്കഥകൾ ഇന്നും നിലനിൽക്കുന്നുണ്ട്. അതൊക്കെ ഇളംതലമുറയ്ക്ക് പറഞ്ഞുകൊടുക്കാനുള്ള കുസൃതി കഥകളായി കണ്ടാൽ പോരെ. കാലൻകോഴി കരഞ്ഞാൽ എങ്ങനെയാണ് മരണം നടക്കുക. അതിന്റെ പേരിൽ നാമെന്തിനാണ് ഭയപ്പെടുന്നത്. അതൊരു സാധാരണ പക്ഷിയല്ലേ. അതിനെ എന്തിനാണ് ആട്ടിയോടിക്കുന്നത്. അതും സുഖമായി നമ്മൾക്കൊപ്പം ജീവിക്കട്ടെ. അത് നമ്മുടെ മിത്രമല്ലേ. രോഗാണുക്കളെ പേറുന്ന, കൃഷിക്ക് നാശമുണ്ടാക്കുന്ന എലികളെ കൊന്നൊടുക്കുന്ന മിത്രം. ഇങ്ങനെ പറഞ്ഞുകൊടുക്കുന്നതിനുപകരം കാലൻകോഴിയെ അപശകുനത്തിന്റെ പ്രതീകമാക്കാനാണ് നമുക്ക് താല്പര്യം. കാലൻകോഴിയായാലും വെള്ളിമൂങ്ങയായാലും ശരി അന്ധവിശ്വാസത്തിന്റെ പേരിൽ അവയ്ക്കൊന്നും ജീവഹാനി സംഭവിക്കരുത്.

നമ്മൾ മലയാളികൾ സാക്ഷരതയിൽ മുമ്പിലാണെങ്കിലും അന്ധവിശ്വാസത്തിൽ ഒട്ടും പിന്നിലല്ല. മന്ത്രവാദത്തിലും ആഭിചാരക്രിയകളിലും രഹസ്യമായും പരസ്യമായും ഏർപ്പെടുന്നവരുടെ എണ്ണം മുമ്പത്തേക്കാളേറെയാണ്. ശരീരത്തിൽ നിന്ന് ആത്മാവ് വേറിട്ടുപോകുന്നത് (ആസ്ട്രൽ പ്രൊജക്ഷൻ) കാണാൻ ശ്രമിച്ച കേഡൽ ജീൻസ് രാജ അച്ഛനമ്മമയുമടക്കം നാലുപേരെ കൊലപ്പെടുത്തിയതും അന്ധവിശ്വാസത്തിന്റെ പേരിലാണ്.

നാം ഇന്നനുഭവിക്കുന്ന എല്ലാ സുഖസൗകര്യങ്ങളും ശാസ്ത്രസാങ്കേതിക വൈദഗ്ധ്യത്തിന്റെയും മനുഷ്യന്റെ സ്വതന്ത്രമായ ചിന്തകളുടെയും ഫലമാണ്. ഇന്നലെ എന്തെങ്കിലും തെറ്റായി പഠിച്ചിട്ടുണ്ടെങ്കിൽ ആരെങ്കിലും പഠിപ്പിച്ചിട്ടുണ്ടെങ്കിൽ തിരുത്തണം. വിദ്യാഭ്യാസം കൊണ്ട് അർഥമാക്കുന്നതും അതുതന്നെയാണ്. രാഹുകാലങ്ങളിൽ യാത്ര അരുതെന്ന് പറയുന്നതും തിങ്കൾ,ബുധൻ, ശനി ദിവസങ്ങളിൽ മരണമന്വേഷിച്ചു പോകരുതെന്ന് (ചിലയിടങ്ങളിൽ പ്രത്യേകിച്ച് തിരുവനന്തപുരത്ത്) പറയുന്നതും മരണദിവസം കരിനാളുണ്ടെങ്കിൽ പാവം കരിങ്കോഴിയുടെ തലയറുത്ത് അല്ലെങ്കിൽ നഖമറുത്ത് ദോഷം തീർക്കുന്നതും അന്ധവിശ്വാസത്തിന് ഉദാഹരണങ്ങളാണ്. ഒരാളെ കൊല്ലാനോ തോല്പിക്കാനോ അപകടത്തിൽപ്പെടുത്താനോ നടത്തുന്ന ആഭിചാരക്രിയകളിൽ വശംവദരായി സാമ്പത്തികനഷ്ടവും മാനഹാനിയുമൊക്കെ നേരിട്ട ഒരുപാടുപേർ നമുക്കു ചുറ്റുമുണ്ട്. ശത്രുവിജയത്തിനും ധനാഗമത്തിനും വിദ്യാവിജയത്തിനും ഒന്നിലധികം ഏലസ്സ് ധരിച്ചുനടക്കുന്നവരും സാക്ഷരകേരളത്തിൽ കുറവല്ല. മാന്ത്രിക ഏലസ്സുകൾ നിർമ്മിച്ച് പാവങ്ങളെ പറ്റിച്ച് പണക്കാരായവർ അയ്യോ പറ്റിച്ചല്ലോയെന്നമട്ടിൽ വെളുക്കെചിരിച്ചുനടക്കുന്നു.

അന്ധവിശ്വാസങ്ങളിൽ നിന്ന് നാം മുക്തി നേടണം. കാലൻകോഴി കൂവട്ടെ. പൂച്ച കുറുകെ ചാടട്ടെ. കാക്ക തലയിൽ കാഷ്ഠിക്കട്ടെ. പല്ലി ചിലയ്ക്കട്ടെ. അതൊന്നും നമ്മളെ ദ്രോഹിക്കാനല്ല. ഒരു ജീവിയും നമുക്കെതിരല്ല. ഒരു ചെടിയും (ആന്തൂറിയം, അഡീനിയം, കള്ളിച്ചെടികൾ മുതലായവ) നിഷേധാത്മകമായ ഊർജം (നെഗറ്റീവ് എനർജി) നമുക്കെതിരെ പ്രസരിപ്പിക്കുന്നില്ല. ഒരുകാര്യമുറപ്പിച്ചുപറയാം. ഈ ലോകത്ത് നെഗറ്റീവ് എനർജി പ്രസരിപ്പിക്കാൻ മനുഷ്യന് മാത്രമേ കഴിയുകയുള്ളൂ. പ്രകൃതിയെ എല്ലാത്തരത്തിലും നശിപ്പിച്ചുകൊണ്ടിരിക്കുന്ന മനുഷ്യന് മാത്രം.

*(പംക്തികാരൻ തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജിലെ സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്. ഫോൺ 9447342497)*

# പുഴയ്ക്ക് പുനർജന്മം നൽകിയ തൊഴിലുറപ്പിന്റെ വിജയഗാഥ

## ബുധനൂർ ഗ്രാമപഞ്ചായത്ത് - ഒരു ഹരിതകേരളം പദ്ധതി

**അഡ്വ. പി. വിശ്വംഭരപണിക്കർ**

പുഴയ്ക്കൊരു പുതുജീവിതം നല്കാൻ തൊഴിൽശക്തി ഉണർന്നതിന്റെ ഫലപ്രദമായ പരിണതിയാണ് ബുധനൂർ പഞ്ചായത്ത് ആഘോഷിക്കുന്നത്.

ചരിത്ര താളുകളിലേക്ക് ഒടുങ്ങുകയായിരുന്ന മരിച്ച പുഴയുടെ പുനർജൻമമെന്ന അപൂർവ്വ നേട്ടമാണ് ബുധനൂർ പഞ്ചായത്തിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ ഈ വിജയഗാഥ.

700 -ൽ ഏറെ തൊഴിലാളികൾ, ഏറെയും സ്ത്രീകൾ. പ്രഭാതം മുതൽ പ്രദോഷം വരെ പണിയെടുത്ത് മരിച്ച പുഴയിലെ നീരൊഴുക്ക് പുനസ്ഥാപിച്ചു. സമീപത്തെ ജലസ്രോതസ്സുകളിൽ ശുദ്ധജലം ലഭ്യമായി. വരൾച്ചയെ നേരിടുവാൻ കൈക്കരുത്തിന്റെ അപൂർവ്വ സംഭാവന. പ്രകൃതിയെ സംരക്ഷിക്കുന്ന മനുഷ്യാധ്വാനത്തിന്റെ നേർക്കാഴ്ച.

ചെങ്ങന്നൂർ പൊതുവെ മൃതനദികളുടെ പ്രദേശമാണ്. കുട്ടമ്പേരൂർ ആറും വരട്ടാറും ഉത്തരപ്പള്ളിയാറുമൊക്കെ അവയിൽ ചിലതുമാത്രം. പുണ്യനദിയായ പമ്പയാറിനെയും അച്ചൻകോവിലാറിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന 12





ഏകദേശം 5 കി.മീ ചുറ്റളവുള്ള കിണറുകളിലെയും കുളങ്ങളിലെയും മലിനജലം മാറി ശുദ്ധജലം ലഭ്യമായി. കുടിവെള്ളം ഒഴികെയുള്ള ആവശ്യങ്ങൾക്ക് ആളുകൾ പുഴയെ തേടിയെത്തി. കുട്ടികൾ നീന്തിക്കളിച്ചു. ശുദ്ധജലത്തിലേക്ക് മത്സ്യങ്ങൾ കൂട്ടമായെത്തി. മത്സ്യതൊഴിലാളികൾ വള്ളവും വലയുമായി വീണ്ടും ഉപജീവനം തേടി

കി.മി ദൂരമുള്ളതാണ് കുട്ടമ്പേരൂരാറ്. പമ്പയിൽ ജലം ഉയരുമ്പോൾ തെക്കോട്ട് അച്ചൻകോവിലാറ്റിലേക്കും അച്ചൻകോവിലാറ്റിൽ ജലം ഉയരുമ്പോൾ വടക്കോട്ട് പമ്പയിലേക്കും ഇരുദിശകളിലും മാറിമാറി ഒഴുകുന്ന പ്രത്യേകതയും ഇതിനുണ്ട്.

പ്രകൃതിസ്നേഹികളുടെ വിലാപവും നാട്ടുകാരുടെ നഷ്ടബോധവുമായി മാറിയ പുഴയ്ക്ക് പുനർജന്മം നല്കാമോ എന്ന ചിന്ത വളർത്തുവാൻ മാധ്യമങ്ങൾ സഹായിച്ചു.

പായലും പോളയും കടപുഴകിയ വൃക്ഷങ്ങളും കൈത ചെടികളും പുഴയെ തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിൽ എത്തിച്ചിരുന്നു. മാലിന്യങ്ങളുടെയും പ്ലാസ്റ്റിക്ക് പദാർത്ഥങ്ങളുടെയും നിക്ഷേപ ഭൂമിയായി ഇത് മാറി. പാമ്പുകളുടെയും കഴുനായിക്കളുടെയും മറ്റ് വിഷജന്തുക്കളുടെയും ആവാസകേന്ദ്രമായി മാറിയ പുഴയ്ക്ക് പുനർജന്മം നൽകണമെന്ന സാമൂഹിക ചിന്ത പഞ്ചായത്ത് ഭരണസമിതി ഏറ്റെടുത്തു. തൊഴിലുറപ്പ് മേഖലയിലെ മേറ്റുമാർ, കുടുംബശ്രീ പ്രവർത്തകർ സാമൂഹിക രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകർ എന്നിവരുടെ യോഗം ചേർന്നു. ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പുഴ പുനർനിർമ്മിക്കണമെന്ന പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിന് ആവേശം പകരുന്ന പിന്തുണ ലഭ്യമായി.

വർഷങ്ങൾക്ക് മുൻപ് പുഴ നവീകരിക്കുന്നതിന് നടത്തിയ ശ്രമത്തിൽ വള്ളം മറിഞ്ഞ് ജീവാർപ്പണം ചെയ്ത സഹോദരി സുശീല ഓമനക്കുട്ടന്റെ സഫലീകരിക്കാത്ത സ്വപ്നം പൂർത്തിയാക്കുന്ന കടമ ഞങ്ങൾ ഏറ്റെടുക്കുന്നുവെന്ന് തൊഴിലുറപ്പ് തൊഴിലാളികൾ സധൈര്യം പ്രഖ്യാപിച്ചു.

അവർ പുഴ തേടിയിറങ്ങി. 14 ഗ്രൂപ്പുകളായി തിരിഞ്ഞ് പ്രഭാതം മുതൽ പ്രദോഷം വരെ പണിയെടുത്തു. 30,000-ത്തിൽ അധികം മനുഷ്യ അധ്വാന ദിനങ്ങൾ പൂർത്തിയാക്കി. വിഷജന്തുക്കളുടെ ആക്രമണവും എലിപ്പനിയും ഡെങ്കിപനിയും തുടങ്ങി എല്ലാറ്റിനെയും പ്രതിരോധിച്ചു. പുഴയിലെ ദുർഗന്ധങ്ങൾ ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കി. ഭരണസമിതിയുടെയും ആരോഗ്യ പ്രവർത്തകരുടെയും ഇടപെടൽ അവർക്ക് ശക്തി പകർന്നു.

നാല്പത് ദിവസത്തെ അധ്വാനം കഴിഞ്ഞപ്പോഴേക്കും പായലും പോളയും കൈതയും ചെറുമരങ്ങളും മാലിന്യങ്ങളുമെല്ലാം മാറി. അച്ചൻകോവിലാറ്റിൽ നിന്നും ശുദ്ധജലം പമ്പയിലേക്ക് ഒഴുകി തുടങ്ങി. പുഴ പുനർജനിച്ചു.

ഏകദേശം 5 കി.മീ ചുറ്റളവുള്ള കിണറുകളിലെയും കുളങ്ങളിലെയും മലിനജലം മാറി ശുദ്ധജലം ലഭ്യമായി. കുടിവെള്ളം ഒഴികെയുള്ള ആവശ്യങ്ങൾക്ക് ആളുകൾ പുഴയെ തേടിയെത്തി. കുട്ടികൾ നീന്തിക്കളിച്ചു. ശുദ്ധജലത്തിലേക്ക് മത്സ്യങ്ങൾ കൂട്ടമായെത്തി. മത്സ്യതൊഴിലാളികൾ വള്ളവും വലയുമായി വീണ്ടും ഉപജീവനം തേടി.

പുഴയ്ക്ക് പുനർജന്മം നൽകിയ അപൂർവ്വ സംഭവത്തെ ദേശീയ മാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും മാതൃകയായി അവതരിപ്പിച്ചത് തൊഴിലാളികൾക്ക് ആവേശം പകരുന്ന അനുഭവമായി.

വർഷങ്ങൾക്ക് മുൻപ് ബുധനൂർ, മാന്നാർ, ചെന്നിത്തല പഞ്ചായത്തുകളിലെ കാർഷിക മേഖലയിലെ കരിമ്പുകൃഷിയെയും നെൽകൃഷിയെയും സമ്പന്നമാക്കിയത് ഈ പുഴയായിരുന്നു. ഓണാട്ടുകരയിലെയും പരിസര പ്രദേശങ്ങളിലെയും കാർഷിക ഉൽപന്നങ്ങൾ കിഴക്കിന്റെ വെനീസായ ആലപ്പുഴയിൽ എത്തിച്ച കേവുവള്ളങ്ങളുടെ ജലപാതയുമായിരുന്നു.

തിരുവാറന്മുള കണ്ണന്റെ ഉതൃട്ടാതി വള്ളംകളിക്ക് ചരിത്ര പ്രാധാന്യമുള്ള ചെന്നിത്തല പള്ളിയോടത്തിന്റെ പുണ്യപാതയും പരിസരത്തുള്ള പത്തിലധികം ക്ഷേത്രങ്ങളിലെ ദേവീദേവൻമാർനീരാട്ടുന്നപുണ്യതീർഥവുമായിരുന്നു.

ഈ ഗതകാല സ്മരണകൾ തിരിച്ച് കൊണ്ടുവരാൻ കഴിയുമോ എന്ന ചോദ്യം അവശേഷിക്കുന്നു.

എന്നും തൊഴിലുറപ്പ് തൊഴിലാളികളുടെ കഠിനാധ്വാനത്തിലൂടെ പുഴയുടെ ജീവൻ നിലനിർത്താൻ കഴിയില്ല. ഹരിതകേരളം പദ്ധതി പ്രകൃതിയെയും പുഴകളെയും സംരക്ഷിക്കാൻ നടത്തുന്ന ശ്ലാഘനീയ പ്രവർത്തനങ്ങളിൽ ഈ പുഴയുടെയും ജീവൻ നിലനിൽക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

*(ലേഖകൻ ബുധനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്. ഫോൺ : 9447565450)*

## ഹരിതകേരളം

# പാലക്കാട് ഒരു പുഴ പുനർജനിക്കുന്നു....

**ബിജു ബി**

കയ്യേറ്റവും തീരം ഇടിച്ചിലും മലിനീകരണവും ചേർന്ന് നാശോന്മുഖമാക്കിയ പാലക്കാട് ജില്ലയിലെ കിഴക്കിന്റെ പുഴയായ കോരയാറിനെ അതിന്റെ ഗതകാലപ്രൗഢിയിലേക്ക് മടക്കിക്കൊണ്ടുവരാനുള്ള ശ്രമങ്ങൾക്ക് ഇക്കൊല്ലത്തെ ലോകതൊഴിലാളി ദിനത്തിൽ തുടക്കംകുറിച്ചു. കേരളത്തിന്റെ നെല്ലറയായ പാലക്കാട് കൃഷിക്കും കന്നുകാലി വളർത്തലിനും ഉപജീവനത്തിനുമായി നിരവധി കർഷകരും വ്യാവസായിക ആവശ്യങ്ങൾക്കുള്ള ജലത്തിനായി ചെറുതും വലുതുമായ ഒട്ടേറെ വ്യവസായശാലകളും ആശ്രയിക്കുന്നത് ഈ പുഴയെയാണ്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്ത കോരയാർ പുനർജനി പദ്ധതിയുടെ ആദ്യഘട്ടം നടപ്പാക്കുന്നത് കഞ്ചിക്കോട് വ്യവസായ മേഖലയിലൂടെ ഒഴുകുന്ന 7.5 കിലോമീറ്റർ ദൂരത്താണ്.

മലിനീകരണ നിയന്ത്രണ ബോർഡിന്റെയും കഞ്ചിക്കോട് ഇൻഡസ്ട്രീസ് ഫോറം, സ്റ്റീൽ മാനുഫാക്ചേഴ്സ് അസോസിയേഷൻ കേരള, പുതുശ്ശേരി ഗ്രാമപഞ്ചായത്ത് എന്നിവയുടെയും ആഭിമുഖ്യത്തിൽ വിവിധ സർക്കാർ വകുപ്പുകളെ കോർത്തിണക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ആദ്യ ദിനത്തിൽ 200-ലധികം വരുന്ന സന്നദ്ധപ്രവർത്തകർ നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ള ഒഴുക്ക് തടസ്സപ്പെടുത്തുന്ന ഖരമാലിന്യങ്ങൾ എടുത്തു

*പാലക്കാട് ജില്ലയിൽ കോരയാറിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എം.ബി. രാജേഷ് എം.പി ഉദ്ഘാടനം ചെയ്യുന്നു*



# ലൈഫ് മിഷൻ ഗുണഭോക്തൃ സർവേ പട്ടിക പ്രസിദ്ധീകരിച്ചു




ലൈഫ് മിഷൻ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ നടത്തിയ സർവേ വിവരങ്ങൾ പ്രസിദ്ധീകരിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനപരിധിയിലെ കരട് ഗുണഭോക്തൃ പട്ടിക യൂസർനെയിം, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് www.lifemission.org.in ൽ നിന്നും ഡൗൺലോഡ് ചെയ്യാം. കരട് പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികൾ പരിശോധിച്ച് അനർഹരെ ഒഴിവാക്കി 2017 ജൂലൈ 30ന് പ്രസിദ്ധപ്പെടുത്തും. ഇതു സംബന്ധിച്ച ആക്ഷേപങ്ങൾ രണ്ടു ഘട്ടങ്ങളിലായി പരിശോധിച്ച്, പട്ടിക ആഗസ്റ്റ് 31ന് പുനഃപ്രസീകരിക്കും. സെപ്റ്റംബർ ഒന്ന് മുതൽ 20 വരെയുള്ള കാലയളവിൽ പ്രത്യേക ഗ്രാമസഭ/വാർഡ് സഭ കൂടി അംഗീകരിക്കുന്ന പട്ടിക ഭരണസമിതികൾ അംഗീകരിച്ച് അന്തിമ ഗുണഭോക്തൃ പട്ടിക സെപ്റ്റംബർ 25ന് പ്രസിദ്ധീകരിക്കും.

ലൈഫ് സർവേയുടെ കരട് ഗുണഭോക്തൃ പട്ടികയുടെ പ്രസിദ്ധീകരണം, അപ്പീൽ നടപടികൾ, അന്തിമ ഗുണഭോക്തൃ പട്ടികയുടെ പ്രസിദ്ധീകരണം എന്നിവ സംബന്ധിച്ച വിവരങ്ങൾ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി ജനങ്ങളിൽ എത്തിക്കുന്നതിന് വേണ്ട നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരും കുടുംബശ്രീ ജില്ലാ മിഷൻ കോ- ഓർഡിനേറ്റർമാരും സ്വീകരിക്കണമെന്ന് ലൈഫ് മിഷൻ സി.ഇ.ഒ അറിയിച്ചു.

നീക്കി പുഴയെ ശുദ്ധീകരിക്കുകയാണ് ചെയ്തത്. തുടർപ്രവർത്തനത്തിന്റെ ഭാഗമായി പുഴയിലൂടെ പുഴ നടത്തവും പുഴ വൃത്തിയാക്കലും സംഘടിപ്പിച്ചു. പുഴ നവീകരണത്തിന് വേഗം കൂട്ടാനായി എസ്‌കവേറ്ററും ജെസിബി ഉൾപ്പെടെയുള്ള യന്ത്ര സംവിധാനങ്ങളും ഉപയോഗപ്പെടുത്തി പുഴയിലും തടയണയിലും അടിഞ്ഞുകൂടിയ ചെളിയും മറ്റു വസ്തുക്കളും കോരിമാറ്റി ജലസംഭരണശേഷിയും നീരൊഴുക്ക വർദ്ധിപ്പിക്കുന്ന പ്രവൃത്തിയും പുഴയുടെ അരിക് ബലപ്പെടുത്തുന്ന പ്രവൃത്തിയും നടന്നുവരുന്നു. ആദ്യം പണിപൂർത്തിയായ 1.5 കിലോമീറ്റർ പ്രദേശം പാർക്ക് ആയി വികസിപ്പിക്കും. ഇക്കൊല്ലത്തെ ലോക പരിസ്ഥിതി ദിനത്തിൽ പുഴയോരത്ത് 120 മുളതൈകൾ ഉൾപ്പെടെ 1111 വൃക്ഷതൈകൾ വച്ചുപിടിപ്പിച്ചു.

സർക്കാർ ഖജനാവിനെ ആശ്രയിക്കാതെ പൂർണ്ണമായും ചെറുതും വലുതുമായ വ്യവസായശാലകളുടെ സാമൂഹിക പ്രതിജ്ഞാബദ്ധതാനിധിയിൽ നിന്നും മൂലധനം കണ്ടെത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

പുഴയുടെ വിശുദ്ധിയും ആരോഗ്യവും പരിരക്ഷിക്കുന്നതിനും പുഴ സംരക്ഷണപ്രവർത്തനങ്ങളുടെ തുടർച്ചയും വളർച്ചയും നിരന്തരമായ മെച്ചപ്പെടലും ഉറപ്പാക്കുന്നതിനുമായി എല്ലാ മാസവും നാലാമത്തെ ഞായറാഴ്ച പുഴ സംരക്ഷണസമിതിയുടെ മീറ്റിംഗും പ്രവർത്തനം വിലയിരുത്തലും രണ്ടാമത്തെ ശനിയാഴ്ച പുഴ നടത്തവും വിഭാവനം ചെയ്തിട്ടുണ്ട്. പുഴയുടെ വൃഷ്ടിപ്രദേശത്തു വരുന്ന എല്ലാ സ്ഥാപനങ്ങളിലും ഭൂമിയുടെ ലഭ്യത അനുസരിച്ച് 10 മുതൽ 100 വരെ വൃക്ഷതൈകൾ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുകയും മഴക്കുഴികളും മഴവെളളസംഭരണികളും നിർമ്മിച്ച് പ്രദേശത്തെ ജലലഭ്യതയും ഭൂഗർഭ ജലവിതാനവും ഉയർത്തുകയും ചെയ്യും. ഇതിലൂടെ പുഴയുടെ വൃഷ്ടിപ്രദേശങ്ങളുടെ പുനരുദ്ധാരണവും തദ്വാര പുഴയുടെ പൂർണ്ണമായ പുനരുജ്ജീവനവും സാദ്ധ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

*(ലേഖകൻ പാലക്കാട് ജില്ലാ എൻവയോൺമെന്റൽ എഞ്ചിനീയറാണ്.)*

രാഗം ജനപ്രിയം

# സമൃക്കായ ഗീതം – സംഗീതം

**തിരുവനന്തപുരം ആർ. മഹാദേവൻ**

"സംഗീതം ഒരു ധാർമ്മികനിയമമാണ്
പ്രപഞ്ചത്തിന് ആത്മാവിനെ നൽകുന്നത്
മനസ്സിന് ചിറകുകൾ നൽകുന്നത്
ഭാവനയ്ക്ക് പറവ നൽകുന്നത്
ജീവിതത്തിന് മനോജ്ഞതയും ആനന്ദവും
നൽകുന്നത്"

-പ്ലേറ്റോ-

സുകുമാരകലകളിൽ വളരെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് സംഗീതം. സംഗീതം മനുഷ്യ ജീവിതത്തിൽ വളരെ പ്രധാന പങ്കുവഹിക്കുന്നു. ഇമ്പമുള്ള സംഗീതം മനസ്സിന് സന്തോഷവും ശാന്തതയും പ്രദാനം ചെയ്യുന്നു. ജിംനാസ്റ്റിക് ശരീരവികാസത്തിനും ഗണിതശാസ്ത്രം ബുദ്ധി വികാസത്തിനും സംഗീതം ആത്മാവിനെ അറിയുന്നതിനും സഹായിക്കുന്നു.

സംഗീതം മനുഷ്യരെ മാത്രമല്ല മറ്റ് ജീവജാലങ്ങളെയും വളരെയേറെ സ്വാധീനിക്കുന്നു എന്ന് ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. 64 കലകളിൽ പ്രമുഖസ്ഥാനം സംഗീതത്തിനുണ്ട്. ശ്രുതി അമ്മയും ലയം (താളം) അച്ഛനും അതിലൂടെ സംഗീതവും ജനിക്കുന്നു. ലയത്തിനെ താളമെന്നും കാലമെന്നും പറയാം. പ്രകൃതിയും എല്ലാ ജീവജാലങ്ങളും താളവുമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മൾ സസൂക്ഷമം ശ്രദ്ധിച്ചാൽ മനസ്സിലാകും, ഈ പ്രപഞ്ചം തന്നെ ഒരു ലയത്തിൽ അധിഷ്ഠിതമാണെന്ന്. ഉദാഹരണത്തിന് ദിന രാത്രങ്ങൾ, ഋതുക്കൾ, ഹൃദയമിടിപ്പ് തുടങ്ങിയവ.

സംഗീതത്തിന് മനസ്സിനെ സ്വാധീനിക്കാൻ അപാരമായ ശക്തിയുണ്ടെന്ന് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകളെ ഒരു പരിധിവരെ കുറയ്ക്കാൻ സംഗീതത്തിനു സാധിക്കും. ഈ പഠനങ്ങളിലൂടെ രൂപാന്തരപ്പെട്ടതാണ് മ്യൂസിക് തെറാപ്പി. ഇന്ന് ലോകം മുഴുവൻ ഹോളിസ്റ്റിക് മെഡിസിൻ വിഭാഗത്തിൽ മ്യൂസിക് തെറാപ്പിയും ഒരു ചികിത്സാ സമ്പ്രദായമായി വർത്തിക്കുന്നു. സംഗീതത്തിന്റെ ആസ്വാദനം പ്രധാനമായും 3 തലങ്ങളിലാണ്. 1) കേൾക്കുക 2) പഠിക്കുക 3) അവതരിപ്പിക്കുക. ഇതിൽ ആദ്യതലമെന്നത് കേൾക്കുക എന്നുള്ളതാണ്. കേൾവിയിലൂടെ മാത്രമേ പൂർണ്ണമായ ആസ്വാദനവും അനുഭവവും ശ്രോതാവിനു ലഭിക്കു എന്നുള്ളതാണ് പ്രത്യേകത. അതായത് സംഗീതം കേൾക്കുന്ന ഒരാൾക്ക് ടെൻഷൻ, ദേഷ്യം, അസ്വസ്ഥത തുടങ്ങിയ എല്ലാ വികാരങ്ങളെയും നിയന്ത്രിക്കാൻ സാധിക്കുന്നു. മനുഷ്യമനസ്സിൽ മാത്രമല്ല പ്രകൃതിയിൽപ്പോലും സ്വാധീനം ചെലുത്താൻ ഈ കലയ്ക്കു സാധിക്കും. കർണ്ണാടക സംഗീതത്തിലെ ത്രിമൂർത്തികളിൽ ഒരാളായ മുത്തുസ്വാമി ദീക്ഷിതർ ആനന്ദാമൃതവർഷിണി എന്ന അമൃതവർഷിണി രാഗത്തിലുള്ള കീർത്തനം രചിച്ച് പാടി മഴ പെയ്യിച്ചു എന്നു പറയപ്പെടുന്നു. ഇതുപോലെ മഹാനായ താൻസൻ ചക്രവർത്തി അക്ബറിന്റെ രാജസദസ്സിൽ ദീപക് രാഗം പാടുകയും അവിടെ അത്യുഷ്ണം ഉണ്ടാവുകയും താൻസൻ അടക്കമുള്ളവർക്ക് പൊള്ളലേൽക്കുകയും അവിടുത്തെ ഈ അത്യുഷ്ണം മാറാനായി മേഘമൽഹാർ രാഗം പാടി മഴ പെയ്യിച്ചു എന്നും നമ്മൾ കേട്ടിട്ടുണ്ട്.

സംഗീതം ഒരു ലോകഭാഷയാണ്. ജാതി-മതഭേദങ്ങൾ, ഭാഷാന്തരങ്ങൾ, രാജ്യാന്തരങ്ങൾ, സംസ്കാര വ്യത്യാസങ്ങൾ ഇവ ഒന്നും തന്നെ സംഗീതത്തിന് അതിർവരമ്പുകളാകുന്നില്ല. മനുഷ്യമനസ്സിലുള്ള എല്ലാ തരത്തിലുള്ള അതിരുകളെയും ഇല്ലാതാക്കാനുള്ള ശക്തി സംഗീതത്തിനുണ്ട്.

ഇന്നത്തെ വേഗത്തിലുള്ള ദൈനംദിനജീവിതചര്യയിൽ ദിവസവും ഒരു 15 മിനിട്ട് ഏതെങ്കിലും സംഗീതം കേൾക്കുവാൻ സാധിച്ചാൽ അത് ഇന്നത്തെ മനുഷ്യമനസ്സിലെ പ്രശ്നങ്ങൾക്ക് ഒരു സിദ്ധൗഷധമാകും എന്നുറപ്പാണ്.



*ലേഖകൻ വയലിനിസ്റ്റും കമ്പോസറും സംഗീതാദ്ധ്യാപകനമാണ്. ഫോൺ- 9447767686*

# ...എന്റെ വായനക്കാർ

## അഭിനന്ദനങ്ങൾ

ഞാനൊരു പഞ്ചായത്ത് ജീവനക്കാരനാണ്. ഇപ്പോൾ ഓരോ മാസാവസാനവും പഞ്ചായത്ത്‌രാജ് മാസിക വരുന്നത് പ്രതീക്ഷിച്ചിരിക്കും. പുതുമയുള്ള പംക്തികൾ വായിക്കാൻ. പ്രകൃതിയെ വീണ്ടെടുക്കുന്നതിന്റെ വിജയഗാഥകൾ അറിയാൻ. വായനയ്ക്ക് സമൃദ്ധമായ വിഭവങ്ങൾ വിളമ്പുന്ന മാസികയുടെ എല്ലാ പ്രവർത്തകർക്കും സ്നേഹം അറിയിക്കുന്നു.

ബൈജു, കാലടി

## അനുഭവകഥകൾ

പഞ്ചായത്ത്‌രാജ് മാസികയുടെ ജൂൺ ലക്കം മികച്ചതായി. കേരളം ഹരിതാഭമാക്കുന്നതിനും നമുക്ക് നഷ്ടപ്പെട്ടുമെന്നു കരുതിയ പുഴകളും ആറുകളും തണ്ണീർതടങ്ങളും വീണ്ടെടുക്കുന്നതിനും ജനങ്ങൾ ഒന്നായി മുന്നിട്ടിറങ്ങിയ അനുഭവകഥകൾ വായനക്കാരിലെത്തിച്ച പഞ്ചായത്ത്‌രാജിന് പ്രത്യേകം നന്ദി. കേവലം പ്രസംഗങ്ങൾക്കും ഉദ്ഘാടനങ്ങൾക്കും ഉപരിയായി മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും ഇത്തരം പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുവെന്നത് മാതൃകാപരമാണ്. സംസ്ഥാനത്താകെ ഇതു വ്യാപകമാകണം. ഇനിയും ഉണരാത്ത പഞ്ചായത്തുകളുടെയും നഗരസഭകളുടെയും മിഴി തുറപ്പിക്കുന്നതാണ് ജൂൺ ലക്കം - അഭിനന്ദനങ്ങൾ.

ജോജി, തൊടുപുഴ

## ഹൃദയസ്പർശിയായി

ജീവിതവും ലോകവും നന്മകൾ നിറയ്ക്കാനുള്ള ആഹ്വാനവുമായി വന്ന പഞ്ചായത്ത്‌രാജ് ജൂൺ ലക്കം ശ്രദ്ധാർഹമായി. ആർ.വി.ജി. മേനോൻ സാറിന്റെ ലേഖനം ചെറുതെങ്കിലും വസ്തുതാപരമായി മികച്ചു നിന്നു. കളത്തറ ഗോപന്റെ പായ്ക്കപ്പ് എന്ന കവിത ജീവിതത്തിന്റെ നാടകീയത ഹൃദയസ്പർശിയായി വരച്ചുകാട്ടി. ഹരിതകേരളത്തിന്റെ അനുഭവസംക്രമണം അനുകരണീയമായി തോന്നി. ഇനിയും മാസിക വളരട്ടെ.

ഹർഷൻ, ചേർത്തല

## കണ്ണും കാതും

വീ.സീ.അഭിലാഷ്

